# ക്രിസ്തുചരിതം

Jawahar Balbhavan & Children's Library
KOTTAYAM.

NATIONAL BOOK STALL
SPCS LTD.
KOTTAYAM.

(Malayalam)

CHRISTUCHARITAM

By MALI

First Published January 1967

Copies 1500

Printed at

INDIA PRESS, KOTTAYAM

Price Rs. 1.50

Copyright

Mrs. Malathi M. Nair

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

New English Bible, New Testament, Copyright 1961, by permission of Oxford & Cambridge University Presses.

# ക്രിസ്തുചരിതം

Jawahar Balbhavan & Children's Library
KOTTAYAM.
4396

മാലി

This is a good story.

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1,50

## മാലിയുടെ കൃതികൾ

ഉണ്ണിക്കുള്ള ജന്തുകഥകൾ
ഉണ്ണികളേ, കഥ പറയാം
ഉണ്ണികളേ, ഇനിയും കഥ പറയാം
ജീവനുള്ള പ്രതിമ
ജന്തുസ്ഥാൻ
മാലിരാമായണം
മാലിഭാരതം
പോരാട്ടം
സക്സ്സ്
ക്രിസ്തുചരിതം

S1892 B1168 64/66-67 1-1500 OR 181

# അവതാരിക

കുട്ടികൾക്കായുള്ള മാലിയുടെ 'ക്രിസ്തുചരിത'ത്തിന്ന് അവതാരകമായി ഏതാനും വാക്കുകൾ കുറിക്കുവാൻ എനിക്ക് അനല്പമായ സന്തോഷമുണ്ട്. ബാലസാഹിത്യരചനയ്ക്കു പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ആളാണു മാലി. ക്രിസ്തുചരിതത്തിൻെറ ഇംഗ്ലീഷിലുള്ള കൈയെഴുത്തുപ്രതി മാത്രമേ ഞാൻ കണ്ടിട്ടുള്ളു. സുവിശേഷഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രിസ്തുജീവിതത്തിലെ സംഭവങ്ങൾ മൂലഗ്രന്ഥത്തോടു വിശ്വാസ്യതപാലിച്ചുകൊണ്ട് അനുസ്യൂതമായ ഒരു ആഖ്യാനത്തിൽ സംയോജിപ്പിച്ചിരിക്കുന്ന ആ രീതി അദ്ദേഹത്തിന്റെ വിവേചനാസാമർത്ഥ്യത്തിനും ഔചിത്യബോധത്തിനും സാക്ഷ്യം വഹിക്കുന്നു. ഇതിനേക്കാളെല്ലാം പ്രശംസനീയമായിരിക്കുന്നതു് അദ്ദേഹത്തിന്റെ ഉദ്ദേശ്യമാണ്: അതായതു്, കുട്ടികളുടെ സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ നന്മയ്ക്കു നമുക്കാശിക്കാവുന്ന ഏററവും ഉൽകൃഷ്ടമായ പ്രബോധനം ആരെപ്പററി അറിയുകയാണോ, കഴിഞ്ഞ രണ്ടായിരം കൊല്ലമായി മററാരെക്കാളും ചരിത്രത്തിൽ സ്വാധീനതചെലുത്തിയിട്ടുള്ള ആ മഹാപുരുഷൻെറ ജീവിതചരിതം അവരുടെ മുമ്പിൽ അവതരിപ്പിക്കുക എന്നുള്ളതു്. ഈ പുസ്തകത്തിനു കുട്ടികളുടെ ഹൃദയത്തിലും കുട്ടികൾക്കായുള്ള ഗ്രന്ഥശാലകളിലെ അലമാരകളിലും ഒരു സ്ഥാനം ലഭിക്കുമെന്നു ഞാൻ ആശിക്കുന്നു.

നാഗ്പൂർ — റൈററ് റവ. ജെ. ഡബ്ള്യൂ. സാദിക്ക്
10–6–1966 — ബിഷോപ്പ് ആഫ് നാഗ്പൂർ

നിങ്ങൾ തെററ് ചെയ്യുമ്പോൾ
ക്ഷമിക്കണേ എന്ന് യേശു
വീണ്ടും സംസാരിക്കും!

# ആമുഖം

അക്ഷരജ്ഞാനമില്ലാത്ത കുട്ടികൾ ആധുനികകേരളത്തിലില്ല. അറിയാനും വായിക്കാനുമുള്ള അഭിലാഷം, അതുകൊണ്ടു്, ഇവിടെ സാവ്വത്രികമാണു്. ഹൃദയത്തിൻെറ ഈ രുചിയും വിശപ്പും ആരോഗ്യദായകമായ ഒരനുഗ്രഹമാവും, ആത്മീയവും മാനസികവുമായ ഉൽക്കൃഷ്ടഭാവങ്ങളെ ഉത്തേജിപ്പിക്കുന്ന ഹിതാഹാരം യഥാഹ്ഹം നൽകാൻ കഴിഞ്ഞാൽ. ഈ വിഷയത്തിൽ മലയാളഭാഷ ഇനിയും സമ്പന്നയോ സമത്ഥയോ ആയിക്കഴിഞ്ഞിട്ടില്ല. ബാലസാഹിത്യവിഭാഗം ഇന്നും അവികസിതമാണു്; അതിദരിദ്രമാണു്. ബാലമനോവിജ്ഞാനീയത്തിന്റെ ഗന്ധമില്ലാത്തവരാണു മിക്കപ്പോഴും കുട്ടികൾക്കുവേണ്ടി, പാകം നോക്കാതെ, രുചിയും ഹിതവും അറിയാതെ, ഗ്രന്ഥങ്ങൾ എഴുതുന്നതു്.

'മാലി' അക്കൂട്ടത്തിൽപ്പെട്ട ഒരു ബാലസാഹിത്യകൃത്തല്ല. കുട്ടികളുടെ അഭിരുചി അറിയാം മാലിക്കു്. ആവശ്യമറിയാം; ഹിതാഹിതങ്ങൾ അറിയാം. അവരുടെ കൗതുകവും ജിജ്ഞാസയും വദ്ധിപ്പിച്ചുകൊണ്ടു തന്നെ സംസാരിക്കാനുതകുന്ന ഭാഷാശൈലിയും പ്രതിപാദനരീതിയും അദ്ദേഹത്തിനു സ്വാധീനമാണു്. ബോധതലത്തിൽ കൂടുതൽ വെളിച്ചം, ഹൃദയത്തിൽ കൂടുതൽ വികാസം, ജീവിതത്തോടു് ആരോഗ്യദ്യോതകമായ ആഭിമുഖ്യം,—മാലി കുട്ടികൾക്കു പുസ്തകങ്ങൾ എഴുതുമ്പോൾ ഈ കുട്ടികളുടെ സുഹൃത്തിന്റെ മുൻപിൽ നിന്നു് ഈ ലക്ഷ്യങ്ങൾ മാഞ്ഞുപോകാറില്ലെന്നു തോന്നുന്നു. ഈയിടെ 'മാലി' കേരളത്തിലെ കുരുന്നുകൈകൾക്കു സമ്മാനിച്ച 'ജന്തുസ്ഥാൻ' അവർ കൈയിൽ നിന്നു താഴത്തു വയ്ക്കുന്നില്ല എന്നു് എനിക്കറിയാം,

കുട്ടികൾക്കുവേണ്ടി എഴുതുന്നവർ തജ്ജ്ഞമക്കാരായിരുന്നാൽ പോരാ. ഒരു പറ ഉള്ളിലുള്ളവക്കേ ഒരിടങ്ങഴി അവക്കു പകർന്നുകൊടുക്കുവാൻ കഴിയുകയുള്ളു. 'മാലി' ബൈബിളും ക്രൈസ്റ്റിൻെറ ജീവിതത്തിൻെറ വെളിച്ചം തുളുമ്പുന്ന മററു പല കൃതികളും പല തവണ വായിച്ച് ഹൃദയത്തിൽ വിലയിപ്പിച്ചതിനുശേഷമാണ് ഈ കൊച്ചു പുസ്തകം എഴുതിയിട്ടുള്ളതു്. എഴുതുകയല്ലാ, പറയുകയാണ് ഇവിടെ. ഒഴുകിവരുന്ന ഭാഷ, കുട്ടികളുടെ മനസ്സിനെ താലോലിച്ചറിയാതെ എടുത്തുകൊണ്ടുപോകുന്ന ശൈലി. സംവാദങ്ങളിലും സംഭവങ്ങളിലും കഥകളിലുംകൂടി, സ്ഥലകാലങ്ങളുടെ യവനികയിൽ ദൈവപുത്രൻെറ ചരിത്രം ചുരുൾ നിവൎന്നു ചുരുൾ നിവൎന്നു തെളിഞ്ഞുവരുന്നു. കൗതുകകരം, ഉന്മേഷകരം, ഉൽക്കൎഷകരം.

16–12–'66 —ജി.

“കുട്ടികൾ എൻെറ അടുക്കലേക്കു വന്നു കൊള്ളട്ടെ; അവരെ തടുത്തുനിർത്താൻ ശ്രമിക്കരുതു്; എന്തെന്നാൽ, അവരെപ്പോലെ ഉള്ളവർക്കാണു് സ്വർഗ്ഗരാജ്യം.”

—യേശുക്രിസ്തു

Jawahar Balbhavan & Children's Library
KOTTAYAM.

സുവിശേഷം എഴുതിയ
മത്തായി മർക്കോസ് ലൂക്കോസ് യോഹന്നാൻ
എന്നീ നാലുപേർക്കും കുറിപ്പുകൈ

ഉണ്ണികളെ, ഞാനൊരു രാജാവിൻെറ കഥ പറയാം.

വാസ്തവത്തിൽ രാജാവു് എന്നു മതിയോ? പോരാ. രാജാക്കന്മാരുടെ രാജാവു് എന്നു വേണം. അത്ര മാഹാത്മ്യമുള്ള ഒരാൾ!

സാധാരണ രാജാക്കന്മാക്കു് എന്തൊക്കെയുണ്ടു്? സ്വൎണ്ണസിംഹാസനം, ചെങ്കോൽ, മണിക്കിരീടം, രത്നാഭരണങ്ങൾ, പട്ടുവസ്ത്രങ്ങൾ. നമ്മുടെ കഥാനായകനോ? സ്വൎണ്ണസിംഹാസനം ഇല്ല. ചെങ്കോൽ ഇല്ല. മണിക്കിരീടം ഇല്ല. രത്നാഭരണങ്ങൾ ഇല്ല. പട്ടുവസ്ത്രങ്ങൾ ഇല്ല. എന്നിട്ടും അദ്ദേഹം സാമ്രാജ്യം ഭരിച്ചു. എന്തിനാൽ ഭരിച്ചു? സ്നേഹത്താൽ ഭരിച്ചു. സ്നേഹത്തിൻെറ സാമ്രാജ്യമാണു് ആ സാമ്രാജ്യം.

ആരാണു് രാജാക്കന്മാരുടെ രാജാവു്? മററാരുമല്ല. യേശുക്രിസ്തുതന്നെ.

യേശുക്രിസ്തു! ആ തിരുനാമം അഞ്ചു ഭൂഖണ്ഡങ്ങളിലും വാഴ്ത്തപ്പെടുന്നു. എല്ലാ വൎഗ്ഗക്കാരാലും വാഴ്ത്തപ്പെടുന്നു. രണ്ടായിരം വൎഷങ്ങളായി വാഴ്ത്തപ്പെടുന്നു. ഇനിയും വാഴ്ത്തപ്പെടും—മനുഷ്യജാതി ഉള്ളകാലത്തോളം!

മനുഷ്യരുടെ പാപം—അതു മലപോലെ കൂടിക്കിടന്നു. ആ പാപത്തിൻെറ മല ചുമന്നു, ക്രിസ്തു—മനുഷ്യരെ രക്ഷിക്കാൻവേണ്ടി.

സ്നേഹം, സ്നേഹം, സ്വൎഗ്ഗീയമായ സ്നേഹം! ആ സ്നേഹം മനുഷ്യൻെറ രൂപം ധരിച്ചാലോ? അതായിരിക്കും ക്രിസ്തു.

ക്രിസ്തു ഒരു പാനപാത്രം നീട്ടി, മനുഷ്യരുടെ നേക്കു്. ആ പാനപാത്രത്തിൽ സ്നേഹാമൃതം തുളുമ്പിനിന്നു. ആ പാനപാത്രത്തിലെ സ്നേഹാമൃതം കുടിച്ചാലും കുടിച്ചാലും തീരുകയില്ല. ആ പാനപാത്രത്തെ ചില മനുഷ്യർ തട്ടിയെറിഞ്ഞു. ആ പാനപാത്രം നീട്ടിയതിനു ഘോരമായ ശിക്ഷയും നല്കി. അവർ ക്രിസ്തുവിനെ കുരിശിൽ തറച്ചു കൊന്നു.

പക്ഷേ, ക്രിസ്തുവിന്റെ മരണം—മഹത്തായ ഒരു വിജയം! സ്നേഹത്തിൻെറ വിജയം! ലോകം ഇന്നും ആ വിജയം ഓൎമ്മിക്കുന്നു. ഓൎമ്മിച്ചു് കോൾമയിർക്കൊള്ളുന്നു.

ഞാൻ ആ കഥ പറയുകയാണു്. സ്നേഹത്തിൻെറ കഥ. ത്യാഗത്തിൻെറ കഥ. കണ്ണുനീരിൻെറയും കഥ.

ശരി. തുടങ്ങാം.

# ക്രിസ്തുചരിതം

"ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നിനക്കു് ഒരു മകൻ പിറക്കും. നീ അവനു് യേശു എന്നു പേരിടണം. അവൻ ദൈവപുത്രൻ എന്ന സ്ഥാനപ്പേരു വഹിക്കും. അവൻ എന്നെന്നേക്കും യിസ്രായേലിലെ രാജാവായി വാഴും. അവൻെറ ഭരണം അവസാനിക്കയില്ല!" ദൈവദൂതനായ ഗബ്രിയേൽ പറഞ്ഞു.

മറിയ അമ്പരന്നു.

പ്രത്യക്ഷപ്പെട്ടുന്നതോ, ദൈവദൂതൻ! മുന്നറിയിപ്പോ, ഇല്ല താനും. അറിയിക്കുന്നതോ, മഹാഭാഗ്യത്തെക്കുറിച്ചും. ആരുതന്നെ അമ്പരക്കയില്ല!

"മറിയേ, ദൈവാത്മാവു നിന്നിൽ പ്രവേശിക്കും. ദൈവശക്തി നിന്നിൽ നിറയും. അതിനാൽ നിൻെറ പുത്രൻ ദൈവപുത്രൻ എന്നു വിളിക്കപ്പെട്ടും. അത്രയും മാത്രമല്ല, നിൻെറ ചാർച്ചക്കാരി എലീശബെത്തു് വാർദ്ധക്യത്തിൽ പുത്രനെ ഗർഭത്തിൽ വഹിക്കുന്നു. പ്രസവിക്കയില്ലെന്നു കരുതപ്പെട്ടുന്ന അവൾക്കു് ഗർഭം ആറുമാസമായി. ദൈവത്തിൻെറ വാഗ്ദാനം നിഷ്ഫലമാകയില്ല!" ദൈവദൂതൻ തുടർന്നു പറഞ്ഞു.

മറിയയുടെ ഹൃദയത്തിൽ ദൈവഭക്തി നിറഞ്ഞു. ദൈവത്തോടുള്ള നന്ദിയും.

"ഞാൻ ദൈവത്തിൻെറ ദാസി. അങ്ങു് അറിയിച്ചപോലെ സംഭവിക്കട്ടെ!" അത്രയും മാത്രമേ മറിയ പറഞ്ഞുള്ളു.

ഗബ്രിയേൽ മറഞ്ഞു.

മറിയ പുറപ്പാടായി, എലീശബെത്തിനെ കാണാൻ.

തെല്ലു ദൂരെയാണു് എലീശ്ബെത്തിൻെറ താമസം.

യഹൂദരുടെ രാജ്യമാണു് യിസ്രായേൽ. ഗലീല എന്നൊരു ദേശമുണ്ടു് യിസ്രായേലിൽ. നസറെത്തു് എന്നൊരു പട്ടണമുണ്ടു് ഗലീലയിൽ. നസറെത്തു്കാരിയാണു് കന്യകയായ മറിയ.

എലീശബെത്തിൻെറ ഭർത്താവാണ് സെഖര്യാവ്. പുരോഹിതനാണ് അദ്ദേഹം. ഭക്തരാണ് ഭർത്താവും ഭാര്യയും. ശ്രദ്ധരും. എങ്കിലും ദുഃഖിതരാണ്. മക്കളില്ല. ദുഃഖം തെറേറാ?

ആറുമാസം മുമ്പ് ഒരു ദിവസം. അന്നു ഗബ്രിയേൽ പ്രത്യക്ഷനായി, സെഖര്യാവിൻെറ മുമ്പിൽ.

സെഖര്യാവ് പതറിപ്പോയി.

"സെഖര്യാവേ, ഭയം വേണ്ട. നിൻെറ പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നു. നിന്റെ ഭാര്യ, എലീശബെത്ത്, നിനക്കൊരു പുത്രനെ തരും. നീ അവന്ന് യോഹന്നാൻ എന്നു പേരിടണം. നിൻെറ ഹൃദയം ആനന്ദംകൊണ്ടു തുടിക്കും. നിൻെറ പുത്രൻ ജനിച്ചതിൽ അനേകംപേർ സന്തോഷിക്കും. എന്തെന്നാൽ, ദൈവത്തിൻെറ കണ്ണിൽ അവൻ മഹാനായിരിക്കും!" ഗബ്രിയേൽ പറഞ്ഞു.

"ഞാൻ വൃദ്ധനാണ്. എന്റെ ഭാര്യക്കും വയസ്സായി. ഞാനിതു് എങ്ങനെ വിശ്വസിക്കും?" സെഖര്യാവ് സംശയം ചോദിച്ചു.

"ഞാൻ ഗബ്രിയേലാണ്. ഞാൻ ദൈവത്തെ സേവിച്ചു നില്ക്കുന്നു. നിന്നോടു സംസാരിക്കാൻ, ഈ സന്തോഷവാർത്ത നിന്നെ അറിയിക്കാൻ, അയയ്ക്കപ്പെട്ടിരിക്കയാണ് ഞാൻ. എന്നാൽ ഒന്നു കേൾക്കൂ. നീ എന്നെ അവിശ്വസിച്ചിരിക്കുന്നു. അതിനാൽ നീ ഊമയായിപ്പോകും—ഞാൻ സൂചിപ്പിച്ച സംഭവം നടക്കുന്ന ദിവസംവരെ. അന്ന് എൻെറ വാക്കു സത്യമെന്നു തെളിയും." ഇത്രയും പറഞ്ഞിട്ട് ഗബ്രിയേൽ മറഞ്ഞു.

ദൈവാലയത്തിനുള്ളിൽ പ്രാർത്ഥിക്കയാണ് സെഖര്യാവ്. പുറത്തു കാത്തുനില്പുണ്ട് അനേകം ആളുകൾ. നേരം വളരെയായി. എന്നിട്ടും എന്തേ സെഖര്യാവ് പുറത്തു വരാത്തതു്? എന്തോ കുഴപ്പമുണ്ടോ? ആളുകൾക്കു സംശയമായി. കുറച്ചുനേരം കഴിഞ്ഞു. സെഖര്യാവ് ഇറങ്ങിവരുന്നു. അവരോട് ആംഗ്യംകാണിക്കുന്നു. സംസാരിക്കുന്നില്ല. സംസാരിക്കാൻ സാധിക്കുന്നില്ല. ഊമയായിപ്പോയിരിക്കുന്നു!

അതിനുശേഷം ആറുമാസമായി. അപ്പോഴാണ് മറിയയ്ക്കു ദൈവദൂതൻ ദർശനം അരുളിയതു്.

മറിയ എലീശബെത്തിൻെറ വീട്ടിൽ എത്തിച്ചേർന്നു.

എലീശബെത്തിന്ന് വന്ദനം പറഞ്ഞു. മറിയയുടെ സ്വരം കേട്ടതേയുള്ളൂ. എലീശബെത്തിൻെറ വയററിലില്ലേ കുഞ്ഞു്? ആ കുഞ്ഞു് ഒന്നിളകി!

“മറിയേ, ദൈവാനുഗ്രഹം മററെല്ലാ സ്ത്രീകളെക്കാളും നിന്നി ലുണ്ട്. നിൻെറ വയററിലെ കുഞ്ഞിലും. എൻെറ കത്താവിൻെറ അമ്മയായ നീ എന്നെ വന്നു കാണുകയോ? എന്താണിതു്? അത്രയ്ക്കു് അഹ്തയുണ്ടോ എനിക്കു്? നിൻെറ വന്ദനം എൻെറ ചെവിയിൽ പതിച്ചതേയുള്ളു, എൻെറ വയററിലെ കുഞ്ഞു് ആനന്ദംകൊണ്ടു തുള്ളിപ്പോയി! ദൈവത്തിന്റെ വാഗ്ദാനം നിറവേറും—ആ വിശ്വാസമുള്ളവൾക്കു് എത്രയാണു സന്തോഷം!” എലീശബെത്തു് ആവേശത്തോടെ പറഞ്ഞു.

മറിയയോ? ആനന്ദത്തിൻെറ തള്ളിച്ചയിൽ മതിമറന്നു. മറക്കാതിരിക്കുമോ? കത്താവിൻെറ അമ്മയാകാൻപോകയല്ലേ?

മൂന്നുമാസം മറിയ എലീശബെത്തിനോടുകൂടി താമസിച്ചു. അതിനുശേഷം സ്വഗൃഹത്തിൽ മടങ്ങിപ്പോയി.

മറിയയുടെ വിവാഹം മുമ്പേ നിശ്ചയിച്ചിരുന്നു. യോസേഫ് എന്നൊരു മരപ്പണിക്കാരനുണ്ടു്. അയാളാണു് വരൻ.

യോസേഫിനു സ്വപ്നത്തിൽ പ്രത്യക്ഷനായി ദൈവദൂതൻ.

“മറിയയെ വിവാഹംകഴിക്കാൻ ശങ്ക വേണ്ട. ദൈവാത്മാവിനാലാണു് അവളുടെ ഗർഭം. അവളൊരു പുത്രനെ പ്രസവിക്കും. നീ അവനു് യേശു (രക്ഷകൻ) എന്നു പേരിടണം. എന്തെന്നാൽ, അവൻ മനുഷ്യരെ പാപത്തിൽനിന്നു രക്ഷിക്കും!”

മറിയയും യോസേഫും ഭായ്യാഭത്താക്കന്മാരായി.

യഥാകാലം എലീശബെത്ത് പുത്രനെ പ്രസവിച്ചു.

ബന്ധുക്കളെല്ലാം വന്നെത്തി. കുട്ടിക്കു പേരിടണമല്ലോ. എന്താണു് അവർ നിശ്ചയിച്ച പേരു്? കുട്ടിയുടെ അച്ഛന്റെ പേരു തന്നെ, സെഖര്യാവ്.

“പാടില്ല. യോഹന്നാൻ എന്നു പേരു വിളിക്കണം,” എലീശബെത്ത് ആവശ്യപ്പെട്ടു.

യോഹന്നാൻ—ആ പേരു് സെഖര്യാവിൻെറ കുടുംബത്തിൽ ആക്കും ഇട്ടിട്ടില്ല. എന്താണു വേണ്ടതു്? ബന്ധുക്കൾ കുട്ടിയുടെ അച്ഛൻെറ അഭിപ്രായം ആരാഞ്ഞു. സെഖര്യാവിനു പറഞ്ഞു മനസ്സിലാക്കാൻ വയ്യ. ഊമയല്ലേ? അയാൾ ആംഗ്യംകാണിച്ചു, എഴുത്തുപലക കൊണ്ടുവരാൻ. അവർ എഴുത്തുപലക വരുത്തി. സെഖര്യാവു് അതിൽ ഇങ്ങനെ എഴുതി: “അവന്റെ പേരു് യോഹന്നാൻ എന്നാണു്.”

എഴുതിക്കഴിഞ്ഞതേയുള്ളു—അതാ സെഖര്യ്യാവ് സംസാരിക്കുന്നു.

ആളുകൾ ആശ്ചര്യപ്പെട്ടുപോയി. കുറെ മാസങ്ങളായിട്ട് സെഖര്യ്യാവിനു സംസാരിക്കാൻ വയ്യ. ഇപ്പോഴിതാ മകന്റെ പേരെഴുതി. ഉടനെ തിരിച്ചുകിട്ടി വാക്‌ശക്തി!

അങ്ങനെ ഫലിക്കുമാറായി ഗബ്രിയേലിൻെറ വാക്കുകൾ.

സെഖര്യ്യാവ് ഭാവിഫലം കണ്ടു. കണ്ടതു പുറമെ പറകയും ചെയ്തു: ദൈവപുത്രൻ ജനിക്കാറായി. തന്റെ പുത്രൻ ആദ്യം ജനിച്ചു—ദൈവപുത്രൻെറ വരവു മുമ്പിനാലെ വിളംബരംചെയ്യാൻ, ദൈവപുത്രനു വഴിയൊരുക്കാൻ.

മറിയയുടെ പ്രസവവും അടുക്കുകയാണ്.

അന്യദിക്കിലാണു പ്രസവം. അതായിരുന്നു ദൈവത്തിൻെറ നിശ്ചയം.

യിസ്രായേൽ സ്വതന്ത്രമായ രാജ്യമല്ല. റോമക്കാരുടെ അധീനതയിലാണ്. ഹെരോദ എന്നൊരു രാജാവുണ്ട് യിസ്രായേലിൽ. പക്ഷേ, റോമാചക്രവൎത്തിയാണു മേലധികാരി. റോമാചക്രവൎത്തിക്കു സീസർ എന്നൊരു സ്ഥാനപ്പേരുണ്ട്. ഔഗുസ്തോസ് ആയിരുന്നു അന്നത്തെ സീസർ.

പ്രജകളുടെ സംഖ്യ എത്ര? ഔഗുസ്തോസിന്ന് അറിയേണ്ടതുണ്ട്. ഒരു കാനേഷുമാരിക്കണക്ക് എടുക്കണം. അതായി ചക്രവൎത്തിയുടെ നിശ്ചയം. ഓരോ പ്രജയും തൻെറ പേരു ചാൎത്തണം; അതു ഗൃഹനാഥൻെറ കുടുംബത്തിൽ ചെന്നിട്ടു ചെയ്യണംതാനും—അങ്ങനെ ഉത്തരവിട്ടു ചക്രവൎത്തി.

ബേത്ത്ളേഹെം എന്നൊരു പട്ടണമുണ്ട്. അവിടെയാണു യോസേഫിന്റെ പഴയ കുടുംബം. നസറേത്തിൽനിന്ന് ബേത്ത്ളേഹെമിലേക്കു പോകണം. ദൂരം കുറെയുണ്ട്. എൺപതു നാഴിക വരും. കാൽനടയായിവേണം സഞ്ചരിക്കാൻ. മറിയയ്ക്കോ, പൂൎണ്ണഗൎഭമാണുതാനും. വലിയ ബുദ്ധിമുട്ടാണു യാത്ര. പക്ഷേ, പോകാതിരിക്കാനൊക്കുമോ? ചക്രവൎത്തിയുടെ കല്പനയല്ലേ? കല്ലെപ്പിളൎക്കുന്നതാണ് ആ കല്പന.

മറിയയെയുംകൊണ്ട് യോസേഫ് യാത്രയായി.

ഇരുവരും ബേത്ത്ളേഹെമിൽ എത്തിച്ചേൎന്നു. അപ്പോഴെക്കും വന്നെത്തുകയായി പ്രസവകാലം. പ്രസവിക്കാൻ ഒരിടം വേണം. വഴിയമ്പലത്തിൽ അന്വേഷിച്ചു. വളരെ ആളുകൾ വന്നി

ട്ടുണ്ട്. തിക്കും തിരക്കും ക്രമത്തിലധികം. അകത്ത് ഒട്ടും ഇടമില്ല. ഇനി എന്തുചെയ്യും? ഒരേയൊരു സ്ഥലമേയുള്ളു—കന്നുകാലികൾക്കുള്ള തൊഴുത്ത്. തൊഴുത്തിൽവെച്ചാവട്ടെ പ്രസവം. അല്ലാതെ മറ്റു നിവൃത്തിയില്ല. എന്തുചെയ്യും?

രാത്രിയിൽ ലോകരക്ഷകൻ ജന്മമെടുത്തു. കൊട്ടാരത്തിലല്ല; വീട്ടിലല്ല; കാലിത്തൊഴുത്തിൽ!

മറിയ മകനെ ശീല പുതപ്പിച്ചു കിടത്തി—കട്ടിലിലല്ല; തൊട്ടിലിലല്ല; പുൽത്തൊട്ടിയിൽ!

അങ്ങു ദൂരെ, മേച്ചിൽപ്പുറങ്ങളിൽ, അതാ ഒരു അത്ഭുതം!

ആട്ടമാട്ടുകൾ അനേകം. അവയെ പാലിക്കുന്ന ഇടയന്മാരും. ഇടയന്മാരുടെ മുമ്പിൽ പ്രത്യക്ഷനാവുന്നു ഒരു ദൈവദൂതൻ!

പേടിച്ചുപോയി സാധുക്കളായ ഇടയന്മാർ.

"പേടിക്കേണ്ട. നല്ല വർത്തമാനമുണ്ട് നിങ്ങൾക്കായിട്ട്. ജനങ്ങൾക്കെല്ലാം പരമാനന്ദം വരുന്നു. നിങ്ങൾക്കായി ബേത്ത്ളേഹെമിൽ ഒരു രക്ഷകൻ പിറന്നിരിക്കുന്നു, മശിഹ. നിങ്ങൾക്കിതാ ഒരു അടയാളം: കാലിത്തൊഴുത്തിൽ ശീല പുതപ്പിച്ച ഒരു ശിശുവിനെ നിങ്ങൾ കാണും."

പെട്ടെന്ന്, എണ്ണമററ ദൈവദൂതന്മാരും പ്രത്യക്ഷപ്പെടുന്നു. എല്ലാവരും ദൈവത്തെ സ്തുതിച്ചു പാടുന്നു. പിന്നീട് സ്വർഗ്ഗത്തിലേക്കു തിരിച്ചുപോവുകയുംചെയ്യുന്നു.

മശിഹ എന്നു പറഞ്ഞല്ലൊ. ആരാണ് മശിഹ?

ദൈവത്തിൻെറ പ്രതിനിധിയാണു മശിഹ. ദൈവം മശിഹയെ പറഞ്ഞയയ്ക്കും—മനുഷ്യരുടെ ഇടയിലേക്ക്, മനുഷ്യരെ രക്ഷിക്കാൻ. അന്ന് സ്വർഗ്ഗവും ഭൂമിയും ഒന്നാവും; അവസാനിക്കാത്ത ആനന്ദം പരക്കും; ഇരുളും പാപവും മാഞ്ഞുപോവും; ധർമ്മിഷ്ഠന്മാർ ദൈവദൂതന്മാരായി രൂപംമാറും.

പരമ്പരയായി പാടിവരുന്ന സങ്കീർത്തനങ്ങളുണ്ട് അനേകം. അവയിൽ വർണ്ണിക്കപ്പെട്ടിട്ടുണ്ട് മശിഹ. പ്രവാചകന്മാർ ജീവിച്ചിരുന്നു പലരും. ഭാവിഫലം കണ്ട് ജനങ്ങളെ അറിയിക്കുന്നവരാണ് പ്രവാചകന്മാർ. പ്രവാചകന്മാരും സൂചിപ്പിച്ചിട്ടുണ്ട് മശിഹായെക്കുറിച്ച്. മശിഹ യിസ്രായേലിലെ രാജാവായി ജന്മമെടുക്കും; യിസ്രായേലിൻെറ ശത്രുക്കളെ തുരത്തും; രാജധാനിയായ യെരുശലേമിനെ ശുദ്ധമാക്കും; എന്നിട്ടു രാജ്യം ഭരിക്കും—നീതിയോടുകൂടി, നന്മയോടുകൂടി, ശാന്തിയോടുകൂടി.

റോമയുടെ അടിമരാജ്യമാണല്ലോ യിസ്രായേൽ. അടിമത്തത്തിൽ കിടന്നു വീർപ്പുമുട്ടുകയാണ് യഹൂദന്മാർ. വളരെക്കാലമായി തുടൎന്നുപോരികയാണ് ആ വീർപ്പുമുട്ടൽ. അവരെ മശിഹ രക്ഷിക്കും. മശിഹയേയുള്ളൂ ഒരു രക്ഷ!

മരിക്കാൻപോകുന്നവരുടെ ആലോചന മശിഹയെപ്പററി. ഉറങ്ങാൻ കിടക്കുന്നവരുടെ ആലോചന മശിഹയെപ്പറ്റി. വയസ്സു ചെന്നവരുടെ, ചെറുപ്പക്കാരുടെ, കുട്ടികളുടെ ആലോചന മശിഹയെപ്പററി. മശിഹ ഇന്നു വരും, നാളെ വരും—നൂററാണ്ടുകളായി ജനങ്ങൾ വിശ്വസിച്ചുപോരികയാണ്; നൂററാണ്ടുകളായി മശിഹയ്ക്കായി കാത്തിരിക്കുകയാണ്. ഹൊ, മശിഹ വന്നെങ്കിൽ!

ആ മശിഹ ജനിച്ചിരിക്കുന്നു! ദൈവദൂതൻ പറഞ്ഞതല്ലേ? ഇടയന്മാൎക്ക് എന്താഗ്രഹമായെന്നോ മശിഹയെക്കാണാൻ! അവർ ധൃതിയിൽ എഴുന്നേറ്റു നടന്നുപോയി. ബേത്ത്ളേഹെമിൽ എത്തിച്ചേൎന്നു. കാലിത്തൊഴുത്തിൽ ചെന്നു. അതെ, അവിടെ കിടപ്പുണ്ടു് കുഞ്ഞു്. സകലതും ദൈവദൂതൻ പറഞ്ഞപോലെ!

ഇടയന്മാർ മശിഹയെ വാഴ്ത്തിസ്തുതിച്ചു. വീണ്ടും വീണ്ടും വാഴ്ത്തിസ്തുതിച്ചു.

മശിഹ ജനിച്ചിരിക്കുന്നു! കിഴക്കുദിക്കിലെ ചില വിദ്വാന്മാൎക്കും അതു് അറിവായി. ജ്യോത്സ്യന്മാരാണ് അവർ. ദൈവഭക്തന്മാരും. ഒരു നക്ഷത്രം ഉദിച്ചിരിക്കുന്നതു കാണുമാറായി. അസാധാരണമായ ഒരു നക്ഷത്രം! ഏതു നക്ഷത്രമാണതു്? മശിഹയുടെ നക്ഷത്രം!

വിദ്വാന്മാർ യെരുശലേമിൽ എത്തി.

"യഹൂദരുടെ രാജാവു് ജനിക്കുന്നതു് എവിടെയായിരിക്കും?" അതായിരുന്നു എല്ലാവരോടും അവരുടെ ചോദ്യം.

ആ വിവരം അറിഞ്ഞു, ഹെരോദാരാജാവു്.

മുപ്പത്തഞ്ചു വൎഷമായി ഹെരോദാ രാജാവായിട്ടു്. ക്രൂരനായിരുന്നു അയാൾ. വമ്പിച്ച കൊട്ടാരങ്ങൾ കെട്ടിയുയൎത്തി; പുതിയ പട്ടണങ്ങളുണ്ടാക്കി—അതൊക്കെ ശരിയാണ്. എങ്കിലും എങ്ങനെയുള്ളവൻ? റോമാചക്രവൎത്തിയുടെ മുമ്പിൽ മുട്ടുകുത്തുന്നവൻ. അതിൽ ലജ്ജയില്ലാത്തവൻ. ആദ്യത്തെ ഭാൎയ്യയെ കൊന്നവൻ. അതെന്തിന്, സ്വന്തം മക്കളിൽ ചിലരെയും കൊന്നവൻ. പോരേ, സ്വഭാവം മനസ്സിലാക്കാൻ?

റോമാക്കാരോടു് ഒടുങ്ങാത്ത പകയുണ്ടു് പണ്ടേ യഹൂദന്മാൎക്കു്.

റോമയുടെ കിങ്കരനാണ് ഹെരോദാ. അയാളോട്ട് അകമേ വിരോധമുണ്ടു നാട്ടുകാൎക്ക്.

വിദ്വാന്മാരുടെ ചോദ്യം ഹെരോദായെ ചഞ്ചലപ്പെടുത്തി. യഹൂദരുടെ രാജാവുപോലും! താനല്ലേ യഹൂദരുടെ രാജാവ്? മശിഹയെപ്പററിയാണ് അവരുടെ ചോദ്യം. മശിഹ ജനിച്ചിരിക്കുന്നോ? മശിഹ വന്നാൽ പിന്നെ തനിക്കെന്തു സ്ഥാനം? തൻെറ കാൎയ്യം കുഴപ്പത്തിലായോ?

ഹെരോദാ പുരോഹിതന്മാരെ വരുത്തി; നിയമജ്ഞന്മാരെ വരുത്തി; മൂപ്പന്മാരെ വരുത്തി.

സങ്കീൎത്തനങ്ങൾ, പ്രവചനങ്ങൾ—അതൊക്കെ നല്ലപോലെ പഠിച്ചിട്ടുണ്ടു് അവരെല്ലാം.

"എവിടെയാണു മശിഹ ജനിക്കുന്നതു്?" ഹെരോദാ രാജാവ് അന്വേഷിച്ചു.

"ബേത്ത്ളേഹെമിൽ." അവർ അറിയിച്ചു.

ഹെരോദാ കിഴക്കുനിന്നു വന്ന വിദ്വാന്മാരെ വരുത്തി. അവരോടു ചോദിച്ച് ഒന്നു മനസ്സിലാക്കി: ഏതു സമയത്തു നക്ഷത്രം ഉദിച്ചെന്നു്.

"നിങ്ങൾ പോയി കുട്ടിയെ ശരിയായി അന്വേഷിക്കണം. കണ്ടുപിടിച്ചാലുടൻ എന്നെ അറിയിക്കണം. എന്നിട്ടുവേണം എനിക്കു നേരിട്ടുചെന്നു വന്ദിക്കാൻ."

ഹെരോദാ വിദ്വാന്മാരെ യാത്രയാക്കി.

ഉള്ളിലൊന്നു്, പുറമേ മറെറാന്നു്—ആ തരക്കാരനാണു രാജാവ്. എന്തായിരുന്നു അയാളുടെ നിശ്ചയം? കുട്ടി എവിടെ എന്നു് അറിയണം. ഉടൻതന്നെ അവനെ കൊന്നുകളയണം. എന്നാൽ തനിക്കു സ്വൈരമാവും. എന്നാലേ സ്വൈരമാവൂതാനും.

ആകാശത്തു തെളിഞ്ഞു വിളങ്ങുകയാണ് ആ പുതിയ നക്ഷത്രം. അതു മുമ്പോട്ടു നീങ്ങുകയാണ്, വിദ്വാന്മാൎക്കു വഴികാട്ടിക്കൊണ്ടു്. ആ വഴി പിൻതുടൎന്നു, വിദ്വാന്മാർ. അങ്ങനെ കുറെ ദൂരം സഞ്ചരിച്ചു. അപ്പോഴെക്കും നക്ഷത്രം നിലയുറപ്പിച്ചു. നേരെ താഴെയുണ്ടു് മശിഹ! അതവൎക്കു ബോദ്ധ്യമായി. അതാണല്ലോ നീങ്ങിക്കൊണ്ടിരുന്ന നക്ഷത്രം നിലയുറപ്പിച്ചതു്. ഒട്ടും പ്രയാസമുണ്ടായില്ല കുഞ്ഞിനെ കണ്ടുപിടിക്കാൻ. അവർ കുഞ്ഞിൻെറ മുമ്പിൽ മുട്ടുകുത്തി വന്ദിച്ചു. കാഴ്ചദ്രവ്യങ്ങളും സമൎപ്പിച്ചു. പറയാനുണ്ടോ അവരുടെ ആനന്ദം?

പിന്നീട്ട് അവക്കൊരു സ്വപ്നമുണ്ടായി—ഹെരോദായുടെ അട്ടക്കലേക്കു മടങ്ങരുതു് എന്നൊരു സ്വപ്നം. മറ്റൊരു വഴിക്കു് അവർ നാട്ടിലേക്കു പൊയ്ക്കളഞ്ഞു.

യോസേഫിനും ഉണ്ടായി ഒരു സ്വപ്നം.

ഒരു ദൈവദൂതൻ പ്രത്യക്ഷനായി.

"എണീക്കു. കുട്ടിയെയും അമ്മയെയും കൊണ്ടുപോകു. അവരോട്ടുകൂടി മിസ്രയീമിൽ രക്ഷപ്രാപിക്കു. ഞാൻ പറയുംവരെ അവിടെ താമസിക്കു. എന്തെന്നാൽ, കുട്ടിയെ കൊല്ലാനായി അവനെ അന്വേഷിക്കാൻപോവുകയാണു ഹെരോദാ." ദൈവദൂതൻ മുന്നറിയിപ്പുനല്കി.

യോസേഫ് ഉറക്കമുണന്നു. ധൃതിയിൽ എഴുന്നേറ്റു. ഭാര്യയെയും പുത്രനെയുംകൊണ്ടു യാത്രയായി, മിസ്രയീമിലേക്കു്.

ഹെരോദാ കാത്തിരുന്നു വിദ്വാന്മാരെ. പക്ഷേ, കാത്തിരുന്നതു വെറുതെയായി. വിദ്വാന്മാരെ കാണാനില്ല!

അപ്പോൾ ഹെരോദാക്കു മനസ്സിലായി: തന്നെ അവർ കളിപ്പിച്ചിരിക്കുന്നു! രാജാവിൻെറ രോഷം പൊട്ടിപ്പുറപ്പെട്ടു. രണ്ടുവയസ്സിനു താഴെയുള്ള കുട്ടികളെയെല്ലാം കൊല്ലട്ടെ! അങ്ങനെ ഒരാജ്ഞ ഭടന്മാക്കു നല്കി ആ പരമദുഷ്ടൻ.

മശിഹയും ആ കൂട്ടത്തിൽപ്പെട്ടും—അതായിരുന്നു രാജാവിൻെറ ആശ. ആ ആശ വെറും ആശയായിക്കഴിഞ്ഞതേയുള്ളൂ. അനേകം ശിശുക്കൾ രാജാവിൻെറ ദുഷ്ടതയാകുന്ന വൻതീയിൽ വെന്തുമരിച്ചു. പക്ഷേ, മശിഹ ജീവിച്ചു. അതു രാജാവു് അറിഞ്ഞില്ല എന്നുമാത്രം.

കാലം കുറെ കടന്നുപോയി.

"അവൻ നസറായൻ എന്നു വിളിക്കപ്പെടും."—ഒരു പ്രവാചകൻെറ അരുളപ്പാടു് ഉണ്ടായിരുന്നു പണ്ടു്. 'അവൻ' എന്നതു മശിഹതന്നെ. ആ അരുളപ്പാടു് ഇതാ യഥാത്ഥമാവാൻപോകുന്നു.

മിസ്രയീമിലാണു് യോസേഫും മറിയയും യേശുവും. അതെ, യേശു എന്നാണു കുട്ടിയുടെ പേരു്. ജനിക്കും മുമ്പു നല്കപ്പെട്ട പേരാണു് അതു്.

സ്വപ്നത്തിൽ വീണ്ടും വന്നെത്തി ദൈവദൂതൻ.

"യോസേഫേ, എഴുന്നേൽക്കു. കുട്ടിയെയും അമ്മയെയുംകൊണ്ടു് യിസ്രായേലിലേക്കു പോകു. എന്തെന്നാൽ, കുട്ടിയെ കൊല്ലാൻ ശ്രമിച്ചവർ മരിച്ചുകഴിഞ്ഞു." സ്വർഗ്ഗദൂതൻ പറഞ്ഞു.

Jawahar Bal Bhavan & Children's Library KOTTAYAM.

അതനുസരിച്ചു മടക്കയാത്രചെയ്ത യോസേഫ്. യിസ്രായേലിൽ എത്തിയപ്പോഴൊ? ഹെരോദാ മരിച്ചതു ശരിതന്നെ. അയാളുടെ മകൻ അന്തിപ്പാസാണ് ഇപ്പോഴത്തെ രാജാവ്. അയാളും അപകടക്കാരനാണ്. പോരെങ്കിൽ, ഒരു സ്വപ്നവും ഉണ്ടായി. ആ സ്വപ്നം അനുസരിച്ചു ഗലീലയിൽ എത്തി. നസറെത്തിൽ താമസവും ഉറപ്പിച്ചു. അതിനാൽ നസറായൻ എന്നു് യേശു പിൽക്കാലത്തു് അറിയപ്പെട്ടുകയുണ്ടായി.

സെഖര്യാവിൻെറ മകനില്ലേ, യോഹന്നാൻ? അവൻ ക്രമേണ വളന്നുവരികയാണ്. അവനു് ദൈവം ഒരു ജോലികൊടുത്തിട്ടുണ്ട്. ദൈവപുത്രൻെറ വരവു കാലേക്കൂട്ടി മാലോകരെ അറിയിക്കണം. പക്ഷേ, അതിനു കുറെക്കാലം വേണ്ടിവരും. അതുവരെ അതിനു തയാറാവണം. ശക്തി സമ്പാദിക്കണം. പ്രാത്ഥനകൊണ്ടേ ശക്തി കിട്ടൂ. നല്ല മനോബലമുണ്ടു യോഹന്നാനു്. വൈരാഗ്യബുദ്ധിയും. അവന്റെ ജീവിതം തുടന്നതു വീട്ടിലല്ല. പിന്നെയൊ? മരുഭൂമിയിൽ. ഏകാകിയായിട്ടു്. വിരക്തനായിട്ടു്. ഭക്തനായിട്ടു്. ഒട്ടകരോമം കൊണ്ടു നിമ്മിച്ച കുപ്പായം. ആഹാരമോ, വെട്ടുക്കിളിയും കാട്ടുതേനും. ഒരുനാൾ ദൈവം അവനെ വിളിക്കും. ആ നാളിനായി അവൻ കാത്തിരുന്നു.

നസറെത്തിൽ യേശുവോ? അച്ഛനോടും അമ്മയോടുംകൂടി ജീവിച്ചു—മററു കുട്ടികളെപ്പോലെ.

യോസേഫിനു് അറിയാം യേശു ആരെന്നു്. മറിയയ്ക്കും അറിയാം. മററുള്ളവർ അറിഞ്ഞില്ല. ഒരു സാധാരണകുട്ടി—അങ്ങനെ മാത്രമേ അവർ യേശുവിനെ കരുതിയുള്ളു.

യേശു വളരുകയാണ്. ദേഹം വലുതാകുന്നു. മനസ്സു വിടരുന്നു. ആത്മാവു ബലപ്പെട്ടുന്നു. ദൈവത്തിൻെറ അനുഗ്രഹമുണ്ടു്. അതല്ലേ ഏററവും വലിയ ശക്തി? അതില്ലാത്തവനു യാതൊന്നും സാധിക്കയില്ല. അതുള്ളവനു സാധിക്കാത്ത യാതൊന്നുമില്ല.

യേശുവിൻെറ പിതാവാണു ദൈവം. പുത്രനു ദൈവം ചില ചുമതലകൾ നല്കിയിട്ടുണ്ടു്. ആ ചുമതലകൾ നിറവേററാനുള്ള കാലം വന്നുചേരും. അതിനു കുറെ വഷങ്ങൾ വേണ്ടിവരും. അങ്ങനെ യേശു കഴിഞ്ഞുകൂടി—ചാമ്പലിനടിയിൽ കനൽക്കട്ടപോലെ.

വയസ്സു പന്ത്രണ്ടായി.

ആയിടയ്ക്കു് ഒരു സംഭവം നടന്നു—യേശുവിന്റെ ദിവ്യത്വം തെളിയിച്ച സംഭവം!

അതു് നടന്നതോ, യെരുശലേമിലും.

കൊല്ലത്തിൽ ഒരിക്കൽ യോസേഫ് യെരുശലേമിലേക്കു പോകാറുണ്ടു്. കൂടെ മറിയയും. പോകുന്നതു് എന്തിനു്? പെസഹാ പെരുനാളിനു്. അതെവിടെ? ദൈവാലയത്തിൽ.

പെസഹയും മോശയുമായി ബന്ധമുണ്ടു്. പണ്ടുപണ്ടു് ജീവിച്ചിരുന്ന ദിവ്യനാണു മോശ. അദ്ദേഹമായിരുന്നു യഹൂദവർഗ്ഗത്തിന്റെ സ്ഥാപകൻ. മോശയുടെ കാലത്തിനുമുമ്പോ? യഹൂദന്മാർ മിസ്രയീമിന്റെ കീഴിലായിരുന്നു. ദൈവം മോശയെ ചുമതലപ്പെടുത്തി, യഹൂദന്മാരെ മോചിപ്പിക്കാൻ. മോശ യഹൂദന്മാരെ നയിച്ചുകൊണ്ടു യാത്രയായി. ചെങ്കടൽ കടന്നു. ഇങ്ങു് എത്തിച്ചേർന്നു. രക്ഷകിട്ടിയില്ലേ? ദൈവത്തോടു നന്ദിപറയണം. അതാണു പെസഹപെരുനാളിന്റെ ഉദ്ദേശം. കൊല്ലത്തിൽ ഒരിക്കൽ നടക്കുന്ന വമ്പിച്ച ഒരു ഉത്സവമാണതു്. നൂററാണ്ടുകളായി ആഘോഷിച്ചുവരികയുമാണു്. ആഘോഷിക്കുന്നതോ, യെരുശലേമിലെ ദൈവാലയത്തിലും.

യോസേഫും മറിയയും പെസഹയ്ക്കു പോയിരുന്നു. അവരോടുകൂടെ യേശുവും. പെരുനാൾ കഴിഞ്ഞു് യോസേഫും മറിയയും മടങ്ങുകയാണു്. കൈയുംകണക്കുമില്ല ആളുകൾക്കു്. സംഘംചേർന്നു മടങ്ങുകയാണു് അവർ. ഒരുനാളത്തെ വഴിയിങ്ങു പോന്നുകഴിഞ്ഞു. അപ്പോഴാണു് ഒന്നു തോന്നിയതു്. യേശു എവിടെ? കൂടെയുള്ള ആൾക്കൂട്ടത്തിൽ ഉണ്ടെന്നാണു കരുതിയിരുന്നതു്. ഇല്ലെന്നു് ഇപ്പോഴാണു മനസ്സിലായതു്. ഓമനപ്പുത്രൻ എവിടെപ്പോയി? ഇരുവരും വല്ലാതെ ഭയന്നു. ഒരു സംഘത്തിൽ ചെന്നു പരിശോധിച്ചു. ഇല്ല, യേശു അവരുടെയിടയിൽ ഇല്ല. ഉടനെ മറെറാരു സംഘത്തിൽ ചെന്നു നോക്കി. അവിടെയും കാണാനില്ല. യോസേഫിനും മറിയയ്ക്കും പരിഭ്രമം കലശലായി. ഇനി, യെരുശലേമിൽത്തന്നെയുണ്ടോ? അവർ ഉടനെ മടങ്ങിപ്പോയി. യെരുശലേമിൽ അന്വേഷിച്ചുനടന്നു. അങ്ങനെ ദൈവാലയത്തിൽ ചെന്നു. അവിടെയുണ്ടു മകൻ!

കുറെയേറെ ശാസ്ത്രിമാരുണ്ടു് ദൈവാലയത്തിൽ—മതകാര്യങ്ങളിൽ പാണ്ഡിത്യമുള്ളവർ. അവരുടെ നടുവിൽ ഇരിക്കുന്നു യേശു. അവരോടു ചോദ്യങ്ങൾ ചോദിക്കുന്നു; അവർ പറയുന്നതു ശ്രദ്ധിച്ചുകേൾക്കുന്നു; അവരുടെ വിഷമംപിടിച്ച ചോദ്യങ്ങൾക്കു് ഉത്തരം നല്കുന്നു. വെറും പന്ത്രണ്ടു വയസ്സായ ബാലൻ! അവനു്

ഇത്ര പാണ്ഡിത്യമോ? ഇത്ര വിവേകമോ? ഇത്ര ബുദ്ധിയോ? അവിടെയുള്ളവരുടെ ആശ്ചര്യം പറയാനില്ല!

"എന്റെ മകനേ, നീ ഞങ്ങളോട്ട് എന്തിനു് ഇങ്ങനെ പെരുമാറി? നിൻെറ അച്ഛനും ഞാനും വളരെ പരിഭ്രമത്തോടെ നിന്നെ അന്വേഷിക്കയായിരുന്നു." മറിയ പറഞ്ഞു.

"എന്തിനു് എന്നെ അന്വേഷിച്ചു? എൻെറ പിതാവിൻെറ ഗൃഹത്തിൽത്തന്നെ ഞാനുണ്ടാവുമെന്നു് അറിഞ്ഞില്ലേ?" യേശു മറുചോദ്യം ചോദിച്ചു.

മറിയ മകന്റെ വാക്കുകൾ മനസ്സിൽ അടക്കിവെച്ചു. പിതാവിൻെറ ഗൃഹമെന്നു പറഞ്ഞില്ലേ? ദൈവാലയം എന്നായിരുന്നു യേശുവിൻെറ അർത്ഥം. ദൈവപുത്രനല്ലേ?

മൂവരും നസറെത്തിലേക്കു മടങ്ങി.

ജീവിതമെന്ന പാതയിലൂടെ സഞ്ചാരം തുടന്നു യേശു—വഷങ്ങളെന്ന നാഴികക്കല്ലുകൾ കടന്നുകൊണ്ടു്, ധൃതിയില്ലാതെ, ഒച്ചയില്ലാതെ, ബഹളമില്ലാതെ. യേശു വാസ്തവത്തിൽ ആരെന്നു ലോകം അറിഞ്ഞില്ല.

അതിനിടയ്ക്കു് യോസേഫ് കാലധമ്മംപ്രാപിച്ചു.

യേശുവിനു വയസ്സു മുപ്പതാകുന്നു. പെട്ടെന്നു മട്ടുമാറുന്നു. ലോകം ഇതാ യേശുവിനെ അറിയാൻപോകുന്നു.

ആ കാലവും വരാറായിരിക്കുന്നു. ഏതു കാലമെന്നോ? ഭൂമിയിൽ സ്വർഗ്ഗരാജ്യം നടപ്പിലാവുന്ന കാലം!

തിന്മ, ക്രൂരത, വഞ്ചന—അവയൊക്കെ നടമാടുകയാണു ഭൂമിയിലാകെ. ലഹരിപിടിച്ച പിശാചുക്കളെപ്പോലെ. പക്ഷേ, ആ ദുഷ്കാലം അവസാനിക്കുന്നു, നല്ലകാലം വരുന്നു—കാളരാത്രി കഴിഞ്ഞു പൊൻപുലരിപോലെ.

സ്വർഗ്ഗരാജ്യം നടപ്പിലാവാൻപോകുന്നു എന്നു് എല്ലാ മനുഷ്യരും അറിയണം. സ്വർഗ്ഗരാജ്യത്തെ സ്വീകരിപ്പാൻ അവർ കാലേകൂട്ടി തയാറാവണം. അതിനായി ഒരു മുൻസൂചന നല്കണം—അതായിരുന്നു ദൈവത്തിൻെറ നിശ്ചയം.

അതാ വരുന്നു മുൻസൂചന!

ദൈവത്തിൻെറ അരുളപ്പാടുണ്ടായി യോഹന്നാനു്. അതോടുകൂടി യോഹന്നാൻെറ ജീവിതം വഴിമാറി.

യെശയ്യാ എന്നൊരു പ്രവാചകനുണ്ടായിരുന്നു പണ്ടു്. അദ്ദേഹം പ്രവചനങ്ങൾ എഴുതിവെച്ചിരുന്നു. അതിൽ ഇങ്ങനെ ഒരു ഭാഗമുണ്ടു്:

"മരുഭൂമിയിൽ ഒരു സ്വരം വിളിച്ചുപറയും: 'കർത്താവിൻെറ വഴി തെളിക്കുവിൻ. കർത്താവിൻെറ പാത നേരെയാക്കുവിൻ. ആഴമുള്ള എല്ലാ കുണ്ടും നികത്തപ്പെട്ടും. എല്ലാ മലയും കുന്നും നിരപ്പാക്കപ്പെട്ടും. മൂലകളെല്ലാം ചൊവ്വെയാക്കപ്പെട്ടും. ദുർഘടമായ വഴികൾ സുഗമമാകും. മനുഷ്യരെല്ലാം ദൈവരക്ഷയെ കണ്ടെത്തും.'"

ആ പ്രവചനം ഇതാ ഫലിക്കുമാറാകുന്നു.

'മരുഭൂമിയിലെ സ്വരം' യോഹന്നാന്റെ സ്വരമാണു്.

യോർദ്ദാൻ എന്നൊരു നദിയുണ്ടു്. യോർദ്ദാൻെറ തീരത്തുള്ള ദേശങ്ങളിൽ ഇറങ്ങിനടന്നു യോഹന്നാൻ—പുതിയൊരു സന്ദേശവും പരത്തിക്കൊണ്ടു്. ചെയ്ത പാപങ്ങൾക്കു മനുഷ്യർ പശ്ചാത്തപിക്കണം; പശ്ചാത്താപത്തിൻെറ അടയാളമായി ശുദ്ധിയുടെ ചിഹ്നമായ സ്നാനവും ഏല്ക്കണം—അതായിരുന്നു സന്ദേശത്തിന്റെ സാരം.

യോഹന്നാൻെറ പ്രസംഗങ്ങൾക്കു ശക്തിയുണ്ടായിരുന്നു; അവയിൽ വികാരമുണ്ടായിരുന്നു; ദൈവികത്വവും ഉണ്ടായിരുന്നു. അനേകം ആളുകളുടെ മനസ്സുമാറ്റി ആ പ്രസംഗങ്ങൾ. പാപബോധം ഉണ്ടായവർ കൂട്ടംകൂട്ടമായി വന്നെത്തി. യോഹന്നാനിൽനിന്നു സ്നാനവുമേറ്റു.

അപ്പോൾമുതൽ സ്നാപകൻ എന്നറിയപ്പെട്ടു യോഹന്നാൻ.

പശ്ചാത്താപം തോന്നി സ്നാനമേല്ക്കാൻ വന്നവർ പല മാതിരിക്കാരാണു്—സാധാരണക്കാർ, ചുങ്കക്കാർ, പട്ടാളക്കാർ, അങ്ങനെ പലരും.

ചുങ്കക്കാർ എന്നാൽ ചുങ്കം പിരിക്കുന്നവർ. അവർ ചുങ്കം പിരിക്കുന്നതു റോമാചക്രവർത്തിക്കുവേണ്ടിയാണു്. സാധുക്കളെ പിഴിഞ്ഞെടുക്കയാണു് അവർ ചെയ്യാറു്. അവരോടു വെറുപ്പാണു പൊതുജനങ്ങൾക്കു്.

പട്ടാളക്കാർ, പടവെട്ടുന്നവർ. ബലപ്രയോഗം ചെയ്യുന്നവർ. രക്തം ചിന്തുന്നവർ.

"ഗുരോ, ഞങ്ങൾ എന്തു ചെയ്യണം?" സാധാരണക്കാരിൽ ചിലർ ചോദിച്ചു.

"രണ്ടു കുപ്പായങ്ങളുള്ളവൻ അവയെ കുപ്പായമില്ലാത്തവനുമായി പങ്കുവെയ്ക്കണം," യോഹന്നാൻ ഉപദേശിച്ചു.

"ഗുരോ, ഞങ്ങൾ എന്താണു ചെയ്യേണ്ടതു്?" ചുങ്കക്കാരിൽ ചിലർ ചോദിച്ചു.

"ഈടാക്കാനുള്ള തുകയിൽ കൂടുതൽ ഈടാക്കിക്കൂടാ," യോഹന്നാൻ ഉത്തരം പറഞ്ഞു.

"ഞങ്ങളുടെ കർത്തവ്യമോ?" ചില പട്ടാളക്കാർ ചോദിച്ചു.

"ഭീഷണിയേ പാടില്ല. ഭയപ്പെടുത്തി പണം മേടിച്ചുകൂടാ. ശമ്പളംകൊണ്ടു തൃപ്തിപ്പെടണം." അതായിരുന്നു യോഹന്നാൻെറ നിർദ്ദേശം.

മനുഷ്യൻ നന്നാവാനുള്ള ഉപദേശങ്ങൾ, അല്ലേ?

ക്രമേണ പലർക്കും തോന്നി ഒരു സംശയം. യോഹന്നാൻ മശിഹയാണോ?

യോഹന്നാൻതന്നെയാണു സംശയം തീർത്തതു്:

"ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാനമേല്പിക്കുന്നു. എന്നാൽ, എന്നെക്കാൾ ശക്തനായ ഒരാൾ വരുന്നു. ആ ആളുടെ ചെരിപ്പു് അഴിക്കാൻ എനിക്കു യോഗ്യതയില്ല!"

ഒരുദിവസം ആ ആൾ വന്നുചേർന്നു. മറ്റാരുമല്ല. യേശുതന്നെ.

സ്നാനമേല്ക്കാൻ വന്നതാണു് യേശു.

ജനക്കൂട്ടത്തിൽ ആർക്കും അറിഞ്ഞുകൂട വന്നയാളെ. എന്നാൽ, യോഹന്നാനു് കണ്ടു ഉടനെ മനസ്സിലായി. ദിവ്യനു് ദിവ്യനെ അറിയാം. ആരും പറഞ്ഞുകൊടുക്കേണ്ട. ആരും ചൂണ്ടിക്കാട്ടേണ്ട.

"അങ്ങു് എന്നിൽനിന്നു സ്നാനമേല്ക്കാൻ വരികയോ? അങ്ങിൽനിന്നു സ്നാനമേല്ക്കേണ്ടവനാണല്ലൊ ഞാൻ!" യോഹന്നാൻ ഭക്തിയോടെ പറഞ്ഞു.

"ഇപ്പോൾ ഇങ്ങനെയാകട്ടെ," യേശു പറഞ്ഞു.

യോഹന്നാനുണ്ടോ പിന്നെ മററു വഴി? അദ്ദേഹം യേശുവിനെ സ്നാനമേല്പിച്ചു. യേശു വെള്ളത്തിൽനിന്നു കരയ്ക്കുകയറി. അപ്പോൾ എന്താണു സംഭവിച്ചതെന്നോ? സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവു് ഒരു പ്രാവിനെപ്പോലെ യേശുവിൻെറമേലിറങ്ങി. പോരെങ്കിൽ, സ്വർഗ്ഗത്തിൽനിന്നൊരു സ്വരം: "ഇവൻ എൻെറ പ്രിയപ്പെട്ട പുത്രനാണു്, എൻെറ അനുഗ്രഹം ലഭിച്ചവൻ!" പ്രത്യേകിച്ചു പറയണോ ദൈവത്തിൻെറ സ്വരമാണു് എന്നു്?

എന്തിനായി ദൈവം യേശുവിനെ അയച്ചുവോ, ആ ജോലി തുടങ്ങാറായി. പക്ഷേ, അതിനുമുമ്പു് ഒന്നുകൂടിയുണ്ടു്—ഒരു

പരീക്ഷ. വെറും പരീക്ഷ എന്നു പറഞ്ഞാൽ പോര. അഗ്നിപരീക്ഷ എന്നു പറയണം.

ദൈവംതന്നെയാണ് ആ പരീക്ഷ കല്പിച്ചതു്. ദൈവം യേശുവിനെ മരുഭൂമിയിലേക്ക് അയച്ചു. അവിടെയാണു പരീക്ഷ.

ഒരുങ്ങിനില്ക്കുകയാണ് ശക്തനായ ശത്രു—മനുഷ്യരുടെ ശത്രു; ദൈവത്തിൻെറ ശത്രു; ദുർഭൂതങ്ങളുടെ നായകൻ; സാത്താൻ!

ദുർഭൂതങ്ങൾ മനുഷ്യരുടെ മനസ്സിൽ പ്രവേശിക്കും. മനുഷ്യരെക്കൊണ്ടു് ദുഷ്പ്രവൃത്തികൾ ചെയ്യിക്കും. ചിലരെ ഭ്രാന്തുപിടിപ്പിക്കും.

യേശു ഉപവാസംചെയ്യുകയാണ്. പ്രാൎത്ഥന, ഇടവിടാതെയുള്ള പ്രാൎത്ഥന, തീവ്രമായ പ്രാൎത്ഥന! ദിവസം ഒന്നൊന്നായി കഴിഞ്ഞുപോയി. നാല്പതുമായി. നാല്പതുദിവസം ആഹാരമില്ലാഞ്ഞാലോ? ദേഹത്തിനു് എന്തു ക്ഷീണമായിരിക്കും! അപ്പോഴാണ് സാത്താൻെറ പുറപ്പാടു്.

സാത്താനു് ദൈവത്തോടു പകയുണ്ടു്. പക്ഷേ, ദൈവത്തെ ഭയവുമുണ്ടു്. നേരിട്ടു് എതിക്കാൻ കരുത്തു പോര. ദൈവകാര്യത്തിനു് യേശുവിനെ അയച്ചിരിക്കയാണ് ദൈവം. യേശുവിനെ പാട്ടിലാക്കിയാലോ? ദൈവകാൎയ്യം നടക്കാതെവരും. യേശുവിനെക്കൊണ്ടു് ദൈവത്തിനെതിരെ പ്രവൎത്തിപ്പിക്കണം. അല്ലെങ്കിൽ ദൈവത്തിനെതിരെ പറയിക്കണം. ആദ്യമായി ഒരു ശ്രമം നടത്താം. യേശുവിനെക്കൊണ്ടു ദൈവത്തെ സംശയിപ്പിക്കാം. യേശു സ്വശക്തികൾ പരീക്ഷിച്ചുനോക്കും. പരീക്ഷിച്ചാൽ മാത്രംമതി—ദൈവത്തിൽ പൂൎണ്ണമായ വിശ്വാസം ഇല്ലെന്നു തെളിയും. ധനം, സൗഖ്യം, പ്രതാപം—ആ ഇരകളെല്ലാം യേശുവിൻെറ മുമ്പിൽ നീട്ടാം. യേശു അവയെല്ലാം സ്വീകരിച്ചാലോ? തൻെറ പാട്ടിലായി എന്നൎത്ഥം.

സാത്താൻ യേശുവിൻെറ മുമ്പിലെത്തി.

“നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകളോടു് അപ്പമാവാൻ പറയൂ!” സാത്താൻ ആവശ്യപ്പെട്ടു.

സ്വശക്തി പരീക്ഷിക്കണമത്രെ! അതൊരിക്കലും ചെയ്യുകയില്ല യേശു. അത്ര പൂൎണ്ണമാണ് ദൈവത്തിലുള്ള വിശ്വാസം.

“‘ആഹാരംകൊണ്ടുമാത്രം മനുഷ്യനു ജീവിക്കാൻ സാദ്ധ്യമല്ല. ദൈവത്തിൻെറ ഓരോ വാക്കുകൊണ്ടും അവൻ ജീവിക്കുന്നു’ എന്നാണ് തിരുവെഴുത്തുകൾ പറയുന്നതു്,” യേശു ഉത്തരം നല്കി.

ആദ്യത്തെ ചോദ്യം ഫലിച്ചില്ല. ഇനി ഒരു കെണികൂടി പ്രയോഗിക്കണം. ആ കെണിയിൽ യേശു പെട്ടുപോകും. ആ വിശ്വാസത്തോടെ സാത്താൻ യേശുവിനെ യെരുശലേമിലേക്കു കൊണ്ടുപോയി. ദൈവാലയത്തിന്റെ മുകളിൽ നിറുത്തുകയുംചെയ്തു. വളരെ ഉയരമുള്ളതാണു് ദൈവാലയം.

"നീ ദൈവപുത്രനെങ്കിൽ താഴത്തേക്കു ചാടിക്കൊള്ളൂ. ദൈവം ദൂതന്മാരെ നിയോഗിക്കും; അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും; നിൻെറ കാലു് കല്ലിൽ തട്ടാതെ നോക്കിക്കൊള്ളും—അങ്ങനെ പറഞ്ഞിട്ടുണ്ടു് തിരുവെഴുത്തിൽ," സാത്താൻ രണ്ടാമത്തെ ഇര നീട്ടി.

"തിരുവെഴുത്തുകൾ വീണ്ടും പറയുന്നു 'നീ നിന്റെ ദൈവത്തെ പരീക്ഷിക്കരുതു്' എന്നു്"—അതായിരുന്നു യേശുവിൻെറ ഉത്തരം.

രണ്ടാമത്തെ സൂത്രവും ഫലിച്ചില്ല. മൂന്നാമതൊന്നുകൂടി ശ്രമിക്കണം. സാത്താൻ എന്താണു ചെയ്തതെന്നോ? യേശുവിനെ ഉയന്ന ഒരു മലയുടെ മുകളിൽ നിറുത്തി. അവിടെനിന്നു നോക്കിയാലോ? ചുററിനും അനേകം ദേശങ്ങൾ കാണാം.

"ഇവയെല്ലാം ഞാൻ നിനക്കു തരാം. നീ എൻെറ കാല്ക്കൽ വീണു വന്ദിച്ചാൽ മാത്രം മതി." സാത്താൻ മൂന്നാമത്തെ ഇരയും നീട്ടി.

എന്തായിരുന്നു യേശുവിൻെറ മറുപടി? "സാത്താനേ, പൊയ്ക്കോ. തിരുവെഴുത്തു പറയുന്നു: 'നിന്റെ ദൈവത്തിനെ മാത്രമേ വന്ദിക്കാവൂ, ആരാധിക്കാവൂ.'"

സാത്താനു തോൽവിപറ്റി. അവൻ ഇളിഭ്യനായി. അവിടുന്നു യാത്രയുമായി.

യേശു പരീക്ഷയിൽ ജയിച്ചു.

സ്വർണ്ണക്കട്ട തീയിലിട്ടു ചുടുന്നു. ചുട്ടുകഴിഞ്ഞാലോ? സ്വർണ്ണം സ്വർണ്ണമായിത്തന്നെ ശേഷിക്കും!

യേശുവിൻെറ ജോലി തുടങ്ങുന്നു.

അപ്പോഴിതാ യോഹന്നാൻസ്നാപകൻെറ ജോലി തീരുകയും ചെയ്യുന്നു.

തടവിൽ കിടക്കുകയാണു് യോഹന്നാൻസ്നാപകൻ.

ഹെരോദ്രാ അന്തിപ്പാസ് യോഹന്നാനെ തടവിലിട്ടിരിക്കുന്നു.

രാജാവിൻെറ തെററു് എടുത്തുപറഞ്ഞിരുന്നു യോഹന്നാൻ.

മററാരോട്ടം പറഞ്ഞതല്ല. രാജാവിൻെറ മുഖത്തുനോക്കി പറഞ്ഞു. അന്തിപ്പാസിനു് അതിയായ ദേഷ്യംവന്നു.

എന്തായിരുന്നു അന്തിപ്പാസിൻെറ തെററു്?

ഒരു സഹോദരനുണ്ടായിരുന്നു, ഫിലിപ്പ്. ഫിലിപ്പിൻെറ ഭാര്യ ഹെരോദിയയെ സ്വീകരിച്ചു അന്തിപ്പാസ്. വലിയ തെററാണതു്, അന്നത്തെ രീതിക്കു്.

അതേ, വലിയ തെററാണു്—അതു രാജാവിൻെറ മുഖത്തു നോക്കി പറഞ്ഞു യോഹന്നാൻസ്നാപകൻ. അന്തിപ്പാസ് യോഹന്നാനെ തടവിലാക്കി—തെററു ചൂണ്ടിക്കാണിച്ചതിനുള്ള ശിക്ഷ!

തടവിലാക്കി എന്നേയുള്ളു. വധിച്ചില്ല. യോഹന്നാനു് എന്തോ ദിവ്യത്വമുണ്ടെന്നു് രാജാവിനു തോന്നിയിരുന്നു.

പക്ഷേ, ഒരുവൾ തക്കംപാർത്തിരിക്കയാണു് യോഹന്നാനെ കൊല്ലാൻ. അവൾ ആരെന്നോ? ഹെരോദിയാരാജ്ഞിതന്നെ. ദുഷ്ടയായിരുന്നു ഹെരോദിയ. തൻെറ തെററും ചൂണ്ടിക്കാട്ടിയില്ലേ യോഹന്നാൻ? അവനോടു പകരംചോദിക്കണം. എന്നിട്ടേ അടങ്ങൂ. നല്ല അവസരം വരട്ടെ. അന്നാകാം.

യേശു ക്രിസ്തുവായി അറിയപ്പെടുന്നു.

ക്രിസ്തു ഗലീലയിലേക്കു പോയി. കടല്ക്കരയിലൂടെ നടക്കുമ്പോൾ രണ്ടുപേരെ കണ്ടു. മീൻപിടുത്തക്കാരാണു് അവർ. സഹോദരന്മാരും. ഒന്നു്, പത്രോസ് എന്നു പിന്നീടു പേരുകിട്ടിയ ശിമോൻ; രണ്ടു്, അന്ത്രെയാസ്. വല വീശുകയാണു് അവർ. അവരുടെ മുമ്പിൽ നില്പായി ക്രിസ്തു.

"എന്നോടുകൂടി വരിൻ. ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കാം." ക്രിസ്തു പറഞ്ഞു.

എന്തൊരു ശക്തിയാണു് ആ വാക്കുകൾക്കു്! വിശേഷപ്പെട്ട, ദിവ്യമായ ശക്തി! അതിനു് അടിമപ്പെട്ടു ശിമോൻപത്രോസും അന്ത്രെയാസും. ആ നിമിഷം അവരുടെ ജീവിതം തകിടംമറിഞ്ഞു. ആരെയും അതിശയിപ്പിക്കുന്ന വമ്പിച്ചൊരു മാറ്റം! അവർ വലയെ അപ്പാടെ ഉപേക്ഷിച്ചു; മീൻപിടുത്തത്തെയും. എന്നിട്ടു ക്രിസ്തുവിൻെറ പുറകെ പോയി.

'നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കാം.'—ക്രിസ്തുവിന്റെ ആ വാക്കുകൾ! അവയ്ക്കു് ഒരു അർത്ഥമുണ്ടു്. മനുഷ്യരെ നന്നാക്കാനാണു് ക്രിസ്തുവിൻെറ ഉദ്യമം. മനുഷ്യർ പാപികളാണു്. അവർ തിന്മയാകുന്ന വൻകടലിൽ കിടന്നു് ഉഴലുകയാണു്. അവരെ കര

KOTTAYAM.

കയററണം. അതിനു ചില സഹായികൾ വേണം. ആ സഹായികൾ തൻെറ ശിഷ്യന്മാരാകണം; തൻെറ ആജ്ഞയനുസരിച്ചു പ്രവത്തിക്കണം. അതാണു ക്രിസ്തുവിൻെറ നിശ്ചയം.

ഇനിയുമുണ്ടു് രണ്ടു സഹോദരന്മാർ. സെബെദിയുടെ പുത്രന്മാരായ യാക്കോബും യോഹന്നാനും. അവരും മീൻപിടുത്തക്കാരാണു്. അവരെയും ക്രിസ്തു വിളിച്ചു. ഫിലിപ്പോസ്, നഥനിയേൽ എന്ന രണ്ടുപേരെയും. അവരുടെയും ജീവിതം വഴിമാറി. അവരും ക്രിസ്തുവിൻെറ പുറകെ പോയി.

"എന്നോടുകൂടി വരു!"—എന്തൊരാജ്ഞ! ആജ്ഞാപിക്കപ്പെട്ടുന്നവർ അനുസരിക്കുന്നു; സകലതും ഉപേക്ഷിക്കുന്നു; ക്രിസ്തുവിൻെറ പുറകെ പോകുന്നു!

ഇനിയങ്ങോട്ടു് അത്ഭുതങ്ങളുടെ കഥയാണു്—ക്രിസ്തുവിൻെറ ദിവ്യശക്തി പ്രവത്തിച്ച അത്ഭുതങ്ങൾ!

കാന എന്നൊരു പട്ടണമുണ്ടു് ഗലീലയിൽ. കാനയിൽ ഒരു കല്യാണം നടക്കുകയാണു്. കല്യാണത്തിനു വന്നിട്ടുണ്ടു് അതിഥികൾ അനേകം. കൂട്ടത്തിൽ മറിയയും ക്രിസ്തുവും ശിഷ്യന്മാരും.

മുന്തിരിച്ചാറു്, അല്ലെങ്കിൽ വീഞ്ഞു്—അതു പകന്നുകൊടുക്കാറുണ്ടു് കല്യാണത്തിനു വന്ന അതിഥികൾക്കു്. കാനയിലെ കല്യാണത്തിനും വീഞ്ഞുണ്ടായിരുന്നു. പക്ഷേ, വീഞ്ഞു തീന്നുപോയി. വീഞ്ഞു കിട്ടാത്ത അതിഥികൾ ബാക്കിയുണ്ടുതാനും. ആ വിവരം മറിയ മകനോടു പറഞ്ഞു. ആറു കല്പാത്രങ്ങളുണ്ടു് അവിടെ. ഓരോ കല്പാത്രത്തിലും അഞ്ചാറുപറ വെള്ളം കൊള്ളും. ക്രിസ്തു വാല്യക്കാരോടു് ഒന്നാവശ്യപ്പെട്ടു: ആറു കൽപ്പാത്രങ്ങളിലും വെള്ളം നിറയ്ക്കണം. അപ്രകാരം ചെയ്തു വാല്യക്കാർ. ആ വെള്ളം വീഞ്ഞായി മാറിയിരിക്കുന്നു—ഒന്നാംതരം വീഞ്ഞു്! കല്യാണത്തിനു വന്നവക്കു പിന്നീടു ധാരാളം വീഞ്ഞുകിട്ടി. അവർ അറിഞ്ഞില്ല ക്രിസ്തു വെള്ളത്തെ വീഞ്ഞായി മാററിയെന്നു്—വാല്യക്കാർ മാത്രം അറിഞ്ഞെങ്കിലും.

നാടുചുററി നടന്നുതുടങ്ങി ക്രിസ്തു. ക്രിസ്തുവിനോടൊന്നിച്ചു ശിഷ്യന്മാരും.

ശമയ്യ എന്നൊരു ദേശമുണ്ടു്. ആ ദേശത്തുടെ പോവുകയായിരുന്നു ഒരിക്കൽ. നട്ടുച്ചയായിട്ടുണ്ടു നേരം. യാത്രാക്ഷീണമുണ്ടു്. ദാഹവും. ഒരു കിണറു കണ്ടു. ക്രിസ്തു കിണററിനരികെ ഇരിപ്പായി.

ശിഷ്യന്മാർ അടുത്ത പട്ടണത്തിലേക്കു പോയി. ആഹാരം മേടിച്ചു കൊണ്ടുവരണം.

ഒരു ശമയ്യക്കാരി വന്നു, വെള്ളം കോരാൻ.

"എനിക്കു വെള്ളം തരൂ," ക്രിസ്തു പറഞ്ഞു.

"എന്താണിതു്? അങ്ങൊരു യഹൂദൻ. ഞാനോ, ഒരു ശമയ്യക്കാരി. അങ്ങു് എന്നോടു വെള്ളം ആവശ്യപ്പെടുന്നോ?" അവൾ അത്ഭുതത്തോടെ ചോദിച്ചു.

അത്ഭുതത്തിനു കാരണമുണ്ടു്. ശമയ്യക്കാർ താഴ്ന്നവരാണു്, യഹൂദന്മാരുടെ കണ്ണിൽ. യഹൂദന്മാർ അവരെ തൊട്ടുണ്ണാറില്ല, തൊട്ടുപെരുമാറാറില്ല.

"ദൈവം എന്തു തരുന്നു, വെള്ളം ചോദിക്കുന്നതാരു്, എന്നു നീ അറിഞ്ഞിരുന്നെങ്കിലോ. നീ അയാളോടു വെള്ളം ചോദിക്കുമായിരുന്നു. അയാൾ നിനക്കു ജീവനുള്ള വെള്ളം തരുമായിരുന്നു," ക്രിസ്തു ഉത്തരം പറഞ്ഞു.

"യജമാനനേ, അങ്ങയുടെ പക്കൽ തൊട്ടിയില്ല. കിണററിനു് ആഴവുമുണ്ടു്. അങ്ങെനിക്കു് എങ്ങനെ ജീവനുള്ള വെള്ളം തരും?" ശമയ്യക്കാരി മനസ്സിലാവാതെ ചോദിച്ചു.

"ഈ വെള്ളം കുടിക്കുന്നവക്കെല്ലാം പിന്നീടും ദാഹിക്കും. പക്ഷേ, ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവക്കു പിന്നീടു ദാഹിക്കയില്ല. നിത്യജീവനുവേണ്ടി ഉള്ളിലുള്ള ഉറവയാണു് ഞാൻ കൊടുക്കുന്ന വെള്ളം," ക്രിസ്തു പറഞ്ഞു.

"ആ വെള്ളം എനിക്കു തരിക. പിന്നീടു് എനിക്കു ദാഹിക്കയില്ലല്ലൊ. വെള്ളത്തിനായി ഇത്രദൂരം വരികയും വേണ്ടല്ലൊ." ശമയ്യക്കാരി പറഞ്ഞു, അത്ഥം മുഴുവൻ ഗ്രഹിക്കാതെ.

സംസാരം തുടന്നുപോയി. ക്രിസ്തുവിനു് അവളെ പരിചയമില്ല. ആദ്യമായിട്ടു കാണുകയാണു്. എങ്കിലും അവളുടെ രഹസ്യങ്ങളെല്ലാം പറഞ്ഞു. അവൾ ചെയ്തിട്ടുള്ള തെററും. പറഞ്ഞതൊക്കെ ശരി! ഇതെങ്ങനെ സംഭവിച്ചു? അവൾക്കു് അതിയായ ആശ്ചയ്യമുണ്ടായി. അപ്പോൾ ക്രിസ്തു പരമാത്ഥം പറഞ്ഞു: താൻ തന്നെയാണു മശിഹ!

അപ്പോഴെയ്ക്കും മടങ്ങിയെത്തി ശിഷ്യന്മാർ. ഗുരുവുണ്ടു് നീചസ്ത്രീയോടു സംസാരിക്കുന്നു! അവക്കുമുണ്ടായി അത്ഭുതം.

സ്ത്രീ പട്ടണത്തിലേക്കു മടങ്ങിപ്പോയി. എല്ലാവരോടും പറഞ്ഞു മശിഹയെ കണ്ട വിവരം. അനേകം ശമയ്യക്കാർ ധൃതിയിൽ

വന്നെത്തി. അവക്കും ബോധ്യമായി പരമാത്ഥം. അവർ മററുള്ളവരോട്ട പറഞ്ഞു. കേട്ടവർ ഇനിയുള്ളവരോട്ട്. ക്രമേണ ആ ശ്രുതി നാലുചുററും പരന്നു: മശിഹ വന്നിരിക്കുന്നു!

രണ്ടു ദിവസം അവിടെ താമസിച്ചു ക്രിസ്തു—ശമയ്യക്കാരുടെ അതിഥിയായിട്ട്. പിന്നീട്ട് അവിടന്നു യാത്രയായി. വീണ്ടും കാനയിലെത്തി. രാജാവിൻെറ ഒരു ഉദ്യോഗസ്ഥനുണ്ടു് അവിടെ. അയാൾക്കു് ഒരു മകനുണ്ടു്, കഫന്നഹ്മിൽ. മകനു ദീനമാണു്. ദീനമെന്നാൽ കടുത്തദീനം. മരുന്നുകൾക്കു ഫലമില്ല. മരിക്കാൻ കിടക്കുന്നു. ഉദ്യോഗസ്ഥനോ, സഹിക്കാനാവാത്ത സങ്കടവും. അപ്പോൾ അയാൾക്കു് അതറിവായി—ക്രിസ്തു വന്നിരിക്കുന്നു. ക്രിസ്തുവിനെപ്പററി അയാൾ കേട്ടിട്ടുണ്ടു്. ക്രിസ്തു ദിവ്യനെന്നു് ആളുകൾ പറയുന്നു. തെളിവുകളും എടുത്തുകാട്ടുന്നുണ്ടു്. ക്രിസ്തു ഒന്നു കനിഞ്ഞാൽ മതി, മകൻ ജീവിക്കും. അതായിരുന്നു ഉദ്യോഗസ്ഥൻെറ വിശ്വാസം.

അയാൾ ക്രിസ്തുവിനെ കണ്ടു് അപേക്ഷിച്ചു: "കഫന്നഹ്മിലേക്കു ചെല്ലണം, മകനെ രക്ഷിക്കണം."

"വീട്ടിലേക്കു പോകു. മകൻ ജീവിക്കും," ക്രിസ്തു അനുകമ്പയോടെ അരുളിച്ചെയ്തു.

ഉദ്യോഗസ്ഥൻ യാത്രയായി.

വഴിയിൽവെച്ചു് ഭൃത്യന്മാർ വരുന്നതു കണ്ടു. അവർ വന്നതെന്തിനു്? ഒരു വത്തമാനം അറിയിക്കാൻ. യജമാനന്റെ മകനു ദീനം വളരെ ഭേദമുണ്ടു്; ഇനി മരിക്കയില്ല, തീച്ച്!

ഉദ്യോഗസ്ഥൻെറ സന്തോഷം പറയാനുണ്ടോ? ക്രിസ്തുവിനോടുള്ള നന്ദിക്കു് അതിരുണ്ടോ? അയാൾക്കു പൂണ്ണമായ വിശ്വാസമായി, ക്രിസ്തു മശിഹതന്നെ. അയാൾക്കു മാത്രമല്ല, വീട്ടുകാക്കെല്ലാം. അങ്ങനെ മാറി അവരുടെ ജീവിതങ്ങളും.

അപ്പോൾ, ക്രിസ്തുവിൻെറ ഒരു ശക്തികൂടി തെളിഞ്ഞു. രോഗങ്ങൾ മാററാൻ കഴിയും—മരുന്നുകൊണ്ടല്ല, മന്ത്രംകൊണ്ടല്ല, ആത്മശക്തികൊണ്ടു്!

ദൂരത്തു നിന്നാണല്ലോ രോഗം മാററിയതു്. ഇതാ, ചാരത്തു ചെന്നു നേരിട്ടും മാററുകയായി.

ഒരു ഉത്സവംനടക്കുകയാണു് യെരൂശലേമിൽ. അവിടെ എത്തിച്ചേന്നു ദൈവപുത്രൻ.

യെരുശലേമിൽ ബേഥെസ്ദാ എന്ന സ്ഥലത്ത് ഒരു കുളമുണ്ട്. കുളത്തിനരികെ കൂടിയിരിപ്പുണ്ട് ആളുകൾ. കുരുടന്മാർ. മുടന്തന്മാർ. രോഗികൾ. അവശന്മാർ. നിസ്സഹായന്മാർ. വലിയൊരുകൂട്ടം.

കുളത്തിനു് ഒരു വിശേഷമുണ്ട്. വിശേഷമെന്നാൽ, വലിയ വിശേഷം! ഇടയ്ക്കിടയ്ക്ക് ഒരു ദൈവദൂതൻ വരും; കുളത്തിൽ ഇറങ്ങും; വെള്ളം കലക്കും. ആ വെള്ളത്തിൽ ആദ്യം ചാടിയാലോ? ചാടുന്നവനു് എന്തു രോഗമായാലും ശരി, ആ രോഗം തൽക്ഷണം ശമിക്കും!

ദേഹത്തിനു് ഒട്ടും സ്വാധീനമില്ല—അങ്ങനെ ഒരുവനുണ്ട് രോഗികളുടെ കൂട്ടത്തിൽ. ഇന്നോ ഇന്നലെയോ ഉണ്ടായതല്ല അവന്റെ അവശത. മുപ്പത്തെട്ടു വർഷമായി. അവന്റെ അടുക്കലേക്കു ചെന്നു ക്രിസ്തു.

"നിനക്കു സുഖപ്പെടാൻ ആഗ്രഹമുണ്ടോ?" ക്രിസ്തു ചോദിച്ചു.

"യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിലിറക്കാൻ ആളില്ല. ഞാൻ അനങ്ങുമ്പോഴേക്കും മറെറാരുത്തൻ ചാടിക്കളയുന്നു," രോഗി അറിയിച്ചു. പാവം, എന്തുചെയ്യാനൊക്കും?

"എഴുന്നേററു നിൽക്കു. നിന്റെ കിടക്ക എടുക്കു. നടക്കു!" ക്രിസ്തു ആജ്ഞാപിച്ചു.

മുപ്പത്തെട്ടു വർഷമായി അനങ്ങാൻവയ്യാത്തവൻ. എന്നിട്ടിതാ അവൻ എഴുന്നേററു നില്ക്കുന്നു, കിടക്ക എടുക്കുന്നു, നടന്നുപോകുന്നു!

അന്നു ശബ്ബത്ത്ദിവസം ആയിരുന്നു.

ശബ്ബത്ത്ദിവസം എന്തൊക്കെ ചെയ്യണം? എന്തൊക്കെ ചെയ്തുകൂടാ? അതിനു നിയമങ്ങളുണ്ട്. അണുവോളം മാററിക്കൂട ആ നിയമങ്ങൾ, അതാണ് യഹൂദന്മാരുടെ വഴക്കം. കുട്ടികൾ ആദ്യം ശബ്ബത്തിന്റെ നിയമങ്ങൾ പഠിക്കും. എഴുത്തും കണക്കുമൊക്കെ പിന്നീടു മതിയാവും. ശബ്ബത്തിന്റെ നിയമങ്ങൾ ആരെങ്കിലും തെററിച്ചാലോ? വലിയ കുററമാണ്.

കിടക്ക എടുത്തു നടന്നുകൂട—അങ്ങനെയുമുണ്ട് ഒരു ശബ്ബത്ത് നിയമം എന്നിരിക്കെ, ഇതാ ഒരുവൻ ആ നിയമം ലംഘിക്കുന്നു! കണ്ടുനിന്നവർക്ക് അരിശംതോന്നി.

"എടോ, ഇന്നു് ശബ്ബത്താണ്. ശബ്ബത്തിനു കിടക്ക എടുത്തു നടക്കാൻ നിനക്കു് അനുവാദമില്ല," അവർ വിളിച്ചുപറഞ്ഞു.

"എന്നെ സുഖപ്പെടുത്തിയ ആൾ പറഞ്ഞു, 'കിടക്ക എടുക്കു, നടക്കൂ' എന്നു്," രോഗം ശമിച്ചവൻ സമാധാനംപറഞ്ഞു.

"നിന്നോടു കിടക്ക എടുത്തു നടക്കാൻ പറഞ്ഞ ആൾ ആരാണു്?" അവർ ചോദിച്ചു.

ഒരാൾ വന്നു, സുഖപ്പെടുത്തി—അത്രയേ അവനു് അറിയാവൂ. എവിടന്നു വന്നു എന്നറിഞ്ഞുകൂടാ. മുമ്പു കണ്ടിട്ടില്ല. ഇനി കണ്ടാൽ അറിയാം. പക്ഷേ, ആൾത്തിരക്കു് അധികം. ആളെ കാണാനില്ലതാനും.

കുറെക്കഴിഞ്ഞു് അവർ വീണ്ടും കണ്ടുമുട്ടി—സുഖപ്പെട്ട ആളും സുഖപ്പെടുത്തിയ ആളും.

"നിനക്കു വീണ്ടും സുഖമായസ്ഥിതിക്കു പാപമാർഗ്ഗം ഉപേക്ഷിക്കൂ. അല്ലാത്തപക്ഷം കൂടുതൽ ദുരിതം അനുഭവിക്കേണ്ടിവരും." ക്രിസ്തു താക്കീതുനല്കി.

ശബ്ബത്തല്ലേ? ചികിത്സിക്കാമോ? പാടില്ല. തീർച്ചയായും പാടില്ല! മിക്കവക്കും അതാണു് അഭിപ്രായം. അവരുടെ മനസ്സിൽ പക കടന്നുകൂടി.

ക്രിസ്തുവിനെ വിശ്വസിക്കുന്നവർ, ക്രിസ്തുവിനോടു വിരോധമുള്ളവർ—ഇരുകൂട്ടരുടെയും സംഖ്യ വദ്ധിച്ചുകൊണ്ടിരുന്നു.

ക്രിസ്തുവിനെപ്പററിയുള്ള വത്തമാനം നാടാകെ പരക്കുകയാണു്. ക്രിസ്തു ദൈവാലയങ്ങളിൽ ചെല്ലും. അവിടെ പ്രാത്ഥനയ്ക്കു വരുന്നവരുണ്ടു്. അവരോടു സംസാരിക്കും. അവരെ പഠിപ്പിക്കും. അവരെ ഉപദേശിക്കും. എന്തൊരു സ്വരമാണു്! ആത്മാവിൽ ചുഴിഞ്ഞിറങ്ങുംപോലെ! എന്തു പാണ്ഡിത്യം! എന്തു് അധികാരം! എന്തു ദിവ്യത്വം!

ഒരു പട്ടണത്തിൽനിന്നു മറെറാരു പട്ടണത്തിലേക്കു്; അവിടന്നു് ഇനിയൊരു പട്ടണത്തിലേക്കു്—അങ്ങനെ സഞ്ചരിച്ചു ദൈവപുത്രൻ, ശിഷ്യന്മാരോടൊന്നിച്ചു്.

കഫർന്നഹൂമിൽവെച്ചുണ്ടായി പുതിയ മാതിരി ഒരു അത്ഭുതം.

ദുർഭൂതം ബാധിച്ച ഒരുവനുണ്ടു് അവിടെ.

ക്രിസ്തുവിനെ കണ്ടതേയുള്ളു, അവൻ ഉറക്കെ നിലവിളിച്ചു: "നസറെത്തിലെ യേശൂ, ഞങ്ങളോടു് എന്തിനാണു ഭാവം? ഞങ്ങളെ നശിപ്പിക്കാൻ വന്നതോ? എനിക്കറിയാം അങ്ങു് ആരെന്നു്—ദൈവപുത്രൻ!"

വാസ്തവത്തിൽ അവനല്ല നിലവിളിച്ചതു്—അവനിൽ കുടി

കൊള്ളുന്ന ദുർഭ്ഭൂതം. 'ഞങ്ങൾ' എന്നതു ദുർഭ്ഭൂതങ്ങളെ ഉദ്ദേശിച്ചു പറഞ്ഞതാണു്. ദുർഭ്ഭൂതങ്ങൾക്കു് യേശുവിനെ അറിയാം.

"നിശ്ശബ്ദം! അവനെ വിട്ടു പുറത്തുവാ!" ക്രിസ്തു ദുർഭ്ഭൂതത്തോടു് ആജ്ഞാപിച്ചു.

ക്രിസ്തുവിൻെറ ആജ്ഞയല്ലേ? അനുസരിക്കാതെ നിവൃത്തിയുണ്ടോ? ദുർഭ്ഭൂതം ഉടനെ വിട്ടുമാറി. ആ മനുഷ്യനോ, ഒരു കേടും ഇല്ലതാനും!

കണ്ടവർ, കേട്ടവർ, വിസ്മയിച്ചു. ഒരാൾ ദുർഭ്ഭൂതത്തോടു് ആജ്ഞാപിക്കുന്നു 'ഇറങ്ങിപ്പോ!' എന്നു്. ഉടനെ ദുർഭ്ഭൂതം ഇറങ്ങിപ്പോകുന്നു. ആജ്ഞയിലോ, എന്തു് അധികാരം! എന്തു ശക്തി! ഈ അധികാരം, ഈ ശക്തി, എവിടന്നു കിട്ടി?

ആ ദേശമാകെ ഒന്നായി സംസാരത്തിൻെറ വിഷയം—ക്രിസ്തുവിൻെറ മാഹാത്മ്യം!

ക്രിസ്തു നേരെ പോയതു ശിമോൻ പത്രോസിൻെറ വീട്ടിലേക്കാണു്. ശിഷ്യന്മാരിൽ പ്രധാനിയാണു പത്രോസ്. പത്രോസിൻെറ ഭാര്യയുടെ അമ്മയ്ക്കു പനിയാണു്. ഏററവും കടുത്ത പനി.

ക്രിസ്തു അടുക്കലേക്കു ചെല്ലുന്നതേയുള്ളു—അതാ വിട്ടുമാറുന്നു പനി!

ചുററിനുമുള്ള ചില വീടുകളിലും രോഗികളുണ്ടു്. ആ രോഗികളെ ക്രിസ്തുവിൻെറ അടുക്കലേക്കു കൊണ്ടുവന്നു, അവരുടെ ബന്ധുക്കൾ. രോഗം മാറിക്കിട്ടി സകലക്കും.

രോഗങ്ങൾ മാത്രമല്ല. ദുർഭ്ഭൂതങ്ങളുടെ ബാധയും. എത്രയെത്ര ദുർഭ്ഭൂതങ്ങൾ! അവയെല്ലാം മനുഷ്യരെ വിട്ടിറങ്ങി. അവ വിളിച്ചു പറഞ്ഞു: "അങ്ങു് ദൈവപുത്രൻതന്നെ!"

രാവിലെ ക്രിസ്തു തനിച്ചിറങ്ങി. ഒരൊഴിഞ്ഞ സ്ഥലം വേണം. കുറച്ചൊന്നു സൈ്വരമായിരിക്കണം. പക്ഷേ, ആളുകൾ സമ്മതിച്ചില്ല. അവർ ക്രിസ്തുവിനെ കണ്ടുപിടിച്ചു. വിട്ടുപിരിയാൻ മനസ്സുവരുന്നില്ല. രക്ഷിതാവാണു ദൈവപുത്രൻ. അതവൎക്കു ബോദ്ധ്യമായിരുന്നു. നേരിട്ടു കണ്ടതല്ലേ അത്ഭുതങ്ങൾ? അവ അവരെ അടിമപ്പെടുത്തി. അവർ യാചിച്ചുപോകരുതെന്നു്. ക്രിസ്തുവിൻെറ ഉത്തരം എന്തായിരുന്നു?

"എനിക്കു സ്വൎഗ്ഗരാജ്യത്തിൻെറ നല്ല വൎത്തമാനം മററു പട്ടണങ്ങൾക്കും കൊടുക്കണം. അതിനാണു് ഞാൻ അയയ്ക്കപ്പെട്ടതു്."

ക്രിസ്തുവിൻെറ സഞ്ചാരം തുടൎന്നുപോയി—ശിഷ്യന്മാരോടു

കൂടി; കാൽനടയായിട്ട്; പാപികളുടെ മനസ്സുമാററിക്കൊണ്ടു്; അവരെ നന്മയിലേക്കു നയിച്ചുകൊണ്ടു്; അവക്കു സ്വർഗ്ഗരാജ്യം കാണിച്ചുകൊണ്ടു്. അതിനിടയിൽ രോഗങ്ങളും മാററുന്നുണ്ടു്—വൈദ്യന്മാർ കൈവിട്ട രോഗങ്ങൾ; മരുന്നില്ലാത്ത രോഗങ്ങൾ.

കുഷ്ഠരോഗം—അതിനെയാണു് അന്നത്തെ ആളുകൾക്കു് ഏററവും ഭയം. അതിനോടാണു് ഏററവും അറപ്പു്. കുഷ്ഠരോഗികളെ തൊടുകയില്ല. അതെന്തിനു്, കാണുകപോലുമില്ല. കണ്ടാലോ? ഓടിപ്പൊയ്ക്കളയും.

ഒരുവഴിക്കു പോവുകയായിരുന്നു ക്രിസ്തു. വഴിയിലുണ്ടു് ഒരു കുഷ്ഠരോഗി. അങ്ങേയററം ആയിരിക്കുന്നു രോഗം. ദേഹം മുഴുവനും അളിഞ്ഞു നാറുന്നു.

"കർത്താവേ, അങ്ങു വിചാരിച്ചാൽ മതി, എന്നെ സുഖപ്പെടുത്താം," രോഗി ദയനീയമായി പറഞ്ഞു.

മററു മനുഷ്യർ അടുത്തു ചെല്ലുകയില്ല. കാണുകപോലുമില്ല. എന്നിട്ടാണു തൊടുന്നതു്! പക്ഷേ, മററു മനുഷ്യരെപ്പോലെ അല്ല ക്രിസ്തു. ദൈവപുത്രൻ കുഷ്ഠരോഗിയുടെ നേക്കു കൈനീട്ടി. എന്നിട്ട് അവനെ ഒന്നു തൊട്ടു. ഒരു നിമിഷം—രോഗം നിശ്ശേഷം മാറി!

ഈ വിവരം ആരോടും പറയരുതെന്നു ക്രിസ്തു അവനോടു ചട്ടംകെട്ടി. പക്ഷേ, എല്ലാരും അറിഞ്ഞു. കൂടുതൽ രോഗികൾ വന്നുതുടങ്ങി—ക്രിസ്തുവിൻെറ തൃക്കൈകൾ തൊടുന്ന സുഖമേല്ക്കാൻ; അങ്ങനെ പൂർണ്ണമായ ആശ്വാസം ലഭിക്കാൻ. കൂടുതൽ ആരോഗ്യവാന്മാരും വന്നുതുടങ്ങി—ക്രിസ്തുവിനെക്കാണാൻ; അരികത്തു നില്ക്കാൻ; ഉപദേശം കേൾക്കാൻ. ഹാ! എന്തൊരു ഉപദേശം! കേട്ടാൽ മനസ്സിനു് എന്തു ശാന്തി!

ഒരിക്കൽ ക്രിസ്തു ഉപദേശിക്കയായിരുന്നു. വലിയൊരു ജനക്കൂട്ടമുണ്ടു കേൾക്കാൻ. അവരുടെയിടയിൽ ചില പരീശന്മാരും.

പഠിപ്പുള്ള യഹൂദന്മാർ പൊതുവെ രണ്ടു വിഭാഗക്കാരാണു്. പഠിച്ചവർ എന്നാൽ പഴയനിയമങ്ങൾ പഠിച്ചവർ. പല കാലമായി എഴുതിവെച്ചിട്ടുണ്ടു് ആ നിയമങ്ങൾ. അവ മാത്രമേ അനുസരിക്കാവൂ; എഴുതാത്ത നിയമങ്ങൾക്കു വിലയില്ല—അതാണു് ഒരു വിഭാഗക്കാരുടെ നിലപാടു്. മനുഷ്യൻ മരിച്ചാൽ പിന്നീടു ജീവിതമില്ല—ആ വിശ്വാസവും അവക്കുണ്ടു്. അവരാണു് സാദ്ദൂക്യർ.

മറെറ വിഭാഗക്കാരോ? തലമുറകളായി അനുസരിക്കുന്ന നിയ

മങ്ങളുണ്ടു് ചിലതു്. അവ എഴുതിവെച്ചിട്ടില്ല. വഴക്കങ്ങൾ, അല്ലെങ്കിൽ കീഴ്പതിവുകൾ—അവയ്ക്കും വളരെ പ്രാധാന്യമുണ്ടു്. മരണത്തിനുശേഷവും ജീവിതമുണ്ടു്. അതൊക്കെയാണു് അവരുടെ വിശ്വാസം. അവരാണു പരീശന്മാർ.

അധികാരം, പ്രാബല്യം, ധനം—അവയൊക്കെ ക്രമത്തിലധികമുണ്ടു് പരീശന്മാർക്കു്. അവകൊണ്ടുള്ള ഗർവ്വും.

ക്രിസ്തുവിനോടു പക തുടങ്ങി സാദൂക്യർക്കും പരീശർക്കും. പകയ്ക്കു കാരണമുണ്ടു്. അവർക്കു സാധിക്കാത്ത പലതും ക്രിസ്തുവിനു സാധിക്കുന്നു. പോരെങ്കിൽ ക്രിസ്തു പുതിയ നിയമങ്ങളും ഉണ്ടാക്കുന്നു. ക്രിസ്തുവിനെ അനുസരിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. സാദൂക്യരുടെ, പരീശരുടെ, സ്വാധീനം കുറഞ്ഞുപോകുന്നു.

ഇപ്രാവശ്യം ചില പരീശന്മാരുമുണ്ടു് ജനക്കൂട്ടത്തിൽ.

അതാ വരുന്നു കുറെപ്പേർ, ഒരാളെ താങ്ങിയെടുത്തുകൊണ്ടു്. അയാൾക്കു നടക്കാൻ വയ്യ. അതെന്തിനു്, അനങ്ങാൻപോലും വയ്യ. പക്ഷവാതമാണു്. അയാളെ ക്രിസ്തു ഒന്നു തൊട്ടാൽമതി, അയാളുടെ പക്ഷവാതം മാറും. അത്രകണ്ടു വിശ്വാസമുണ്ടു് അവർക്കു ക്രിസ്തുവിൽ. ക്രിസ്തുവിൻെറ മുമ്പിലെത്താൻ ശ്രമിക്കയാണു് അവർ. പക്ഷേ, സാധ്യമാവുന്നില്ല. അത്ര അധികമാണു് ആൾക്കൂട്ടത്തിൻെറ ഞെരുക്കം. ഒരടി മുന്നോട്ടു നീങ്ങാൻ കഴിയുന്നില്ല. രോഗിയെ ക്രിസ്തുവിൻെറ അടുക്കൽ എത്തിക്കാൻ ഒരു വഴിയേ കണ്ടുള്ളു. അവർ കെട്ടിടത്തിന്റെ കൂരയിൽ കയറി. കൂര പൊളിച്ചു. എന്നിട്ടു് അതിലൂടെ രോഗിയെ ഇറക്കി—കിടക്കയോടുകൂടി, ക്രിസ്തുവിൻെറ മുമ്പിലേക്കു്!

കണ്ടോ, ക്രിസ്തുവിലുള്ള വിശ്വാസം! ചോദ്യമില്ലാത്ത വിശ്വാസമാണു്, കണ്ണുമടച്ചുള്ള വിശ്വാസമാണു്. തൽക്ഷണം കിട്ടുകയായി അതിനുള്ള പ്രതിഫലം.

"നിൻെറ പാവങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു!" ക്രിസ്തു രോഗിയോടു് അരുളിച്ചെയ്തു.

കണ്ടും കേട്ടും നില്ക്കയാണു പരീശന്മാർ. അവർ മുഖത്തോടു മുഖം നോക്കി. തമ്മിൽ മുറുമുറുക്കയും ചെയ്തു. ദൈവത്തിനു വിപരീതംപറയുന്നോ? ദൈവമല്ലേ പാപങ്ങൾ ക്ഷമിക്കുക? ഇവനെന്തു് അധികാരം? അത്രയ്ക്കു് ആരാണിവൻ?

എന്താണിവർ മുറുമുറുക്കുന്നതു്? എന്താണിവരുടെ വിചാരം? സകലതും മനസ്സിലായി ക്രിസ്തുവിനു്.

"പാപങ്ങൾ ക്ഷമിക്കാൻ എനിക്കു ഭൂമിയിൽ അധികാരമുണ്ട്. അതു നിങ്ങൾക്കു് അനുഭവപ്പെടുത്താം," ക്രിസ്തു പരീശന്മാരോടു പറഞ്ഞു. എന്നിട്ടു രോഗിയുടെനേക്കു തിരിഞ്ഞു.

"ഞാൻ നിന്നോടു പറയുന്നു, എഴുന്നേററു നിൽക്കു. കിടക്ക എടുക്കു. വീട്ടിലേക്കു പോകൂ!"

പറഞ്ഞു തീൎന്നില്ല, അതിനുമുമ്പ് അനങ്ങാൻവയ്യാത്ത രോഗി എഴുന്നേററു, കിടക്ക എടുത്തു, നടന്നുപോയി—ദൈവത്തെ വാഴ്ത്തിക്കൊണ്ടു്.

കണ്ടവർ വിസ്മയിച്ചു. എങ്ങനെ വിസ്മയിക്കാതിരിക്കും?

ക്രിസ്തു അവിടുന്നു യാത്രയായി. ചുങ്കസ്ഥലംവഴിയാണു പോയതു്. അവിടെ ഇരിപ്പുണ്ടു് ഒരു ചുങ്കക്കാരൻ.

"എന്നോടുകൂടി വരൂ," ക്രിസ്തു ആജ്ഞാപിച്ചു.

ഉടനെ എഴുന്നേററു ചുങ്കക്കാരൻ ക്രിസ്തുവിന്റെ പുറകേ നടന്നു. അയാൾ ക്രിസ്തുവിനായി സൎവ്വവും സമൎപ്പിച്ചു. അങ്ങനെ പുതിയ ജീവിതത്തിൽ കാലുവെച്ചു. ക്രിസ്തുവിൻെറകൂടെയുള്ള ജീവിതം! പുണ്യം നിറഞ്ഞ ജീവിതം!

ആ ചുങ്കക്കാരനാണു പിന്നീടു ക്രിസ്തുകഥയായ സുവിശേഷം എഴുതിയ മത്തായി!

ക്രിസ്തു ശിഷ്യന്മാരെ ഒന്നൊന്നായി തെരഞ്ഞെടുക്കുന്നു. അവരോടു് ആജ്ഞാപിക്കുന്നു. "എന്നോടുകൂടി വരൂ!" എന്നു്. അവർ അപ്പാടെ അനുസരിക്കുന്നു. പഴയ ബന്ധങ്ങളുടെ കെട്ടിൽനിന്നു സ്വയം ഊൎന്നിറങ്ങുന്നു. പുതിയൊരു ബന്ധത്തിൽ കുടുങ്ങുകയും ചെയ്യുന്നു—ക്രിസ്തുവിനോടുള്ള ബന്ധം!

മത്തായി ഗുരുവിനു വീട്ടിൽവെച്ചു വിരുന്നുനല്കി.

മററു ശിഷ്യന്മാരുമുണ്ടു് വിരുന്നിനു്. മാത്രമല്ല, ചില ചുങ്കക്കാരും.

ചുങ്കക്കാർ പാപികളെന്നു കരുതുന്നുണ്ടു് പലരും. മനുഷ്യരുടെ പാപം പോക്കുന്നവനാണത്രെ ക്രിസ്തു! എന്നിട്ടാണോ പാപികളോടുകൂടി വിരുന്നിൽ പങ്കുകൊള്ളുക? ആ ചോദ്യം പരീശന്മാർ ക്രിസ്തുവിൻെറ ശിഷ്യന്മാരോടു ചോദിച്ചു. അതറിഞ്ഞപ്പോൾ ക്രിസ്തു പറഞ്ഞു:

"ആരോഗ്യവാന്മാൎക്കല്ല വൈദ്യൻെറ ആവശ്യം. രോഗികൾക്കാണു്. ഞാൻ വന്നിരിക്കുന്നതു് ധൎമ്മിഷ്ഠന്മാരെ ക്ഷണിക്കാനല്ല. പാപികളോടു പശ്ചാത്തപിക്കാൻ ആവശ്യപ്പെടാനാണു്."

എന്താണ് അതിൻെറ അത്ഥം? ധമ്മിഷ്ഠന്മാക്കു ദൈവത്തിൻെറ അനുഗ്രഹമുണ്ടു്. അവക്കായി വിശേഷിച്ചൊന്നും ചെയ്യേണ്ടതായിട്ടില്ല. അങ്ങനെയല്ല പാപികളുടെ സ്ഥിതി. പക്ഷേ, പാപികൾക്കു പാപബോധം ഉണ്ടായെന്നുവരാം. അപ്പോഴാണു രക്ഷിതാവിൻെറ ആവശ്യം. രക്ഷിതാവു് അവരെ ധമ്മിഷ്ഠന്മാരാക്കും.

ഒരു ശബ്ബത്തുനാളിൽ വിളഭൂമിയിലൂടെ പോവുകയാണ് ക്രിസ്തു. ഒന്നിച്ചുണ്ടു് ശിഷ്യന്മാർ. കതിർ നിറഞ്ഞുകിടക്കുകയാണ്. ശിഷ്യന്മാർ കതിർ പറിച്ചു തിന്നു.

അതു കണ്ടല്ലൊ ചില പരീശന്മാർ! ക്രിസ്തുവിന്റെയും ശിഷ്യന്മാരുടെയും തെറ്റുകൾ കണ്ടുപിടിക്കണം. അതിനാണു സദാ അവരുടെ ശ്രമം. ശബ്ബത്തിനു കതിർ പറിച്ചു തിന്നാൻ പാടില്ല. നിയമം അതു വിലക്കിയിട്ടുണ്ടു്. അപ്പോൾ ഇച്ചെയ്തതു തെറ്റല്ലേ? അതായിരുന്നു അവരുടെ ചോദ്യം. ക്രിസ്തുവിൻെറ മറുപടിയോ? താൻ ശബ്ബത്തിനും മേലെയാണ് എന്ന്!

ഒരു മറുപടികൂടി കൊടുക്കണം. അതായിരുന്നു ക്രിസ്തുവിന്റെ ഗൂഢമായ നിശ്ചയം. ഒരു ശബ്ബത്തിനു ദൈവപുത്രൻ പ്രസംഗിക്കയാണു ദൈവാലയത്തിൽ. കേൾക്കുന്നവരുടെ കൂട്ടത്തിൽ ഒരു രോഗിയുമുണ്ടു്. അവന്റെ വലംകൈ ഉണങ്ങി ചുള്ളിപോലായിട്ടുണ്ടു്. അവനെ പ്രത്യേകം ശ്രദ്ധിക്കയാണു പരീശന്മാർ. അവനെ ക്രിസ്തു സുഖപ്പെടുത്തുമോ? സുഖപ്പെടുത്തിയാൽ തങ്ങൾക്കു പ്രയോജനപ്പെടും. ക്രിസ്തുവിൻെറ തെറ്റുകളുടെ കണക്കെടുക്കയാണ് അവർ. ഇനി ഒരുകാലത്തു് അതുകൊണ്ടു് ഉപയോഗമുണ്ടാവും—ക്രിസ്തുവിനെ ശിക്ഷിക്കേണ്ട കാലം വരുമ്പോൾ.

"എഴുന്നേറ്റു് ഇവിടെ വന്നു നിൽക്കു!" ക്രിസ്തു രോഗിയോടു് ആവശ്യപ്പെട്ടു.

അവൻ അനുസരിച്ചു.

ക്രിസ്തു പരീശന്മാരോടു തിരിഞ്ഞു ചോദിച്ചു: "ഞാൻ നിങ്ങളോടു ചോദിക്കുന്നു: നന്മ ചെയ്യാനോ അതോ തിന്മ ചെയ്യാനോ, ജീവൻ രക്ഷിക്കാനോ അതോ നശിപ്പിക്കാനോ, ശബ്ബത്തുനാളിൽ അനുവദിക്കപ്പെട്ടിട്ടുള്ളതു്?" അനന്തരം എല്ലാവരുടെയും മുഖത്തു ശ്രദ്ധിച്ചുനോക്കി—തറഞ്ഞിറങ്ങുന്ന നോട്ടം. എന്നിട്ടു രോഗിയോടു പറഞ്ഞു: "കൈ നീട്ടു!" ഉടനെ അവൻ കൈ നീട്ടി. മാത്രമോ? കൈ പൂണ്ണസുഖംപ്രാപിച്ചിരിക്കുന്നു!

പരീശന്മാരുടെ പക കൂടുതലായി. ക്രിസ്തുവിനു തക്കതായ

ശിക്ഷ നല്കണം. എന്തായിരിക്കണം, എപ്പോഴായിരിക്കണം, ശിക്ഷ? ആ വഴിക്കു തിരിഞ്ഞു അവരുടെ ആലോചന.

എപ്പോഴും ജനക്കൂട്ടമുണ്ടു ക്രിസ്തുവിൻെറ ചുററും. അക്കാരണത്താൽ ക്രിസ്തുവിനു വിശ്രമം കിട്ടുന്നില്ല. തനിച്ചിരുന്നു പ്രാർത്ഥിക്കണംതാനും. ചിലപ്പോഴൊക്കെ ജനങ്ങളെ വിട്ടുമാറും. ഏകാന്തതയിലേക്കു പോകും. പ്രാർത്ഥനയിൽ മുഴുകും.

ഒരുനാൾ ക്രിസ്തു കുന്നിൽ കയറി പ്രാർത്ഥന തുടങ്ങി. രാത്രി മുഴുവനും നീണ്ടുനിന്നു ആ പ്രാർത്ഥന. ഉഷസ്സ് പ്രകാശമരുളിയപ്പോൾ ക്രിസ്തു ശിഷ്യന്മാരെ അരികിൽ വിളിച്ചു. പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തു. അവക്ക് അപ്പോസ്തലന്മാർ എന്ന സ്ഥാനപ്പേരും നല്കി.

ശിമോൻ എന്ന പത്രോസ്; അയാളുടെ സഹോദരൻ അന്ത്രെയാസ്; സെബെദിയുടെ പുത്രന്മാരായ യാക്കോബ്, യോഹന്നാൻ, എന്നിവർ; ഫിലിപ്പോസ്; ബർത്തൊലൊമായി; തോമാസ്; മത്തായി; അല്ഫായുടെ മകൻ യാക്കോബ്; തദ്ദായി; മറെറാരു ശിമോൻ; ഇസ്കാര്യോത്ത് യൂദാ—അവരാണു പന്ത്രണ്ടുപേർ.

പത്രോസിനെക്കുറിച്ചു പ്രത്യേകം പറയേണ്ടതുണ്ടു്. നെട്ടംകായനാണ് അയാൾ. ബലവാനും. അതിരുകടന്ന വികാരമുണ്ടാവും ചിലപ്പോൾ. അപ്പോസ്തലന്മാരിൽ പ്രധാനിയാണ് അയാൾ. തനിക്കാണു ക്രിസ്തുവിനോടു കൂടുതൽ കൂറ്—അതാണു പത്രോസിന്റെ വിശ്വാസം. അതിൽ തെല്ലൊരു ഗർവ്വുമുണ്ടു്.

ഇസ്കാര്യോത്ത് യൂദായെയും പ്രത്യേകം ഓർമ്മിക്കണം. ചതിയന്മാരിൽ ചതിയനാണ് അയാൾ. ഇട്ടകൈയ്ക്കു കടിക്കുന്ന സർപ്പം! ഇപ്പോഴാരും അതറിഞ്ഞിട്ടില്ല. ഇനിയൊരു കാലത്തേ അറിയൂ. അന്ന് അയാൾ ഒരു വൻചതി ചെയ്യും. അയാളുടെ പേരു് ശപിക്കപ്പെട്ടും!

ക്രിസ്തു അപ്പോസ്തലന്മാർക്ക് ഒരു നിർദ്ദേശം നല്കി—യിസ്രായേലിൽ ചുററിസ്സഞ്ചരിക്കാൻ, തൻെറ ഉപദേശങ്ങൾ ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കാൻ.

"സഞ്ചരിക്കവേ ഈ സന്ദേശം വിളംബരംചെയ്യുവിൻ: 'സ്വർഗ്ഗരാജ്യം നിങ്ങൾക്കായി വന്നെത്തിയിരിക്കുന്നു.' രോഗികളെ സുഖപ്പെടുത്തുവിൻ. മരിച്ചവരെ ജീവിപ്പിക്കുവിൻ. കുഷ്ഠരോഗികളെ ശുദ്ധരാക്കുവിൻ. ദുർഭൂതങ്ങളെ ആട്ടിക്കളയുവിൻ."

എന്തൊക്കെ ചെയ്യണം, എന്തൊക്കെ ചെയ്തുകൂടാ—അതെല്ലാം വിശദമായി ഉപദേശിച്ചു ക്രിസ്തു. മററൊരു പ്രധാനകാര്യവും ചൂണ്ടിക്കാട്ടി. ഭയങ്കരമായ ദുരിതങ്ങൾ ഉണ്ടാവും.

"സൂക്ഷിച്ചിരിക്കുവിൻ. എന്തെന്നാൽ ആളുകൾ നിങ്ങളെ ന്യായാധിപന്മാരുടെ മുമ്പിലയയ്ക്കും. നിങ്ങളെ ദൈവാലയങ്ങളിൽ വെച്ച് അടിശിക്ഷ ഏല്പിക്കും. എനിക്കുവേണ്ടി നിങ്ങളെ ദേശവാഴികളുടെയും രാജാക്കന്മാരുടെയും മുമ്പിൽ കൊണ്ടുപോകും—അവരുടെയും അവിശ്വാസികളുടെയും മുമ്പിൽ സാക്ഷിപറയാനായിട്ട്. പക്ഷേ, നിങ്ങളെ പിടികൂടുമ്പോൾ, എന്താണു പറയേണ്ടതെന്ന് ആലോചിച്ചു വിഷമിക്കേണ്ട. സമയമാകുമ്പോൾ, നിങ്ങൾക്കു വേണ്ടുന്ന വാക്കുകൾ നിങ്ങൾക്കു നല്കപ്പെടും. എന്തെന്നാൽ, സംസാരിക്കുന്നതു നിങ്ങളായിരിക്കയില്ല. നിങ്ങളുടെ സ്വർഗ്ഗപിതാവിന്റെ ദിവ്യാത്മാവു നിങ്ങളിൽക്കൂടി സംസാരിക്കും. സഹോദരൻ സഹോദരനെ ചതിച്ചുകൊല്ലും. അച്ഛൻ മകനെയും. കുട്ടികൾ മാതാപിതാക്കന്മാർക്ക് എതിരാവും. അവരെ മരണത്തിലേക്കു പറഞ്ഞയയ്ക്കും. എന്നോടു ഭക്തിയുള്ളതുകൊണ്ട് എല്ലാരും നിങ്ങളെ വെറുക്കും. പക്ഷേ, അവസാനംവരെ അടിയുറച്ചുനില്ക്കുന്നവൻ രക്ഷപ്പെടും!"

അമ്മാതിരി പല ഉപദേശങ്ങളും ക്രിസ്തു നല്കി.

വലിയ ജനക്കൂട്ടം കാത്തുനില്ക്കയാണ്. യിസ്രായേലിൻെറ നാനാഭാഗങ്ങളിൽനിന്നും വന്നവർ. ക്രിസ്തു കാണിച്ച അത്ഭുതങ്ങളുടെ കഥകൾ നാടാകെ പരന്നുകൊണ്ടിരിക്കുന്നു. ക്രിസ്തു മശിഹയെന്നു വിശ്വസിക്കുന്നവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ കാണണം; ക്രിസ്തുവിനെ തൊടണം; ക്രിസ്തുവിൻെറ ഉപദേശം കേൾക്കണം. അതൊക്കെയാണ് ആളുകളുടെ ആഗ്രഹം.

ക്രിസ്തു ദീർഘമായ പ്രഭാഷണംനടത്തി.

ഗിരിപ്രഭാഷണം എന്ന് അതു് അറിയപ്പെടുന്നു.

വിശിഷ്ടമായ പ്രഭാഷണം! എന്തെന്തു തത്വങ്ങൾ, പാഠങ്ങൾ, ആദർശങ്ങൾ!

ഇങ്ങനെയാണ് തുടക്കം:

"തങ്ങൾ ദരിദ്രരെന്നു ബോധമുള്ളവർ എത്ര അനുഗ്രഹിക്കപ്പെട്ടവർ! അവർക്കുള്ളതാണ് സ്വർഗ്ഗരാജ്യം.

ദുഃഖിതന്മാർ എത്ര അനുഗ്രഹിക്കപ്പെട്ടവർ! അവർക്ക് ആശ്വാസം ലഭിക്കും.

സാധുശീലന്മാർ എത്ര അനുഗ്രഹിക്കപ്പെട്ടവർ! അവക്കു ഭൂമി അവകാശപ്പെട്ടു കിട്ടും.

ധർമ്മം ജയിച്ചുകാണാൻ അതിമോഹം ഉള്ളവർ എത്ര അനുഗ്രഹിക്കപ്പെട്ടവർ! അവക്കു തൃപ്തിയുണ്ടാകും.

ദയവു കാണിക്കുന്നവർ എത്ര അനുഗ്രഹിക്കപ്പെട്ടവർ! അവരോടു ദയവു കാണിക്കപ്പെടും.

ശുദ്ധമായ ഹൃദയമുള്ളവർ എത്ര അനുഗ്രഹിക്കപ്പെട്ടവർ! അവർ ദൈവത്തെ കാണുമാറാകും.

സമാധാനം സൃഷ്ടിക്കുന്നവർ എത്ര അനുഗ്രഹിക്കപ്പെട്ടവർ! ദൈവം അവരെ പുത്രന്മാരെന്നു വിളിക്കും.

ധർമ്മത്തിനുവേണ്ടി ദ്രോഹം സഹിച്ചവർ എത്ര അനുഗ്രഹിക്കപ്പെട്ടവർ! അവക്കുള്ളതാണ് സ്വർഗ്ഗരാജ്യം."

ഇനി ഒരു ഭാഗം:

"അവരോട് (പൂർവ്വികന്മാരോട്) ഉപദേശിക്കപ്പെട്ടിരുന്നു: 'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്' എന്ന്. പക്ഷേ, ഞാൻ നിങ്ങളോടു പറയുന്നത് ഇതാണ്: നിങ്ങൾക്ക് അഹിതം ചെയ്യുന്നവരോട് വിരോധമാവരുത്. ആരെങ്കിലും നിങ്ങളുടെ വലത്തേ ചെകിട്ടത്ത് അടിച്ചാൽ, തിരിഞ്ഞിട്ട് ഇടത്തേ ചെകിട്ടും കാണിച്ചുകൊടുക്കുവിൻ. നിങ്ങളുടെ അകംകുപ്പായത്തിനായി ഒരുവൻ തർക്കിക്കാൻ ആഗ്രഹിച്ചാൽ, അവനു പുറംകുപ്പായംകൂടി കൊടുക്കുവിൻ. അധികാരമുള്ളവൻ നിങ്ങളെ ഒരുനാഴിക ദൂരം നടത്തിയാൽ, അവനോടുകൂടി രണ്ടു നാഴിക ദൂരം നടക്കുവിൻ. കൊടുക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടപ്പോൾ കൊടുക്കുവിൻ. കടം വാങ്ങാൻ വരുന്നവനോടു പുറം തിരിയരുത്.

അവരോട് (പൂർവ്വികന്മാരോട്) ഉപദേശിക്കപ്പെട്ടിരുന്നത് നിങ്ങൾ പഠിച്ചിട്ടുണ്ട്: 'അയൽക്കാരനെ സ്നേഹിക്കുവിൻ, ശത്രുക്കളെ വെറുക്കുവിൻ' എന്ന്. പക്ഷേ, ഞാൻ നിങ്ങളോടു പറയുന്നത് ഇതാണ്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ദ്രോഹിക്കുന്നവക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. എന്നാലേ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗപിതാവിന്റെ മക്കളാവൂ."

ഇനിയും ഒരു ഭാഗം:

"ചോദിക്കുവിൻ, നിങ്ങൾക്കു കിട്ടും. അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ, വാതിൽ തുറക്കപ്പെടും. എന്തെ

ന്നാൽ, ചോദിക്കുന്ന ഓരോരുത്തർക്കും കിട്ടുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനായി വാതിൽ തുറക്കപ്പെടുന്നു.

സ്വന്തം മകൻ അപ്പം ചോദിക്കുമ്പോൾ കല്ലു കൊടുക്കുന്നവനോ, മത്സ്യം ചോദിക്കുമ്പോൾ പാമ്പിനെ കൊടുക്കുന്നവനോ നിങ്ങളുടെ ഇടയിലുണ്ടോ? അപ്പോൾ, നിങ്ങൾ ചീത്തയാളുകൾ ആയാൽത്തന്നെയും മക്കൾക്കു നല്ലതുകൊടുക്കാൻ അറിയാവുന്ന സ്ഥിതിക്കു നിങ്ങളുടെ സ്വർഗ്ഗപിതാവു് ചോദിക്കുന്നവർക്ക് എത്രയധികം നല്ലവസ്തുക്കൾ കൊടുക്കും!

അന്യർ നിങ്ങളോടു് എങ്ങനെ പെരുമാറണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നോ, അതുപോലെ നിങ്ങൾ അന്യരോടു പെരുമാറുവിൻ. അങ്ങനെയാണു നിയമവും പ്രവചനങ്ങളും.

ഇടുങ്ങിയ വാതിലിലൂടെ അകത്തു കടക്കുവിൻ. പാപത്തിലേക്കുള്ള വാതിലിനു വളരെ വീതിയുണ്ടു്. പാതയ്ക്കു് ഇടം ധാരാളമുണ്ടു്. അനേകംപേർ ആ വഴിക്കു പോവുകയും ചെയ്യുന്നു. എന്നാൽ ജീവിതത്തിലേക്കുള്ള വാതിൽ ചെറുതാണു്. പാതയ്ക്കു വീതി കുറവാണു്. അതിനെ കണ്ടെത്തുന്നവർ ചുരുക്കവുമാണു്.''

അങ്ങനെ എന്തെന്തു ഗുണപാഠങ്ങൾ! അവയെല്ലാം ധർമ്മബോധമുള്ളവർ സൂക്ഷിച്ചുവെയ്ക്കും, ഹൃദയങ്ങളിൽ, മരിക്കുവോളം!

കഫർന്നഹൂമിലേക്കു യാത്രയായി ക്രിസ്തു.

അവിടെ ഒരു ശതാധിപനുണ്ടു്.

റോമാക്കരുടെ അധീനതയിലാണല്ലോ യിസ്രായേൽ. അങ്ങിങ്ങായി റോമാസൈന്യങ്ങളുടെ താവളങ്ങളുണ്ടു്. ലഹള ഉണ്ടായാലോ? അമർത്തണ്ടേ? അതിനാണു് റോമാസൈന്യം. നൂറു പട്ടാളക്കാർക്കു് ഒരു തലവനുണ്ടു്. ആ ഉദ്യോഗസ്ഥനാണു് ശതാധിപൻ.

കഫർന്നഹൂമിലെ ശതാധിപനു ക്രിസ്തുവിനെക്കുറിച്ചു് അറിയാം. ക്രിസ്തുവിൻെറ മാഹാത്മ്യത്തെക്കുറിച്ചും അറിയാം. രോഗികളെ സുഖപ്പെടുത്തിയ വർത്തമാനങ്ങൾ കേട്ടിട്ടുണ്ടു്. കേൾക്കാതിരിക്കുമോ? യെരുശലേമിൽ മാത്രമല്ല, മററു പട്ടണങ്ങളിലും വ്യാപിച്ചിട്ടുണ്ടു് ആ വർത്തമാനങ്ങൾ.

ശതാധിപൻെറ ഒരു ഭൃത്യനു രോഗമാണു്. ഭയങ്കരമാണു രോഗം. ഇന്നു മരിക്കും, നാളെ മരിക്കും—അതാണു സ്ഥിതി. ഭൃത്യനോടു വളരെ സ്നേഹമാണു ശതാധിപനു്. അയാൾ അത്യന്തം ദുഃഖിച്ചിരിക്കുന്നു.

അപ്പോഴാണ് ആ വാർത്ത കിട്ടിയതു്—ക്രിസ്തു കഫർന്നഹൂമിലേക്കു വരികയാണ് എന്നു്. ക്രിസ്തുവിൽ രക്ഷാമാർഗ്ഗം കണ്ടു ശതാധിപൻ. ക്രിസ്തു വിചാരിച്ചാൽ മതി, ഭൃത്യനെ സുഖപ്പെടുത്താൻ കഴിയും.

യഹൂദരായ ചില മൂപ്പന്മാരുണ്ടു്, ശതാധിപന്റെ സ്നേഹിതന്മാർ. ദൈവാലയം കെട്ടുന്നതിൽ ശതാധിപൻ സഹായിച്ചിട്ടുണ്ടു്. അതിനാൽ അവർക്കു് അയാളോടു നന്ദിയുമുണ്ടു്. ക്രിസ്തുവിനെക്കണ്ടു കാര്യം പറയണം; സഹായം അപേക്ഷിക്കണം—അതിനായി മൂപ്പന്മാരെ അയച്ചു ശതാധിപൻ.

മൂപ്പന്മാർ ക്രിസ്തുവിനെ ചെന്നു കണ്ടു.

അവരോടുകൂടി ശതാധിപന്റെ വീട്ടിലേക്കു യാത്രയായി ക്രിസ്തു.

ശതാധിപനു് അപ്പോഴൊരു വിഷമം തോന്നി. ക്രിസ്തുവോ, ദൈവപുത്രൻ. താനോ, തുച്ഛൻ. തന്റെ വീട്ടിലേക്കു വരികയാണു ക്രിസ്തു. തനിക്കു് അതിനു് അർഹതയില്ല. ശതാധിപൻ ക്രിസ്തുവിനു് ഒരു സന്ദേശം എത്തിച്ചു: 'അങ്ങു് ഇത്രമാത്രം ബുദ്ധിമുട്ടരുതേ! അങ്ങയെ എന്റെ ഗൃഹത്തിൽ സ്വീകരിക്കാൻ തക്ക യോഗ്യത എനിക്കില്ല. അതാണു് ഞാൻ നേരിട്ടു് അപേക്ഷിക്കാൻ ധൈര്യപ്പെടാത്തതു്. അങ്ങു് ഒരു വാക്കു പറഞ്ഞാൽ മതി, എന്റെ ഭൃത്യൻ സുഖപ്പെടും. അതു് എനിക്കറിയാം.'

ശതാധിപൻ റോമാക്കാരനാണു്. അന്യവർഗ്ഗക്കാരൻ. ഭരിക്കുന്നവൻ. എങ്കിലെന്തു്? അവനു് എത്ര വിശ്വാസമാണു തന്നിൽ! ക്രിസ്തു ജനക്കൂട്ടത്തോടു് ഇത്രമാത്രം പറഞ്ഞു: "ഞാൻ നിങ്ങളോടു പറയുന്നു, ഒരിടത്തും, യിസ്രായേലിൽപ്പോലും ഇത്ര വിശ്വാസം ഞാൻ കണ്ടിട്ടില്ല!"

സന്ദേശം കൊണ്ടുവന്നവർ മടങ്ങിപ്പോയി. ശതാധിപന്റെ ഗൃഹത്തിൽ എത്തി. അപ്പോൾ എന്താണു കണ്ടതു്? പൂർണ്ണസുഖം പ്രാപിച്ചിരിക്കുന്നു, മരിക്കാൻ കിടന്ന ഭൃത്യൻ!

കണ്ടില്ലേ വിശ്വാസത്തിന്റെ ഫലം!

ഇമ്മാതിരി അത്ഭുതങ്ങൾ ക്രിസ്തു എന്തിനു പ്രവർത്തിച്ചു? സ്വശക്തി തെളിയിക്കാനോ? അല്ല. തനിക്കുവേണ്ടി വല്ലതും നേടാനോ? അല്ല. വേദനിക്കുന്നവരുടെ വേദന അകററാൻവേണ്ടി. നിർഭാഗ്യവാന്മാരുടെ നിർഭാഗ്യം മാററാൻവേണ്ടി. അതെ, അവയ്ക്കു മാത്രം!

പക്ഷേ, പരീശന്മാർക്കു മറെറാന്നാണു ധാരണ. സാത്താന്റെ

കിങ്കരനാണ് യേശു. സാത്താൻെറ സഹായമുണ്ട് അത്ഭുതങ്ങളുടെ പിന്നിൽ. അവരുടെ വിരോധം വിദ്ധിച്ചതേയുള്ളു.

വെയിലിൽ, മഴയിൽ, മഞ്ഞിൽ—എല്ലാസമയത്തും ക്രിസ്തു പ്രഭാഷണംനടത്തും. മലയിൽ, താഴ്വരയിൽ, പട്ടണത്തിൽ ഗ്രാമത്തിൽ, ക്രിസ്തു പ്രഭാഷണംനടത്തും. നീതികഥകൾ, നീതിവാക്യങ്ങൾ, ഉപമകൾ, കടംകഥകൾ—അവയുടെ രൂപത്തിൽ ക്രിസ്തു പ്രഭാഷണംനടത്തും. മനുഷ്യനു് മനുഷ്യനോടു വേണ്ടതായ സ്നേഹത്തെപ്പററി; മനുഷ്യനു ദൈവത്തോടു വേണ്ടതായ സ്നേഹത്തെപ്പറ്റി, ക്രിസ്തു പ്രഭാഷണംനടത്തും. കേൾക്കുന്നവരെ രോമാഞ്ചംകൊള്ളിക്കുമാറു് ക്രിസ്തു പ്രഭാഷണംനടത്തും. കേൾക്കുന്നവർ എന്നെന്നേക്കും ഓർമ്മിക്കുമാറു് ക്രിസ്തു പ്രഭാഷണംനടത്തും. ആ പ്രഭാഷണങ്ങൾ മനുഷ്യരെ വലിച്ചിഴച്ചുകൊണ്ടുവന്നു. വയലിൽ ഉഴുതുകൊണ്ടു നില്ക്കുന്നവർ ഉഴവു നിർത്തുന്നു; കലപ്പ നിലത്തുവെയ്ക്കുന്നു; എന്നിട്ടു ക്രിസ്തുവിൻെറ പുറകേ കൂടുന്നു. കമ്പോളത്തിൽ കച്ചവടം ചെയ്യുന്നവർ കട തുറന്നിടുന്നു; കച്ചവടസാധനങ്ങൾ അവിടെ തള്ളുന്നു; എന്നിട്ടു ക്രിസ്തുവിൻെറ പുറകേ കൂടുന്നു. വീട്ടുജോലികൾ ചെയ്യുന്നവർ വീട്ടുജോലി മതിയാക്കുന്നു; നിന്നപാടെ ഇറങ്ങിപ്പോകുന്നു; എന്നിട്ടു ക്രിസ്തുവിൻെറ പുറകേ കൂടുന്നു. അവരുടെ ഇടയിൽ വൃദ്ധന്മാരുണ്ടു്, യുവാക്കന്മാരുണ്ടു്, സ്ത്രീകളുണ്ടു്. അവർ സകലതും ഉപേക്ഷിച്ചു ക്രിസ്തുവിൻെറ പുറകേ കൂടുന്നു. അവക്കിനി വീടു വേണ്ട, പണം വേണ്ട, സുഖം വേണ്ട. അവക്കിനി ക്രിസ്തുവിനെ കണ്ടുകൊണ്ടിരുന്നാൽ മതി; ക്രിസ്തുവിൻെറ അരികത്തിരുന്നാൽ മതി. സകലതും അവർ ആ തൃപ്പാദങ്ങളിൽ അടിയറവയ്ക്കുന്നു. അവർ പ്രജകളായിരിക്കുന്നു. അവക്കൊരു രാജാവുണ്ടായിരിക്കുന്നു—അല്ല, രാജാക്കന്മാരുടെ രാജാവു്! ആ രാജാക്കന്മാരുടെ രാജാവിനു് അടിമപ്പെട്ടിരിക്കുന്നു അവരുടെ ഹൃദയങ്ങൾ!

സ്വർഗ്ഗരാജ്യം തുറക്കപ്പെട്ടിരിക്കുന്നു!

ക്രിസ്തുവിൻെറ ആത്മശക്തി—അതിനു് അളവില്ല. അതിന്റെ ഫലങ്ങൾ—അവയ്ക്കു കണക്കില്ല. ഒന്നൊന്നായി തുടരുകയാണു മഹാത്ഭുതങ്ങൾ!

നയിൻ എന്ന പട്ടണം. അവിടെ എത്തിയിരിക്കുന്നു ദൈവപുത്രൻ. പതിവുപോലെ ശിഷ്യന്മാരും കൂടെയുണ്ടു്. വമ്പിച്ച ആൾക്കൂട്ടവും.

ദുർഭൂതങ്ങളെ ഒഴിവാക്കിയിട്ടുണ്ട്, രോഗങ്ങളെ മാററിയിട്ടുണ്ട്, ശരിയാണ്. അവ സാരമില്ലെന്നു തോന്നിക്കുന്ന ഒരത്ഭുതം—അതാണ് ഇപ്പോൾ ക്രിസ്തു കാണിച്ചത്.

പട്ടണത്തിന്റെ പുറവാതില്ക്കൽ എത്തിയതേയുള്ളു. ഒരു ശവസംസ്കാരം നടക്കുകയാണ് അവിടെ. ആളുകൾ കൂടിനില്ക്കുന്നു. അവരുടെയിടയിൽ ഒരു വിധവയുണ്ട്. അവൾ വിങ്ങിവിങ്ങിക്കരയുകയാണ്. അവൾക്ക് ഒരു പുത്രനേയുള്ളു. ആ പുത്രനാണു മരിച്ചുപോയത്. പാവം!

മററുള്ളവർക്കു സങ്കടമുണ്ടായോ? എന്നാൽ ക്രിസ്തുവിൻെറ ഹൃദയം അലിഞ്ഞുപോകും. അത്ര മൃദുവാണ് ആ ഹൃദയം. വിധവയുടെ കരച്ചിൽ കണ്ടില്ലേ? അപ്പോൾ അതിൽനിന്ന് കാരുണ്യം കുതിച്ചുചാടി.

"ഇനി കരയേണ്ട!" ക്രിസ്തു അരുളിച്ചെയ്തു. എന്നിട്ടു മുന്നോട്ടു നീങ്ങി. ശവപ്പെട്ടിയിൽ കൈവെച്ചു.

"യുവാവേ, എഴുന്നേൽക്കൂ!" ക്രിസ്തു ആവശ്യപ്പെട്ടു.

അതാ, മരിച്ചവൻ എഴുന്നേല്ക്കുന്നു, സംസാരിക്കുന്നു—യാതൊന്നും സംഭവിക്കാത്തപോലെ!

മരിച്ചയാളെ ജീവിപ്പിക്കുകയോ? കണ്ടവർ അമ്പരന്നുപോയി. എങ്ങനെ അമ്പരക്കാതിരിക്കും?

മശിഹ വന്നിരിക്കുന്നു! ദൈവം അയച്ച മശിഹ വന്നിരിക്കുന്നു! ആളുകൾക്ക് എന്തു് ആവേശം!

ചിലരൊക്കെ സംശയിക്കാതെയുമിരുന്നില്ല. മശിഹ വരുമെന്ന് അവർക്കും അറിയാം. പക്ഷേ, മശിഹ രാജാവായിട്ടാണു വരിക. അതാണല്ലോ പൊതുവെയുള്ള വിശ്വാസം. മശിഹയായ രാജാവു് വിദേശീയരെ അടിച്ചോടിക്കും, യിസ്രായേലിൽ സ്വാതന്ത്ര്യം സ്ഥാപിക്കും. പക്ഷേ, യേശുവിനോ? രാജാവിന്റെ യാതൊരു ചിഹ്നവുമില്ല. സാധാരണ ഒരു മനുഷ്യൻ. ഈ മനുഷ്യൻ എങ്ങനെ മശിഹയാവും? വെറും പിത്തലാട്ടം!

മുമ്പു പലപ്പോഴും ഉണ്ടായിട്ടുണ്ട്. മശിഹ വന്നിരിക്കുന്നു എന്ന വർത്തമാനം പരക്കും. കുറെ ആളുകൾ വിശ്വസിക്കയും ചെയ്യും. ഒന്നുകിൽ കള്ളന്മാർ, അല്ലെങ്കിൽ ഇന്ദ്രജാലക്കാർ—അവരായിരിക്കും മശിഹ ചമയുന്നതു്. യഹൂദരുടെ പുരോഹിതന്മാരില്ലേ? അധികാരികളാണ്, ശക്തന്മാരാണ്, അവർ. മശിഹയെ പരീക്ഷിക്കാൻ അവർ മുതിരുകയായി. പുരോഹിതന്മാരുടെ അധീനതയി

ലാണു പരീശന്മാർ. പുരോഹിതന്മാർ പരീശന്മാരെ പറഞ്ഞയയ്ക്കും പരീക്ഷിക്കാൻ. പരീശന്മാർ മശിഹയെന്നു് അറിയപ്പെട്ടുന്നവനെ സമീപിക്കും. ഒന്നൊന്നായി കുടുക്കുചോദ്യങ്ങൾ ചോദിക്കും. ആ ചോദ്യങ്ങൾക്കു സമാധാനം പറയണം. ശരിയായ മശിഹയ്ക്കേ സമാധാനം പറയാൻ സാധിക്കൂ. മശിഹ ചമയുന്നവൻ കുടുക്കുചോദ്യങ്ങളിൽ കുടുങ്ങിപ്പോകും. അതോടെ ചെമ്പുതെളിയുകയും ചെയ്യും.

അതുപോലെ ഒരുത്തനല്ലേ യേശു? അതെ എന്നു വിശ്വസിക്കുന്നവരുണ്ടു് അനേകം.

ഒരു പരീശൻ ഒരിക്കൽ ക്രിസ്തുവിനെ വിരുന്നിനു ക്ഷണിച്ചു.

ക്രിസ്തു വിരുന്നിനു് എത്തിയിട്ടുണ്ടു്.

അതാ വരുന്നു ഒരു സ്ത്രീ. അവൾ തെററുകൾ പലതും ചെയ്തിട്ടുണ്ടു്. ദുഷ്പേരും സമ്പാദിച്ചിട്ടുണ്ടു്. വാസ്തവത്തിൽ ഇവിടെ വന്നുകൂടാ. എന്നിട്ടും വന്നിരിക്കുന്നു.

ഒരു വെൺകൽപ്പാത്രമുണ്ടു് അവളുടെ കൈയിൽ. വിലപിടിച്ച സുഗന്ധതൈലമാണു പാത്രത്തിൽ. അവൾ അതാ ക്രിസ്തുവിൻെറ പിറകിൽ ചെന്നു നില്ക്കുന്നു. എന്നിട്ടു് ഏങ്ങിയേങ്ങി കരയുന്നു. കണ്ണുനീർ ധാരധാരയായി ഒഴുകുന്നു. ആ കണ്ണുനീർ ക്രിസ്തുവിന്റെ പാദങ്ങളെ കഴുകുന്നു. അവൾ തലമുടി വിടുത്തിയിടുന്നു. അതുകൊണ്ടു ക്രിസ്തുവിൻെറ പാദങ്ങൾ തുടയ്ക്കുന്നു. ആ പാദങ്ങളിൽ പലവുരു ചുംബിക്കുന്നു. ആ പാദങ്ങളിൽ സുഗന്ധതൈലം തടവുന്നു, മൃദുവായിട്ടു്, ഭക്തിയോടുകൂടി.

വിരുന്നിനു വിളിച്ച പരീശൻ വിചാരിക്കയാണു്: ഇവൾ ദുഷ്പേരുള്ളവൾ. പാപംചെയ്തവൾ. അതൊന്നും ഇയാൾ അറിഞ്ഞിട്ടില്ലെന്നോ? പ്രവാചകനെങ്കിൽ അറിയാതിരിക്കില്ല. അറിയാത്തസ്ഥിതിക്കു് ഇയാൾ പ്രവാചകനാവുമോ?

ക്രിസ്തുവിനു് അറിഞ്ഞുകൂടത്രെ! അറിയാം, സകലതും അറിയാം.

“നിൻെറ പാപം പൊറുക്കപ്പെട്ടിരിക്കുന്നു. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചു. സമാധാനത്തോടെ പോകൂ.” ക്രിസ്തു അവളോടു പറഞ്ഞു.

പാപങ്ങളെ പൊറുക്കുന്നുവത്രെ! ഇയാൾക്കു് അതിനെന്തു് അധികാരം?—വിരുന്നിനു വന്ന പരീശന്മാർ തമ്മിൽ ചോദിച്ചു. അവരുടെ വിരോധം കൂടുതലായി.

അപ്പോസ്തലന്മാരുടെ അകമ്പടിയോടെ ചുററിസഞ്ചരിച്ചു ക്രിസ്തു.

ക്രിസ്തുവിനോടൊന്നിച്ചുണ്ട് ഭക്തിയുള്ള ചില സ്ത്രീകളും.

രോഗങ്ങൾ, ഭൂതബാധ എന്നിവയിൽനിന്നു ക്രിസ്തു രക്ഷിച്ചവരാണ് ആ സ്ത്രീകൾ. രക്ഷപ്പെട്ടപ്പോൾ രക്ഷകനായിട്ട് സമപ്പിക്കപ്പെട്ടു അവരുടെ ജീവിതങ്ങൾ. ആഹാരവും വസ്ത്രവും മററും വേണം ഗുരുവിനും ശിഷ്യന്മാക്കും. ചെലവെല്ലാം വഹിക്കുന്നതു് ആ സ്ത്രീകളാണ്. സ്വന്തമായുള്ള പണം അവർ ലോഭമില്ലാതെ ചെലവാക്കി. ക്രിസ്തുവിൻെറ സാന്നിദ്ധ്യമുണ്ടല്ലൊ. എല്ലാപ്പോഴും. അതിലും വലിയ ഭാഗ്യമുണ്ടോ?

സ്ത്രീകളുടെയിടയിൽ മഗ്ദലയിലെ മറിയയുമുണ്ട്. ഏഴു ദുർഭൂതങ്ങൾ അവളെ ബാധിച്ചിരുന്നു മുമ്പ്. അവയിൽനിന്നു് അവളെ രക്ഷിച്ചതാണു ക്രിസ്തു. അന്നു ക്രിസ്തുഭക്തയായി മാറിയതാണ് അവൾ.

ഒരിക്കൽ ക്രിസ്തു ഒരു കടങ്കഥ പറഞ്ഞു:

"ഒരാൾ വിത്തു വിതയ്ക്കാനായി പുറപ്പെട്ടു. വിതയ്ക്കുമ്പോൾ ചില വിത്തുകൾ പാതയിൽ വീണു. അവയിൽ ചിലതു് ചവുട്ടി മെതിക്കപ്പെട്ടു; ചിലതു പക്ഷികൾ കൊത്തിത്തിന്നു. ചില വിത്തുകൾ പാറപ്പുറത്തു വീണു; മുളച്ചപ്പോൾ നനവില്ലാഞ്ഞു് ഉണങ്ങിപ്പോയി. ചില വിത്തുകൾ മുൾപ്പടപ്പിൽ വീണു; മുൾച്ചെടികൾ മുളച്ചു വിളവിനെ ഞെരുക്കി നശിപ്പിച്ചു. ചില വിത്തുകൾ നല്ല മണ്ണിൽ വീണു; അവ മുളച്ചു നൂറുമേനി വിളവു നല്കി."

ഈ കടങ്കഥയ്ക്കു് എന്തോ അത്ഥമുണ്ട്. അതറിയാം ശിഷ്യന്മാക്ക്. എന്താണ് അത്ഥം? അതു മനസ്സിലായില്ല. അവർ ഗുരുവിനോടു ചോദിച്ചു. ഗുരു പറഞ്ഞുകൊടുത്തു. ഇതാണ് അത്ഥം:

"വിത്തു ദൈവവാക്യമാണ്. വഴിയിലുള്ളവർ ആ വാക്യം കേൾക്കുന്നവർ. അവർ വിശ്വസിക്കുമെന്നും, അങ്ങനെ രക്ഷപ്പെടുമെന്നും, ഭയന്നു പിശാചു വരുന്നു; അവരുടെ ഹൃദയത്തിൽനിന്നു ദൈവവാക്യം എടുത്തുകൊണ്ടു പോകുന്നു. പാറപ്പുറത്തു വീണ വിത്തുകളോ, ദൈവവാക്യം കേട്ടു് അതിനെ സന്തോഷത്തോടെ സ്വീകരിക്കുന്നവർ. പക്ഷേ, അവരുടെ വിശ്വാസം വേരുറച്ചിട്ടില്ല. കുറച്ചുകാലത്തേക്കു് അവർ വിശ്വസിക്കുന്നു; പക്ഷേ, പരീക്ഷയ്ക്കു സമയമാകുമ്പോൾ പിൻവാങ്ങിക്കളയുന്നു. മുൾപ്പടപ്പിൽ വീണ വിത്തുകളോ, ദൈവവാക്യം കേൾക്കുന്ന ചില മനുഷ്യർ; പക്ഷേ,

വിഷമങ്ങളും ധനവും സുഖവും അവരുടെ വളർച്ചയെ തടയുന്നു; അവക്കു പൂണ്ണമായ വളർച്ച കിട്ടുന്നില്ല. എന്നാൽ, നല്ല മണ്ണിൽ വീണ വിത്തുകളോ, നന്മയും സത്യവുമുള്ള ഹൃദയത്തോടെ ദൈവ വാക്യം കേൾക്കുന്നവർ, അതിനെ മുറുകെപ്പിടിക്കുന്നവർ; ദൃഢത കാരണം നല്ല വിളവു നല്കുന്നവർ.''

എത്ര മഹത്തായ തത്വമാണു് ഈ കടങ്കഥയിൽ! ചിലപ്പോൾ ഈമാതിരിയാണു് ക്രിസ്തുവിൻെറ സംസാരം.

ഒരിക്കൽ ക്രിസ്തു തത്വോപദേശംചെയ്യുകയായിരുന്നു. അവി ടെ വന്നുചേന്നു ക്രിസ്തുവിൻെറ മാതാവു്, മറിയ. കൂടെ ചില ബന്ധുക്കളും. പക്ഷേ, അവക്കു ക്രിസ്തുവിനോടു് അടുക്കാൻ കഴിഞ്ഞില്ല. അത്ര അധികമാണു് ആൾത്തിരക്കു്. ഒരാൾ വന്നു് അറിയിച്ചു, അമ്മയും ബന്ധുക്കളും കാണാൻ കാത്തുനില്ക്കുന്നു എന്നു്. അപ്പോൾ ക്രിസ്തു എന്തു പറഞ്ഞു എന്നോ? ''ദൈവവാക്യം കേൾ ക്കുന്നവരാണു്, അതനുസരിച്ചു പ്രവത്തിക്കുന്നവരാണു് എൻെറ അമ്മയും സഹോദരന്മാരും.''

ക്രിസ്തുവും ദൈവവും തമ്മിലുള്ള അടുപ്പം കണ്ടോ?

പിന്നൊരിക്കൽ ക്രിസ്തു തോണി കയറി. ശിഷ്യന്മാരെയും കയററി. കായലിനു് അക്കരെ പോകണം. തോണി കരയിൽ നിന്നു നീങ്ങി. ക്രിസ്തു ഉറക്കവും തുടങ്ങി. കുറേനേരം കഴിഞ്ഞു. പെട്ടെന്നു കൊടുങ്കാററു് അടിച്ചു. തിരമാലകൾ ഉയന്നുമറിഞ്ഞു. തോണി മുങ്ങുമെന്ന നിലയുമായി. ശിഷ്യന്മാക്കു പ്രാണഭയമായി. ഇനി എന്തുചെയ്യും? ക്രിസ്തു സുഖമായി ഉറങ്ങുകയാണു്. അവർ ക്രിസ്തുവിനെ തട്ടിവിളിച്ചു: ''ഗുരോ! ഗുരോ! നമ്മൾ മുങ്ങുകയാ ണു്!'' ക്രിസ്തു ഉറക്കമുണന്നു. കൊടുങ്കാററിനെ ഒന്നു ശാസിച്ചു. തൽ ക്ഷണം കൊടുങ്കാററു് അടങ്ങി. തിരമാലകൾ അമന്നു. എല്ലാം ശാന്തം—പഴയപോലെ!

പ്രകൃതിപോലും ക്രിസ്തുവിൻെറ ചൊൽപ്പടിക്കു നില്ക്കുന്നു!

''നിങ്ങളുടെ വിശ്വാസം എവിടെപ്പോയി?'' ആ ഒരു ചോദ്യമേ ക്രിസ്തു ചോദിച്ചുള്ളൂ.

ചോദ്യത്തിൻെറ അത്ഥം മനസ്സിലായി ശിഷ്യന്മാക്കു്. ക്രിസ്തു വിൽ വിശ്വസിക്കണം; പൂണ്ണമായും വിശ്വസിക്കണം; ഏതു് അപകടത്തിലും വിശ്വസിക്കണം; ഒരു സംശയവും കൂടാതെ വിശ്വസിക്കണം. ആ വിശ്വാസം അവക്കു വന്നിട്ടില്ല. അതുണ്ടെ ങ്കിലോ? യാതൊന്നും പേടിക്കാനില്ല!

ഗെരസേന്യ എന്നൊരു ദേശമുണ്ട്. ഗലീലയ്ക്ക് എതിരേയാണ്. അവിടെ ചെന്നിറങ്ങി തോണി. അവർ കരയിൽ കാല്കുത്തിയേയുള്ളു—അപ്പോഴതാ വരുന്നു ഒരുവൻ. കണ്ടാൽ മുഴുഭ്രാന്തനെന്നേ തോന്നൂ. വളരെക്കാലമായി അവൻ ഒരു തുണി ഉടുത്തിട്ട്, ഒരു വീട്ടിനുള്ളിൽ ഇരുന്നിട്ട്. ആളുകൾക്കു ഭയമാണ്. അവൻ ഇറങ്ങി നടന്നാൽ ആപത്തല്ലേ? അവർ അവനെ ചങ്ങല പൂട്ടി തളയ്ക്കാറുണ്ട്. പക്ഷേ, അവൻ ചങ്ങല പൊട്ടിച്ച് ഓടിപ്പൊയ്ക്കളയും. ശവകുടീരങ്ങളുടെ ഇടയിൽ ഒളിച്ചിരിക്കും.

പക്ഷേ, ഭ്രാന്തനല്ല അവൻ. പിന്നെയോ? ദുർഭൂതങ്ങൾ ബാധിച്ചവൻ.

അവൻ ക്രിസ്തുവിൻെറ കാൽക്കൽ വീണു.

"യേശു, ദൈവപുത്രാ, എന്നോട്ട് എന്തുചെയ്യാനാണു ഭാവം? ഞാനിതാ യാചിക്കുന്നു, എന്നെ ഉപദ്രവിക്കരുതേ!" അവൻ വിളിച്ചുപറഞ്ഞു.

വാസ്തവത്തിൽ വിളിച്ചുപറഞ്ഞതു് അവനല്ല—അവൻെറ ഉള്ളിൽ കുടികൊണ്ടിരുന്ന ദുർഭൂതങ്ങൾ!

എന്താണു സംഭവിച്ചതെന്നോ? അവനെ കണ്ടമാത്രയിൽ ക്രിസ്തു ദുർഭൂതങ്ങൾക്ക് ആജ്ഞനല്കി—അവൻെറ ദേഹത്തുനിന്ന് ഒഴിയണമെന്ന്. ദൈവപുത്രൻെറ ആജ്ഞയല്ലേ? അനുസരിക്കാതെ നിവൃത്തിയുണ്ടോ?

എന്തു ചെയ്താലും വേണ്ടില്ല, പാതാളത്തിലേക്കു പറഞ്ഞയയ്ക്കരുതേ—അതായിരുന്നു അവരുടെ അപേക്ഷ.

അടുത്തു്, കുന്നിൻപുറത്തു്, നില്ക്കയാണ് പന്നികൾ. ആ പന്നികളിൽ പ്രവേശിക്കാൻ ക്രിസ്തുവിനോട്ട് അനുമതി വാങ്ങി ദുർഭൂതങ്ങൾ. അവർ ആ മനുഷ്യനെവിട്ടിറങ്ങി; പന്നികളുടെ ദേഹത്തിൽ കടന്നുകയറി. ഉടനെ പന്നികൾക്കു വെപ്രാളമായി. അവയെല്ലാം മുമ്പോട്ടു പാഞ്ഞു. കായലിൽ ചാടി. മുങ്ങിച്ചാവുകയുംചെയ്തു.

കണ്ടുനില്ക്കയാണു പന്നിക്കൂട്ടത്തെ മേയ്ക്കുന്ന മനുഷ്യർ. അവർ ഓടിപ്പോയി എല്ലാവരോടും വിവരം പറഞ്ഞു. കേട്ടവക്കു കാണാൻ ആഗ്രഹമായി. അവരെല്ലാം ഓടിവന്നു. അപ്പോൾ എന്താണു കണ്ടതു്? കായല്ക്കരയിൽ നില്പുണ്ടു് ക്രിസ്തുശിഷ്യന്മാരും. ഭ്രാന്തനുണ്ടു് ക്രിസ്തുവിൻെറ കാല്ക്കൽ. അവൻ വസ്ത്രങ്ങൾ ധരിച്ചിട്ടുണ്ടു്. പോരെങ്കിലോ? ഭ്രാന്തു നിശ്ശേഷം നീങ്ങിയിരിക്കുന്നു!

മററാരാൾ അതാ മുമ്പോട്ട ചെല്ലുന്നു, ക്രിസ്തുവിന്റെ കാല്ക്കൽ വീഴുന്നു. അതിയായ ദുഃഖമുണ്ടു് അയാൾക്കു്. മുഖം കണ്ടാലറിയാം.

അവിടെ ഒരു ദൈവാലയമുണ്ടു്. ദൈവാലയത്തിൻെറ അദ്ധ്യക്ഷനാണു് അയാൾ. പേരു് യായിറോസ് എന്നും. അയാൾക്കു് ഒരു മകളുണ്ടു്. ഒരു മകളേ ഉള്ളുതാനും. പന്ത്രണ്ടുവയസ്സുള്ള കുട്ടി. ആ കുട്ടി മരിക്കാറായി കിടക്കുകയാണു്. ക്രിസ്തു വീട്ടിലേക്കു് എഴുന്നള്ളണം; മകളെ മരണത്തിൽനിന്നു രക്ഷിക്കണം—ആ അപേക്ഷയുംകൊണ്ടു വന്നതാണു യായിറോസ്.

അന്യൻെറ സുഖം തൻെറ സുഖമാണു്; അന്യൻെറ ദുഃഖം തൻെറ ദുഃഖവും—അതാണു ക്രിസ്തുവിൻെറ മനഃസ്ഥിതി. യായിറോസിൻെറ ദുഃഖം കണ്ടില്ലേ? ക്രിസ്തുവിൻെറ ഹൃദയത്തിൽ കാരുണ്യം നിറഞ്ഞുതുളുമ്പി. ഉടനെ പുറപ്പാടുമായി യായിറോസിൻെറ ഭവനത്തിലേക്കു്.

പക്ഷേ, വളരെ വിഷമിക്കുന്നു മുമ്പോട്ടു പോകാൻ. അത്രമാത്രമുണ്ടു് ആൾത്തിരക്കു്. അനങ്ങാൻതന്നെ പ്രയാസം. എല്ലാക്കും ക്രിസ്തുവിൻെറ അടുത്തു നില്ക്കണം. എല്ലാക്കും ക്രിസ്തുവിനെ തൊടണം. ദേഹത്തു തൊടാൻ സാധിച്ചില്ലെങ്കിലോ? വസ്ത്രത്തിലെങ്കിലും തൊടണം. അത്ര ആഗ്രഹമാണു്. ദൈവം അയച്ചുവന്ന ആളല്ലേ?

ആൾത്തിരക്കിനിടയിൽ പാവപ്പെട്ട ഒരു സ്ത്രീയുമുണ്ടു്. ഒരുതരം രക്തരോഗമുണ്ടു് അവൾക്കു്. അടുത്തകാലത്തെങ്ങും ഉണ്ടായതല്ല രോഗം! വഷം പന്ത്രണ്ടായിരിക്കുന്നു. പല വൈദ്യന്മാരും ശ്രമിച്ചിട്ടുണ്ടു് രോഗം മാററാൻ. ഒരൊററ വൈദ്യനും സാധിച്ചിട്ടില്ല. അത്ര കഠിനമായ രോഗം! ഇനി ക്രിസ്തു മാത്രമേയുള്ളു രക്ഷ! പക്ഷേ, എങ്ങനെ ക്രിസ്തുവിൻെറ അടുക്കലേക്കു ചെല്ലും? തിക്കിഞെരുക്കുകയാണു് ആൾക്കൂട്ടം. അടുത്തുചെന്നാലല്ലേ കാൎയ്യം പറയാനൊക്കു? പാവപ്പെട്ട സ്ത്രീ വളരെ വിഷമിച്ചു. ഒടുവിൽ ഒരുവിധത്തിൽ പുറകിലെത്തി. ക്രിസ്തുവിൻെറ കുപ്പായത്തിൻെറ തൊങ്ങലിൽ ഒന്നു തൊട്ടു. തൊട്ടതേയുള്ളു. അത്രയേ സാധിച്ചുള്ളു. അത്രയെങ്കിലും സാധിച്ചല്ലോ. മതി.

ഭാഗ്യം! മഹാഭാഗ്യം! രോഗം തൽക്ഷണം ശമിച്ചിരിക്കുന്നു!

ദേഹത്തിലല്ല തൊട്ടതു്. കുപ്പായത്തിന്റെ തൊങ്ങലിൽ മാത്രം. എന്നിട്ടും അതറിഞ്ഞു ക്രിസ്തു.

"എന്നെ തൊട്ടതാരു്?" ക്രിസ്തു ചോദിച്ചു.

ആളുകളെ മാററിനിറുത്തുകയാണു പത്രോസും കൂട്ടരും. അവ

രുടെ പ്രധാനജോലിയാണ് അതു്. എവിടെപ്പോയാലും ആളു കൾ ഇരച്ചുകയറും. വലിയ പണിയാണ് അവരെ മാറ്റിനിറുത്തുക. എന്നും ആ പണി ചെയ്യണം.

"ഗുരോ, ആൾക്കൂട്ടം ചുററിനുംനിന്നു് അങ്ങയെ ഞെരുക്കുക യാണ്." പത്രോസും കൂട്ടരും പറഞ്ഞു.

"ആരോ എന്നെ തൊട്ടിരിക്കുന്നു. ആ സമയം എന്നിൽനിന്നു ശക്തി പുറപ്പെട്ടെന്നു് എനിക്കു് അനുഭവപ്പെട്ടു," ക്രിസ്തു ശിഷ്യ ന്മാരോടു പറഞ്ഞു.

സുഖപ്പെട്ടവൾക്കു് ഒന്നു തീച്ച്യയായി. താനാണു തൊട്ടതെന്നു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. അതൊരു തെററായിപ്പോയെ? ഇനി എന്താണ് അനുഭവം? ശിക്ഷയോ? അവൾ വല്ലാതെ പേടിച്ചു പോയി. പാവം, ക്രിസ്തുവിൻെറ കാല്ക്കൽ വീണു.

നന്നായി! ശിക്ഷയോ? ക്രിസ്തു ശിക്ഷിക്കയോ? രക്ഷകൻ ശിക്ഷി ക്കയോ? വിചാരിക്കാൻകൂടി പാട്ടുള്ളതാണോ?

"മകളേ, നിൻെറ വിശ്വാസം നിന്നെ സുഖപ്പെടുത്തി. സമാ ധാനത്തോടെ പൊയ്ക്കൊള്ളൂ!" ക്രിസ്തു അരുളിച്ചെയ്തു.

മനുഷ്യരെല്ലാം മക്കൾ! കണ്ടില്ലേ ക്രിസ്തുവിൻെറ മനുഷ്യ സ്നേഹം!

വഴിക്കുവെച്ചു നടന്ന സംഭവമാണിതു്. ക്രിസ്തു പോകുന്നതു യായിറോസിൻെറ ഭവനത്തിലേക്കാണ്.

അതാ വരുന്നു യായിറോസിന്റെ ഒരു ഭൃത്യൻ—അത്യന്തം ദുഃഖ കരമായ വത്തമാനവുംകൊണ്ടു്. "അങ്ങയുടെ മകൾ മരിച്ചുപോയി. ഇനി ഗുരുവിനെ ബുദ്ധിമുട്ടിക്കണമെന്നില്ല."

"ഭയപ്പെടേണ്ട. വിശ്വാസം മാത്രം പ്രദശിപ്പിക്കൂ. അവൾ വീണ്ടും സുഖപ്പെടും," ക്രിസ്തു യായിറോസിനോടു പറഞ്ഞു.

എല്ലാവരും യായിറോസിൻെറ ഭവനത്തിലെത്തി. ക്രിസ്തു അക ത്തു കടന്നു. കൂടെ കൊണ്ടുപോയി മൂന്നു ശിഷ്യന്മാരെ—പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവരെ. കൂടാതെ കുട്ടിയുടെ അച്ഛ നെയും അമ്മയെയും. വീട്ടിലാകെ കരച്ചിലാണ്. കൊച്ചുകുട്ടി മരി ച്ചുപോയില്ലേ?

"ഇനി കരയേണ്ട. അവൾ മരിച്ചിട്ടില്ല. ഉറങ്ങുകയാണ്," ക്രിസ്തു പറഞ്ഞു.

കേട്ടവക്കു പരിഹാസം തോന്നി. കുട്ടി മരിച്ചു എന്നു് അവ ക്കു് അറിയാം. എന്നിട്ടിതാ പറകയാണ് ഉറങ്ങുന്നു എന്നു്!

ക്രിസ്തു കുട്ടിയുടെ കൈപിടിച്ചു.

"എൻെറ കുഞ്ഞേ, എഴുന്നേൽക്കു!"

കുട്ടി എഴുന്നേററു!

രണ്ടു കുരുടന്മാരുണ്ടു്. "ഞങ്ങളോടു ദയവു കാണിക്കണേ!" അവർ ദയനീയമായി യാചിച്ചു.

"നിങ്ങൾക്കു വേണ്ടതു് ചെയ്തുതരാൻ എനിക്കു കഴിയുമെന്നു വിശ്വാസമുണ്ടോ?" ക്രിസ്തു ചോദിച്ചു.

"വിശ്വാസമുണ്ടു്, യജമാനനേ!" കുരുടന്മാർ ഉത്തരം പറഞ്ഞു.

"നിങ്ങൾ എന്തു വിശ്വസിച്ചോ, അതുപോലെ നടക്കട്ടെ!" ക്രിസ്തു അനുഗ്രഹിച്ചു. എന്നിട്ടു് അവരുടെ കണ്ണുകളിൽ തൊട്ടു. അതോടെ, കാഴ്ചയില്ലാത്ത കണ്ണുകൾക്കു കാഴ്ചകിട്ടി!

അപ്പോസ്തലന്മാരും ചിലപ്പോഴൊക്കെ ചുററിനടക്കും—സ്വാമിയുടെ നിർദ്ദേശം പാലിച്ചുകൊണ്ടു്; സ്വാമിയുടെ സന്ദേശം പരത്തിക്കൊണ്ടു്; സ്വാമിയുടെ ശക്തിയാൽ അത്ഭുതങ്ങൾ പ്രവത്തിച്ചുകൊണ്ടു്.

ക്രിസ്തുവിൻെറ വത്തമാനങ്ങൾ എല്ലാ ദിക്കിലും എത്തിക്കൊണ്ടിരിക്കുന്നു. പലരും പലവിധം പറയുകയാണു്. മശിഹതന്നെ എന്നു ചിലർ. മൺമറഞ്ഞ പ്രവാചകന്മാരിലൊരാൾ രണ്ടാം ജന്മമെടുത്തതു് എന്നു മററുചിലർ. യോഹന്നാൻ സ്നാപകൻ വീണ്ടും ജീവിച്ചുവന്നതാണു് എന്നു് ഇനിയും ചിലർ.

യോഹന്നാൻ സ്നാപകൻ വീണ്ടും ജീവിക്കയോ? വീണ്ടും ജീവിക്കണമെങ്കിൽ, ആദ്യം മരിച്ചിരിക്കണമല്ലോ.

അതെ. യോഹന്നാൻ സ്നാപകൻ മരിച്ചിരുന്നു.

മഹാകഷ്ടമായിരുന്നു ആ മഹാത്മാവിൻെറ മരണം.

യോഹന്നാനെ ഹെരോദാ അന്തിപ്പാസ് തടവിലാക്കിയിരുന്നല്ലോ. അദ്ദേഹത്തെ വധിക്കാനൊരു സന്ദർഭം കിട്ടി, ഹെരോദിയാരാജ്ഞിക്കു്.

രാജാവിൻെറ ആട്ടപ്പിറന്നാളാണു്. കെങ്കേമമായ വിരുന്നു സൽക്കാരമുണ്ടു്. ധനവും പ്രതാപവുമുള്ള രാജാവല്ലേ? പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ, സേനകളുടെ നായകന്മാർ; പൗരന്മാരുടെ പ്രമാണികൾ—അവരെല്ലാം വന്നുനിറഞ്ഞിരിക്കുന്നു.

ഒരു നൃത്തവും നടക്കുന്നുണ്ടു്. ആരാണു നൃത്തംചെയ്യുന്നതു്? ഹെരോദിയാരാജ്ഞിയുടെ മകൾ. നല്ലൊരു നത്തകിയാണു്

അവൾ. പൊടിപൊടിക്കുന്നുണ്ടു് അവളുടെ നൃത്തം. രാജാവിനു് എത്ര സന്തോഷമായെന്നോ?

"നിനക്കു് ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളൂ. അതു ഞാൻ തന്നുകൊള്ളാം." രാജാവു് വാഗ്ദാനംചെയ്തു.

വെറുംവാഗ്ദാനം പോരാ. സത്യവുംകൂടി ചെയ്യണം. അതവൾക്കു നിർബ്ബന്ധമായിരുന്നു.

"നീ എന്തു ചോദിച്ചാലും തരാം—പാതി രാജ്യംവരെ." രാജാവു് സത്യംചെയ്തു പറഞ്ഞു.

എന്താണു് ആവശ്യപ്പെടേണ്ടതു്? അമ്മയോടു് അഭിപ്രായം ചോദിക്കാം. ആ അഭിപ്രായംപോലെ ചെയ്യാം. അതാണു നന്നെന്നു രാജകുമാരിക്കു തോന്നി. അവൾ അമ്മയെ ചെന്നു കണ്ടു. ദുഷ്ടയായ ഹെരോദിയാരാജ്ഞി പറഞ്ഞുകൊടുക്കയുംചെയ്തു.

രാജകുമാരി വീണ്ടും രാജാവിൻെറ അടുക്കലെത്തി.

"അങ്ങു് എനിക്കു് ഒന്നു തരണം. ഇവിടെവെച്ചു് ഇപ്പോൾ തരണം—ഒരു താമ്പാളത്തിൽ, യോഹന്നാൻ സ്നാപകൻെറ തല!"

ഹെരോദാ അന്തിപ്പാസ് വല്ലാതെ വിഷമിച്ചുപോയി. ഇതു് അയാൾ സ്വപ്നത്തിൽപ്പോലും വിചാരിച്ചിരുന്നില്ല. യോഹന്നാനെ തടവിലിട്ടു, ശരിയാണു്. എങ്കിലും എന്തോ മഹത്വമുണ്ടു് അയാൾക്കു്. ആ ബോധം ഉള്ളിലുണ്ടു രാജാവിനു്. വധിക്കാൻ മനസ്സുവരുന്നില്ല. എന്നാലും സത്യംചെയ്തുപോയി. നിറഞ്ഞ സദസ്സിൽവെച്ചു ചെയ്ത സത്യമാണു്. ഇനി വയ്യെന്നു് എങ്ങനെ പറയും? പ്രജകളുടെ കണ്ണിൽ രാജാവു് തരംതാഴ്ന്നുപോകും. എന്താണു ചെയ്യുക? ധർമ്മസങ്കടമായി അന്തിപ്പാസിനു്. എങ്കിലും രണ്ടിലൊന്നു ചെയ്തേ കഴിയൂ. സത്യം പാലിക്കതന്നെ. മനസ്സുണ്ടായിട്ടല്ല. അല്ലാതെ നിവൃത്തിയില്ല!

രാജാവു് ഒരു പട്ടാളക്കാരനെ പറഞ്ഞയച്ചു. പട്ടാളക്കാരൻ തുറുങ്കിനുള്ളിൽ കയറി. വാളെടുത്തു. യോഹന്നാൻെറ തല വെട്ടി. ആ തല താമ്പാളത്തിലാക്കി. അതു രാജാവിൻെറ മുമ്പിൽ വെച്ചു. രാജാവു് രാജകുമാരിക്കു നല്കി. രാജകുമാരി ഹെരോദിയാരാജ്ഞിക്കും.

യോഹന്നാൻ സ്നാപകനു് അനേകം ശിഷ്യന്മാരുണ്ടു്. അവരിൽ ചിലർ കൊട്ടാരത്തിൽ ചെന്നു. രാജാവിൻെറ അനുമതി വാങ്ങി. ഗുരുവിൻെറ ദേഹം തുറുങ്കിൽനിന്നു കൊണ്ടുപോയി. ശവകുടീരത്തിൽ അടക്കുകയുംചെയ്തു.

ആ വിവരമെല്ലാം മടങ്ങിവന്ന അപ്പോസ്തലന്മാർ ക്രിസ്തുവിനെ അറിയിച്ചു.

ബേത്ത്സയിദ എന്നൊരു പട്ടണമുണ്ട്. അവിടേക്കു പോയി ക്രിസ്തു. ശിഷ്യന്മാരുമുണ്ട് കൂടെ. രഹസ്യമായിട്ടാണു പോയതു്. എങ്കിലും ആളുകൾ കണ്ടുപിടിച്ചു. വലിയൊരു പുരുഷാരം ക്രിസ്തുവിൻെറ പുറകേ കൂടി. ക്രിസ്തു പിന്നെയും രോഗികളെ സുഖപ്പെടുത്തി. ഉപദേശങ്ങൾ നല്കി—എല്ലാം പതിവുപോലെ.

വൈകുന്നേരമായി. ആളുകൾ പിരിഞ്ഞുപോകുന്ന മട്ടില്ല. അപ്പോസ്തലന്മാർ ക്രിസ്തുവിനോട് ഒന്നു പറഞ്ഞു. ആളുകൾക്കു് ആഹാരം വേണം. ഉറക്കവും വേണം. അവരെ അടുത്തഗ്രാമങ്ങളിലേക്കു പറഞ്ഞയയ്ക്കണം. അതാണു നന്നു്.

"നിങ്ങൾതന്നെ അവക്കു തിന്നാൻ വല്ലതും കൊടുക്കുവിൻ," ക്രിസ്തു ആവശ്യപ്പെട്ടു.

അപ്പോസ്തലന്മാർ എന്തുചെയ്യാനാണു്? അവരുടെ പക്കൽ ആകെ അഞ്ചു് അപ്പമേയുള്ളു. രണ്ടു മത്സ്യവും. ആളുകളോ, അയ്യായിരത്തോളംവരും.

അപ്പോൾ ക്രിസ്തു നേരിട്ടു പ്രവത്തിക്കയായി. ആളുകളെ വരിയായിട്ട് ഇരുത്തി. ഓരോ വരിയിലും അമ്പതാളുകൾ. അങ്ങനെ നൂറു വരികൾ. ക്രിസ്തു അഞ്ചപ്പവും കൈയിലെടുത്തു; മുകളിലേക്കു കണ്ണുയത്തി; ഹൃദയം തുറന്നു പ്രാത്ഥിച്ചു; അപ്പം മുറിച്ചു; ശിഷ്യന്മാരെ ഏല്പിച്ചു. ആളുകൾക്കു കൊടുക്കണം എന്ന നിർദ്ദേശവും. പിന്നീട് രണ്ടു മത്സ്യവും. ശിഷ്യന്മാർ ആളുകൾക്കു നല്കി. ഓരോരുത്തരായി അപ്പവും മത്സ്യവും തിന്നുന്നു. പക്ഷേ, അപ്പവും മത്സ്യവും തീരുന്നില്ല. ഇതെന്തൊരു വിസ്മയമാണു്! ഇങ്ങനെയൊന്നു കണ്ടിട്ടുമില്ല. കേട്ടിട്ടുമില്ല! അയ്യായിരംപേക്കും വയറു നിറഞ്ഞിരിക്കുന്നു. പിന്നെയുമുണ്ടു ബാക്കി—പന്ത്രണ്ടു കുട്ട നിറയെ!

രാത്രിയും വന്നെത്തി. ക്രിസ്തു ശിഷ്യന്മാരെ കഫന്നഹൂമിലേക്കു് അയച്ചു. അവർ തോണി കയറി കടലിലൂടെ യാത്രയായി. ക്രിസ്തു കുന്നിലേക്കും കയറിപ്പോയി—ഏകാകിയായിട്ടു്, പ്രാത്ഥിക്കാൻ.

അപ്പോസ്തലന്മാർ ഏറെദൂരം തോണിയാത്രചെയ്തിരിക്കുന്നു. കുറേശ്ശ കാറ്റും കോളുമുള്ള സമയം. രാത്രി മൂന്നുമണിയോളമായി. അപ്പോൾ അവർ ഒരു കാഴ്ച കണ്ടു. കടലിലൂടെ നടന്നുവരികയാണ് ഒരാൾ. മനുഷ്യരാരും വെള്ളത്തിൽ നടക്കുന്നതു് അവർ

KOTTAYAM.

കണ്ടിട്ടില്ല. ആദ്യമായി കാണുകയാണ്. അതൊരു ഭൂതമാണോ? അവർ പേടിച്ചരണ്ടു നിലവിളിച്ചു.

വാസ്തവമോ? ഭൂതമല്ല. ക്രിസ്തു!

"ഇതു ഞാൻതന്നെ. പേടിക്കേണ്ട," ക്രിസ്തു വിളിച്ചുപറഞ്ഞു.

അവരുടെ സംശയം തീർന്നില്ല.

"പ്രഭോ, അങ്ങാണെങ്കിൽ വെള്ളത്തിലൂടെ നടന്ന് അങ്ങയുടെ അടുത്തെത്താൻ എനിക്കു ശക്തിതരു!" പത്രോസ് അഭ്യർത്ഥിച്ചു.

"വരു!" ക്രിസ്തു വിളിച്ചു.

പത്രോസ് തോണിയിൽനിന്നിറങ്ങി വെള്ളത്തിൽ കാലുവെച്ചു. കാലുറയ്ക്കുന്നുണ്ട്. നടക്കാം! അയാൾ മുമ്പോട്ടു നീങ്ങിത്തുടങ്ങി. അപ്പോഴേക്കും കാററിൻെറ ശക്തി വളരെ വർദ്ധിച്ചു. പത്രോസ് പരിഭ്രമിച്ചുപോയി. കാലുകൾ പതറി. അയാൾ വെള്ളത്തിൽ മുങ്ങിത്തുടങ്ങി. താനിപ്പോൾ മരിക്കും—അതു പത്രോസിനു തീർച്ചയായി. ഇനി ക്രിസ്തുമാത്രമേയുള്ളു ശരണം. "പ്രഭോ! എന്നെ രക്ഷിക്കണേ!" പത്രോസ് ദയനീയമായി നിലവിളിച്ചു.

ക്രിസ്തു മുന്നോട്ടാഞ്ഞു. കൈകൾ നീട്ടി. പത്രോസിനെ പിടിച്ചു. നിലയ്ക്കു നിറുത്തി.

"നീ എന്തിനു സംശയിച്ചു? എത്ര കുറഞ്ഞ വിശ്വാസമാണു നിനക്ക്!" അത്രയും പറഞ്ഞിട്ടു ക്രിസ്തു പത്രോസിനെ തോണിയിൽ കയററി. താനും കയറി. അതോടെ കാററടങ്ങി. ശിഷ്യന്മാരെല്ലാം ഗുരുവിന്റെ കാല്ക്കൽ വീണു. എന്നിട്ടു പറഞ്ഞു: "സത്യത്തിൽ അങ്ങു ദൈവപുത്രൻതന്നെ!"

ആളുകൾ വീണ്ടും വരുന്നു. മുമ്പത്തെക്കാൾ കൂടുതൽ അന്ധന്മാർ. മുടന്തന്മാർ. ഊമകൾ. രോഗികൾ. അവശന്മാർ. അന്ധന്മാർക്കു കാഴ്ച കിട്ടുന്നു. മുടന്തന്മാർ ഓടിനടക്കുന്നു. ഊമകൾ സംസാരിക്കുന്നു. രോഗികൾ ആരോഗ്യവാന്മാർ ആകുന്നു. അവശന്മാരുടെ അവശതകൾ മാറുന്നു. ഇന്ദ്രജാലത്താൽ എന്നപോലെ. പക്ഷേ, ഇതു് ഇന്ദ്രജാലമല്ല. മന്ത്രമല്ല. മരുന്നല്ല. ദിവ്യത്വം. ദൈവപുത്രന്റെ ദിവ്യത്വം!

എല്ലാവരും ദൈവത്തെ വാഴ്ത്തി. ദൈവപുത്രനെയും.

"മനുഷ്യപുത്രൻ ആരെന്നു് ആളുകൾ പറയുന്നു?" ഒരിക്കൽ ക്രിസ്തു ശിഷ്യന്മാരോടു ചോദിച്ചു.

മശിഹ മനുഷ്യപുത്രൻ എന്നാണ് അന്നത്തെ യഹൂദരുടെ സങ്കല്പം. അതിനാൽ, തന്നെക്കുറിച്ചു മനുഷ്യപുത്രൻ എന്നു പറയാറുണ്ട് ക്രിസ്തു. അപ്പോസ്തലന്മാർ ക്രിസ്തുവിനെ ദൈവപുത്രൻ എന്നു പറയും.

"യോഹന്നാൻ സ്നാപകൻ ഉയിർത്തെഴുന്നേററതെന്നു ചിലർ. ഏലിയാവോ, യിരെമ്യാവോ വീണ്ടും ജനിച്ചതെന്നു വേറെ ചിലർ. മറേറതോ പ്രവാചകൻ എന്ന് ഇനിയും ചിലർ," ശിഷ്യന്മാർ ഉത്തരം നൽകി.

യോഹന്നാൻ സ്നാപകൻ, ഏലിയാവ്, യിരെമ്യാവ്—കാലം ചെന്ന ദിവ്യന്മാരാണു മൂന്നുപേരും.

ക്രിസ്തു പത്രോസിൻെറ നേക്കു തിരിഞ്ഞു.

"ഞാൻ ആരെന്നു നീ പറയുന്നു?" ക്രിസ്തു ചോദിച്ചു.

"അങ്ങു മശിഹയാണ്, ദൈവപുത്രനായ മശിഹ!" പത്രോസ് പറഞ്ഞു.

"ദൈവാനുഗ്രഹം ഉള്ളവനാണു നീ. അപ്പറഞ്ഞതു് നീ മനുഷ്യരിൽനിന്നു പഠിച്ചതല്ല. നിനക്കു് എൻെറ സ്വർഗ്ഗപിതാവു കാണിച്ചുതന്നതാണ്. നീ പത്രോസായ പാറയാണ്. ഈ പാറപ്പുറത്തു ഞാൻ എൻെറ സഭ കെട്ടിപ്പടുക്കും. മരണത്തിന്റെ ശക്തികൾ അതിനെ ഒരിക്കലും കീഴടക്കുകയില്ല. സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ ഞാൻ നിനക്കു തരും. നീ ഭൂമിയിൽ വിലക്കുന്നതു് സ്വർഗ്ഗത്തിലും വിലക്കപ്പെടും. നീ ഭൂമിയിൽ അനുവദിക്കുന്നതു സ്വർഗ്ഗത്തിലും അനുവദിക്കപ്പെടും!"

ഒന്നുകൂടി ക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞു.

അതു കേട്ട് അവരൊന്നു ഞെട്ടി.

ഭാവിഫലം നല്ലവണ്ണം കാണാം ക്രിസ്തുവിനു്. തൻെറ അവസാനം എന്തായിരിക്കും? അതു തെളിഞ്ഞുനില്ക്കുന്നു മനക്കണ്ണിനു മുമ്പിൽ.

താൻ യരുശലേമിലേക്കു പോകും; പുരോഹിതന്മാരിൽനിന്നും മററും ഘോരമായ ദുരിതങ്ങൾ ഉണ്ടാകും; അവരാൽ വധിക്കപ്പെടുകയും ചെയ്യും—അതാണു ക്രിസ്തു അറിയിച്ച ഭാവിഫലം.

പത്രോസ് ക്രിസ്തുവിൻെറ കൈയ്ക്കു കടന്നുപിടിച്ചു.

"പ്രഭോ, പാടില്ല. അങ്ങേക്കു് അങ്ങനെ സംഭവിച്ചുകൂട!" അയാൾ ഹൃദയംനൊന്തു പറഞ്ഞു.

ദൈവം നിശ്ചയിച്ചിട്ടുള്ളതാണു തൻെറ അവസാനം. അതു

മാററാനൊക്കുമോ? മാററാമെന്ന വിചാരംതന്നെ തെററല്ലേ? തെല്ലൊരു നീരസം തോന്നി ക്രിസ്തുവിന്നു്.

"സാത്താനേ, ദൂരെപ്പോ! നീ എനിക്കൊരു വിലങ്ങുതടിയാണു്. നീ മനുഷ്യരെപ്പോലെ ചിന്തിക്കുന്നു. ദൈവം ചിന്തിക്കുന്നപോലെയല്ല!" ക്രിസ്തു പറഞ്ഞു. തുടൎന്നു് ഒരു ഉപദേശവും നല്കി—മനുഷ്യൎക്കാകെ വിലപ്പെട്ട ഉപദേശം!

"ഒരുവൻ എൻെറ പുറകേ വരാൻ ഇച്ഛിക്കുന്നു എങ്കിൽ, സ്വാത്മബോധം കളയണം. അവൻ അവൻെറ കുരിശു് വഹിക്കണം. എന്നോടുകൂടെ വരികയും വേണം. സ്വന്തം രക്ഷയിൽ മാത്രം താല്പൎയ്യമുള്ളവൻ നശിക്കും. എന്നാൽ, എനിക്കുവേണ്ടി ഒരുവൻ സ്വയം നശിക്കാൻ മുതിൎന്നാൽ, അവൻെറ യഥാൎത്ഥമായ ആത്മാവിനെ കണ്ടെത്തും. യഥാൎത്ഥമായ ആത്മാവു നഷ്ടപ്പെട്ടിട്ടു് അവൻ ലോകം മുഴുവൻ ജയിച്ചാൽ അവനെന്തു ലാഭം? അല്ലെങ്കിൽ, യഥാൎത്ഥമായ ആത്മാവു തിരിച്ചു വാങ്ങാൻ അവനെന്തു നല്ലാൻ കഴിയും? മനുഷ്യപുത്രൻ ദൈവദൂതന്മാരോടുകൂടി പിതാവായ ദൈവത്തിന്റെ മാഹാത്മ്യം പ്രാപിക്കും. അപ്പോൾ അവൻ ഓരോ മനുഷ്യനും പ്രവൃത്തിക്കു തക്കതായ പ്രതിഫലം നല്കും. ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യപുത്രൻ തൻെറ രാജ്യത്തിൽ പ്രവേശിക്കുന്നതു കാണുംവരെ മരിക്കാത്ത ചിലർ ഇവിടെ നില്പുണ്ടു്!"

ശിഷ്യന്മാർ എന്താണിതിനു മറുപടി പറയുക?

എട്ടു ദിവസം കഴിഞ്ഞു. മൂന്നു ശിഷ്യന്മാരോടുകൂടി ക്രിസ്തു കുന്നു കയറി—പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ ശിഷ്യന്മാർ.

ക്രിസ്തു പ്രാൎത്ഥനയിൽ മുഴുകുന്നു. തെല്ലുനേരം കഴിയുന്നു. ക്രിസ്തുവിൻെറ മുഖത്തിൻെറ മട്ടാകെ മാറുന്നു. വസ്ത്രങ്ങൾ വെള്ളവെളിച്ചം കലൎന്നു വെട്ടിത്തിളങ്ങുന്നു. പെട്ടെന്നതാ രണ്ടു ദിവ്യന്മാർ പ്രത്യക്ഷപ്പെടുന്നു, മോശയും ഏലിയാവും. അവർ ക്രിസ്തുവിനോടു സംസാരിക്കുന്നു.

ഉറങ്ങുകയാണു പത്രോസും കൂട്ടുകാരും. ഉണൎന്നപ്പോൾ കണ്ടു രണ്ടു ദിവ്യന്മാരെയും ക്രിസ്തുവിനെയും ഒന്നിച്ചു്. ദിവ്യന്മാർ വാങ്ങിപ്പോകുന്നതും.

"പ്രഭോ, ഞങ്ങൾ ഇവിടെയുള്ളതു് എത്ര നന്നായി! അങ്ങേക്കു് ആഗ്രഹമുണ്ടെങ്കിൽ ഞാൻ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം.

ഒന്നു് അങ്ങേക്കു്, രണ്ടാമതു മോശയ്ക്കു്, മൂന്നാമതു് ഏലിയാവിനു്," പത്രോസ് ഉദ്വേഗത്തോടെ പറഞ്ഞു.

അതാ, ആകാശത്തു് ഒരു കറുത്തമേഘം. അതിൻെറ നിഴൽ വീഴുന്നു അവരുടെമേൽ. അവക്കു ഭയമാകുന്നു. മേഘത്തിൽനിന്നു് ഒരു സ്വരം: "ഇവൻ എൻെറ പ്രിയപുത്രൻ. ഇവനിൽ എൻെറ അനുഗ്രഹമുണ്ടു്. ഇവനു ചെവികൊടുക്കുവിൻ!" അപ്പോഴെഴ്കും മോശയുമില്ല, ഏലിയാവുമില്ല. ക്രിസ്തുമാത്രം!

ഒരിക്കൽ ശിഷ്യന്മാക്കു് ഒരു തോൽവിപററി. ദുർഭൂതം ബാധിച്ചിരുന്നു ഒരു ബാലനെ. അവർ ആവുംപോലെ പരിശ്രമിച്ചു ദുർഭൂതത്തെ ഒഴിക്കാൻ. ഒരു ഫലവും ഉണ്ടായില്ല. ബാലൻ്റെ അച്ഛൻ അവനെ ക്രിസ്തുവിൻെറ അടുക്കലേക്കു കൊണ്ടുചെന്നു. തൽക്ഷണം ദുർഭൂതം തനിയെ ഒഴിഞ്ഞുപോയി!

"എന്തുകൊണ്ടു ഞങ്ങൾക്കു ദുർഭൂതത്തെ ഒഴിക്കാൻ കഴിഞ്ഞില്ല?" ശിഷ്യന്മാർ ചോദിച്ചു.

ക്രിസ്തുവിൻെറ മറുപടി അവക്കൊരു പാഠമായിരുന്നു. അവക്കു മാത്രമല്ല, എല്ലായിടത്തെ ജനങ്ങൾക്കും, എല്ലാക്കാലത്തെ ജനങ്ങൾക്കും!

"നിങ്ങളുടെ വിശ്വാസം തീരെ ദുർബ്ബലമാണു്. ഞാൻ നിങ്ങളോടു പറയുന്നു: കടുകുമണിയോളമുള്ള വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു നിങ്ങൾ പറയും: 'ഇവിടുന്നു് അവിടേക്കു മാറൂ!' മല മാറുകയും ചെയ്യും. യാതൊന്നും നിങ്ങൾക്കു് അസാദ്ധ്യമാവുകയില്ല!"

കുട്ടികളെ എത്രമാത്രം ഇഷ്ടമായിരുന്നു ക്രിസ്തുവിനു്! മനസ്സിനു ശുദ്ധിയുണ്ടല്ലൊ കുട്ടികൾക്കു്. അവരിൽനിന്നു പലതുംപഠിക്കാനുണ്ടു് മുതിന്നവക്കു്. അക്കാര്യം ക്രിസ്തു എടുത്തു പറഞ്ഞു പലപ്പോഴും.

"ഗുരോ, സ്വർഗ്ഗരാജ്യത്തിൽ ഏററവും മഹാത്മ്യമുള്ളവൻ ആരാണു്?" ഒരിക്കൽ ചോദിച്ചു ശിഷ്യന്മാർ.

ക്രിസ്തു ഒരു കുട്ടിയെ വിളിച്ചു് അവരുടെ മുമ്പിൽ നിറുത്തി.

"ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കുട്ടികളെപ്പോലെ ആയില്ലെങ്കിൽ നിങ്ങൾ ഒരിക്കലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല. ഒരു മനുഷ്യൻ ഈ കുട്ടിക്കൊപ്പം വിനീതനാകട്ടെ, അവനായിരിക്കും സ്വർഗ്ഗരാജ്യത്തിൽ ഏററവും മഹാത്മ്യമുള്ളവൻ!"

വേറൊരിക്കൽ ക്രിസ്തു പറഞ്ഞു:

"ഈ കുഞ്ഞുങ്ങളിൽ ഒന്നിനെപ്പോലും പുച്ഛിക്കരുതു്. ഞാൻ

നിങ്ങളോടു പറയുന്നു: അവക്കു രക്ഷകത്താക്കന്മാരായ
ന്മാരുണ്ട് സ്വർഗ്ഗത്തിൽ.''

മറ്റൊരിക്കൽ ചിലർ കുട്ടികളെ കൊണ്ടുവന്നു—ക്രിസ്തു തൊ
നുഗ്രഹിക്കാനായിട്ട്. ശിഷ്യന്മാർ ആ കുട്ടികളെ തടഞ്ഞുനിറുത്തി. അപ്പോൾ ക്രിസ്തു പറഞ്ഞു:

''കുട്ടികൾ എൻെറ അടുക്കലേക്കു വന്നുകൊള്ളട്ടെ. അവരെ തടുത്തുനിറുത്താൻ ശ്രമിക്കരുത്. എന്തെന്നാൽ, അവരെപ്പോലെ ഉള്ളവക്കാണു സ്വർഗ്ഗരാജ്യം.''

തെററു ചെയ്തവനു മാപ്പുകൊടുക്കണം. അതു കൂടെക്കൂടെ പറയാറുണ്ട് ക്രിസ്തു.

ഒരിക്കൽ പത്രോസ് ചോദിച്ചു: ''പ്രഭോ, എൻെറ സഹോദരൻ എന്നെ തുടന്നു ദ്രോഹിച്ചാൽ, എത്രവട്ടം ഞാൻ അവനു മാപ്പു കൊടുക്കണം? ഏഴുവട്ടം മതിയാവുമോ?''

ആ ചോദ്യത്തിനു കിട്ടിയ ഉത്തരം ഇതായിരുന്നു:

''ഏഴുവട്ടമെന്നു ഞാൻ പറയുന്നില്ല. ഏഴിനെ എഴുപതു കൊണ്ടു ഗുണിച്ചാൽ വരുന്നത്രവട്ടം!''

മാപ്പിൻെറ മഹത്വം മനസ്സിലാവാൻ ഒരു കഥയുണ്ട്. ക്രിസ്തു പറഞ്ഞതാണ് ആ കഥ.

ഒരു രാജാവുണ്ടായിരുന്നു. രാജാവിനോടു കടം വാങ്ങിയിട്ടുണ്ട് പലരും. കണക്കു തീക്കാൻ നിശ്ചയിച്ചു രാജാവ്. വളരെ വമ്പിച്ച കടമെടുത്തിട്ടുണ്ട് ഒരുവൻ. മടക്കിക്കൊടുക്കാൻ നിവൃത്തിയൊന്നും അവൻ കണ്ടില്ല. അവനെ വില്ക്കണം, അവൻ്റെ ഭാര്യയെ വില്ക്കണം, അവൻെറ കുട്ടികളെ വില്ക്കണം, അവൻെറ സ്വത്തുക്കൾ വില്ക്കണം. അങ്ങനെ കടം ഈടാക്കണം. അതായി രാജാവിൻെറ കല്പന. കടക്കാരൻ രാജാവിൻ്റെ കാല്ക്കൽ വീണു കരഞ്ഞു തുടങ്ങി. കരച്ചിൽ കണ്ടില്ലേ? അപ്പോൾ രാജാവിൻെറ മനസ്സലിഞ്ഞു. അവൻെറ കടം മുഴുവൻ ഇളച്ചിട്ട് അവനെ പറഞ്ഞയച്ചു. കടക്കാരൻ പുറത്ത് ഇറങ്ങിയതേയുള്ളു. ഉടനെ കണ്ടു അവൻ്റെ ഒരു കടക്കാരനെ. ഒന്നാംകടക്കാരനു രണ്ടാംകടക്കാരനിൽനിന്നു കിട്ടാനുള്ളതു വളരെ ചെറിയൊരു തുകയാണ്. അതിപ്പോൾ കിട്ടിയേ കഴിയൂ—അതായി ഒന്നാമൻെറ ശാഠ്യം. രണ്ടാമനു് ഒരു വഴിയുമില്ല കടം വീട്ടാൻ. അവൻ ഒന്നാമൻെറ കാല്ക്കൽ വീണു കരഞ്ഞു—ഒന്നാമൻ രാജാവിൻെറ കാല്ക്കൽ വീണു കരഞ്ഞപോലെ. രാജാവ് ഒന്നാമനു കടം ഇളവുചെയ്തതാണ്. പക്ഷേ, ഒന്നാമൻ

...ടം ഇളവുചെയ്തില്ല. കടക്കാരെ തടവിലിടാറുണ്ട്. ...ന തടവിലിട്ടുവിച്ചു ഒന്നാമൻ. അതറിഞ്ഞു രാജാവു്. ...ടനെ വരുത്തി ഒന്നാമനെ.

"തെമ്മാടി! നീ അപേക്ഷിച്ചപ്പോൾ ഞാൻ നിൻെറ കടം ഇളവുചെയ്തു. നിൻെറ കടക്കാരനോട്ട് ആ ദയവു കാണിക്കാൻ നീയും ബാധ്യസ്ഥനല്ലേ?" അതിയായ ദേഷ്യത്തോടെ രാജാവു് ചോദിച്ചു. ചോദിച്ചതുമാത്രമല്ല, തക്കതായ ശിക്ഷയും നല്കി. കടം മുഴുവൻ വീട്ടുന്നതുവരെ അവനെ ദണ്ഡിക്കട്ടെ!—അതായിരുന്നു ശിക്ഷ.

ക്രിസ്തു അക്കഥ ഇങ്ങനെ അവസാനിപ്പിച്ചു:

"അതുപോലെയാണ് എൻെറ സ്വർഗ്ഗപിതാവു് നിങ്ങളോടും പെരുമാറുക—നിങ്ങൾ ഓരോരുത്തരും സഹോദരന് ഹൃദയംതുറന്നു മാപ്പുകൊടുക്കുന്നില്ലെങ്കിൽ!"

ധനമല്ല ഒരുവൻെറ മേന്മയ്ക്കു നിദാനം. മറിച്ച്, അതൊരു ദോഷവുമാണ്. ഒരിക്കൽ ക്രിസ്തു പറയുകയുണ്ടായി:

"ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗ്ഗരാജ്യത്തിൽ ധനികനു കടക്കാൻ പ്രയാസമായിരിക്കും. ഞാൻ വീണ്ടും പറയുന്നു: ധനികനു സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനെക്കാൾ എളുപ്പമാണ് ഒട്ടകത്തിനു സൂചിക്കുഴയിലൂടെ നുഴഞ്ഞുപോകാൻ."

നീതികഥകളും നീതിവാക്യങ്ങളും നിറഞ്ഞ ഉപദേശങ്ങൾ—അവ മനുഷ്യർക്കു നല്കിക്കൊണ്ടു സഞ്ചരിച്ചു ക്രിസ്തു.

"നാം യെരുശലേമിലേക്കു പോവുകയാണ്. മനുഷ്യപുത്രൻ പ്രധാനപുരോഹിതന്മാർക്കും നിയമജ്ഞർക്കുമായി നല്കപ്പെടും. അവർ അവനു വധശിക്ഷ വിധിക്കും. ആക്ഷേപിക്കപ്പെടാൻ, അടിക്കപ്പെടാൻ, കുരിശിൽ തറയ്ക്കപ്പെടാൻ, വിദേശീയരെ ഏല്പിക്കും. മൂന്നാംദിവസം അവൻ ഉയിർത്തെഴുന്നേല്ക്കും!" ക്രിസ്തു പറഞ്ഞു.

രോഗികളെ ആരോഗ്യവാന്മാരാക്കി. ആർത്തന്മാർക്ക് ആശ്വാസം അരുളി. പാപികൾക്കു മാപ്പു നല്കി. അവർക്കോ, എണ്ണമില്ലതാനും. എന്നിട്ടും ചിലർക്കു ക്രിസ്തുവിനോടു വിരോധമാണ്. ക്രിസ്തുവിനെ കൊന്നാലേ മതിയാവൂ എന്നാണ് അവരുടെ ശാഠ്യം. എന്തൊരു കഷ്ടം!

വിരോധികളിൽ പ്രധാനിയാണു കയ്യഫാ.

പുരോഹിതന്മാരിൽ പ്രമാണിയാണ് അയാൾ.

പ്രാബല്യമുള്ള കൂട്ടരാണു പുരോഹിതന്മാർ. അവർക്കു വളരെ

അധികാരമുണ്ട്. പണമുണ്ട്. പ്രതാപമുണ്ട്. ശക്തിയുണ്ട്. എന്തു വേണമെങ്കിലും ചെയ്യാം. എന്തെന്നു ചോദിക്കാൻ ആളില്ല. റോമാക്കാരെ മാത്രമേ ഭയപ്പെടാനുള്ളു. റോമാക്കാരാണല്ലോ മേലധികാരികൾ. അതുകൊണ്ടു മാത്രം.

ക്രിസ്തു കയ്യഫാസ്സു ശല്യമായിരിക്കുന്നു.

ആദ്യമൊന്നും കയ്യഫാ അത്ര കൂട്ടാക്കിയിരുന്നില്ല. യേശു മശിഹയാണത്രെ! ചിലരൊക്കെ അതു വിശ്വസിക്കുന്നു. അവനും പറഞ്ഞു നടക്കുന്നു. കയ്യഫാസ്സു തോന്നിയതു വേറൊന്നാണ്. അവനൊരു കിറുക്കൻ. അല്ലെങ്കിൽ പിത്തലാട്ടക്കാരൻ. കിറുക്കന്മാരും പിത്തലാട്ടക്കാരും മുമ്പും മശിഹ ചമഞ്ഞു വന്നിട്ടുണ്ട്. അവരെ പരീക്ഷിക്കാൻ പുരോഹിതന്മാർ പരീശന്മാരെ പറഞ്ഞയച്ചിട്ടുമുണ്ട്. കുടുക്കുചോദ്യങ്ങളാണു പരീശന്മാരുടെ ആയുധം. കൗശലത്തിൽ പൊതിഞ്ഞവയാണു കുടുക്കുചോദ്യങ്ങൾ. ഉത്തരം പറയാൻ വളരെ പ്രയാസമാണ്. ഉത്തരം പറഞ്ഞാലോ, തെറ്റാകാനാണ് എളുപ്പം. മശിഹയായാൽ തെററു പറകയില്ല. തെററു പറയുന്നവൻ മശിഹയല്ല. തെററു തനിനിറം പുറത്താക്കും. ആളുകൾ അവനെ കല്ലെറിഞ്ഞു കൊല്ലും. സാധാരണമായ ശിക്ഷയാണതു്. കുററവാളിയെ ഒററയ്ക്കു നിറുത്തും. ജനങ്ങൾ കൂടിനിന്നു കല്ലെറിയും. അവൻ ചത്താലേ കല്ലേറു നിറുത്തുകയുള്ളൂ. കല്ലേറുകൊണ്ടു ചത്തിട്ടുണ്ട് കള്ളപ്രവാചകന്മാർ പലരും.

കാലം കഴിഞ്ഞതോടെ കയ്യഫായുടെ തോന്നലൊന്നു മാറി. ഈ യേശു ദീനങ്ങൾ ഭേദമാക്കുന്നുവത്രെ; ദുർഭൂതങ്ങളെ ഒഴിക്കുന്നുവത്രെ; വേറെയും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുവത്രെ. അവൻ മശിഹയെന്നു വിശ്വസിക്കുന്നവർ; അവന്റെ ഉപദേശം അനുസരിക്കുന്നവർ; സർവ്വവും ഉപേക്ഷിച്ച് അവനെ പിൻതുടരുന്നവർ—ആ കൂട്ടരുടെ സംഖ്യ വദ്ധിച്ചുവരുന്നു. ഇനി സൂക്ഷിക്കണം!

കിങ്കരന്മാരായ പരീശന്മാരെ പറഞ്ഞയച്ചു കയ്യഫാ. പല കെണികളും പ്രയോഗിച്ചു പരീശന്മാർ. ഒരു കെണിയിലും വീണിട്ടില്ല യേശു. തോറ്റതു പരീശന്മാരാണ്. അതും പോട്ടെന്നുവയ്ക്കാം. യേശു മശിഹയെന്നു പരീശന്മാരിൽ ചിലർപോലും വിശ്വസിക്കുന്നു. അതാണു വലിയ ദുർഘടം!

യേശു സ്നേഹത്തെപ്പററി പ്രസംഗിക്കുന്നു. ത്യാഗത്തെപ്പററി പ്രസംഗിക്കുന്നു. സ്വർഗ്ഗരാജ്യത്തെപ്പററി പ്രസംഗിക്കുന്നു. അതൊക്കെ ആളുകൾ വിശ്വസിക്കുന്നല്ലോ! വെറും വിഡ്ഢിത്തം! എങ്കിലും

ഈ നിലയ്ക്കു പൊയ്ക്കൂട. യേശുവിൻെറ ശക്തി വളരെയങ്ങു വദ്ധിക്കും. യേശുവിനെ മാത്രമേ ആളുകൾ അനുസരിക്കൂ. പുരോഹിതന്മാരെ അനുസരിക്കില്ല. ആ നില വന്നുചേന്നാലോ? തീന്നില്ലേ സകലതും. അവകാശങ്ങൾ, അധികാരങ്ങൾ—അവയെല്ലാം അനവധിയുണ്ടു് പുരോഹിതന്മാക്കു്. നൂററാണ്ടുകളായി ഉള്ളതാണതാനും. അവയെല്ലാം യേശു ഒററയടിക്കു നശിപ്പിക്കുകയോ? പാടില്ല. ഒരിക്കലും പാടില്ല. യേശുവിനെ കൊല്ലണം. എന്നാലേ സൈപരമുള്ളൂ!

കയ്യഫാ, കീഴിലുള്ള പുരോഹിതന്മാർ, സാദ്ദൂക്യന്മാർ, പരീശന്മാർ, അവരുടെ കൂട്ടാളികൾ—എല്ലാവക്കും ഒന്നാണിനി വേണ്ടതു്—ക്രിസ്തുവിനെ കൊല്ലണം!

യെരുശലേമിലെ ദൈവാലയമാണു് അവരുടെ ശക്തിയുടെ ഇരിപ്പിടം. വമ്പിച്ച ദൈവാലയമാണു് അതു്. അതിനകത്തുണ്ടു് അളവില്ലാത്ത പണം, അസംഖ്യം പട്ടാളക്കാർ. അവിടമാണു പുരോഹിതന്മാരുടെ കേന്ദ്രം. അവിടേക്കു ചെല്ലുകയാണു് ക്രിസ്തു.

ഇനിയും ചില ദിവസങ്ങൾ വേണം യെരുശലേമിൽ എത്തിച്ചേരാൻ. ആ ദിവസങ്ങളും ക്രിസ്തു ചെലവഴിച്ചു—തിന്മയുള്ളവരെ നന്മയുള്ളവരാക്കാൻ, നന്മയുള്ളവരെ സ്വഗ്ഗരാജ്യം കാണിക്കാൻ.

അയല്ക്കാരനെ സ്നേഹിക്കണം—മുമ്പേ പ്രചരിപ്പിച്ചുപോരുന്ന ആദശമാണു് അതു്. ആരാണു് യഥാത്ഥത്തിൽ അയല്ക്കാരൻ? അതു വിശദമാക്കാൻ ക്രിസ്തു ഒരു കഥ പറഞ്ഞു:

ഒരാൾ യാത്രചെയ്യുകയായിരുന്നു, യെരുശലേമിൽനിന്നു് യെരീഹോയിലേക്കു്. വഴിയിൽ കവച്ചക്കാർ ഉണ്ടായിരുന്നു. അവർ സഞ്ചാരിയുടെ പക്കലുള്ളതെല്ലാം പിടിച്ചുപറിച്ചു. അയാളെ അടിച്ചു് അവശനാക്കി. അവിടെത്തള്ളി. ഓടിപ്പോയി.

നേരം കുറെ കഴിഞ്ഞു. ആ വഴി വരികയായി ഒരു പുരോഹിതൻ. അയാൾ ഒന്നു കണ്ടു. പരുക്കേററു മരിക്കാറായിക്കിടക്കയാണു് ഒരുവൻ. പുരോഹിതൻ ഒരു സഹായവും നല്കിയില്ല. അയാൾ മിണ്ടാതെ കടന്നുപോയി. അതുപോലെ ചെയ്തു പിന്നീടു വന്ന ഒരു പഥികനും. മൂന്നാമതു വന്നതോ, ഒരു ശമയ്യക്കാരൻ. അയാൾക്കു് അതിയായ അനുകമ്പ തോന്നി. സഹായിക്കാൻ ഒരുക്കമായി. അവശൻെറ മുറിവുകൾ തുണിവച്ചുകെട്ടി. അവയിൽ എണ്ണയും വീഞ്ഞും പുരട്ടി. അവശനെ സ്വന്തം വാഹനത്തിൽ കയററി. ഒരു വഴിയമ്പലത്തിലാക്കി. യാത്ര തുടരുംമുമ്പോ? വഴി

യമ്പലക്കാരനു പണവും കൊടുത്തു—അവനെ ശുശ്രൂഷിക്കാൻ പ്രതിഫലം!

എന്തായിരുന്നു കഥയിലെ ഗുണപാഠം? ശമര്യക്കാരനാണ് യഥാൎത്ഥത്തിൽ അയല്ക്കാരൻ. അയാളെ അനുകരിക്കണം മനുഷ്യരെല്ലാം.

ആമാതിരി ഉപദേശിച്ചുകൊണ്ടു സഞ്ചരിച്ചു ക്രിസ്തു—ദീനങ്ങൾ ഭേദമാക്കിക്കൊണ്ടും.

കൂനിയായ ഒരു സ്ത്രീയുണ്ട്. കൂനിയായിട്ടു പതിനെട്ടു വൎഷമായി. അതിനുശേഷം ഒന്നു നിവിൎന്നുനിന്നിട്ടില്ല. നീണ്ട കാലത്തെ ദുർഭാഗ്യം അതാ അവസാനിക്കുന്നു. ക്രിസ്തുവിൻെറ അനുഗ്രഹം ലഭിക്കുന്നു. കൂനു നിവിരുന്നു!

ശബ്ബത്താണ് അന്ന്. ശബ്ബത്തിൽ രോഗം മാററിയിട്ടുണ്ട് ക്രിസ്തു, മുമ്പും. പരീശന്മാൎക്കു ദേഷ്യമുണ്ടായിട്ടുണ്ട്, അന്നും. അവൎക്കു ദേഷ്യമുണ്ടാകുന്നു, ഇന്നും.

തക്കതായ ഒരു മറുപടി നല്കി ക്രിസ്തു. കാളയേയും കഴുതയേയും തൊഴുത്തിൽനിന്ന് അഴിക്കുന്നു ശബ്ബത്തിന്. അവയ്ക്കു വെള്ളം കൊടുക്കുന്നു ശബ്ബത്തിന്. അതൊന്നും തെററല്ല. ആസ്ഥിതിക്ക് ഇതും തെററല്ല!

മഹോദരം എന്ന മഹാരോഗമുള്ള ഒരുവൻ—ക്രിസ്തു അവനെയും സുഖപ്പെടുത്തി. അതും ശബ്ബത്തിനായിരുന്നു.

പരീശന്മാർ പഴയപോലെ പഴിപറഞ്ഞു.

"നിങ്ങളിൽ ഒരാൾക്ക് ഒരു കഴുതയോ കാളയോ ഉണ്ടെങ്കിൽ, അതു ശബ്ബത്തിനു കിണററിൽ വീണെങ്കിൽ, നിങ്ങൾ അതിനെ കരകയററാൻ മടിക്കുമോ?" അതായിരുന്നു ക്രിസ്തുവിൻെറ ചോദ്യം.

പരീശന്മാൎക്ക് ഉത്തരം മുട്ടി.

"ഇവൻ പാപികളെ സ്വാഗതംചെയ്യുന്നു. അവരോടുകൂടി ഭക്ഷണം കഴിക്കുന്നു." ചിലർ ക്രിസ്തുവിനെ കുററപ്പെടുത്തി.

ക്രിസ്തുവിൻെറ മറുപടി നീതിവാക്യത്തിൻെറ രൂപത്തിലായിരുന്നു.

ഒരാളിനു നൂറ് ആടുകളുണ്ട് എന്നുവെയ്ക്കൂ. പെട്ടെന്ന് ഒരാടിനെ കാണാതാവുന്നു. ഉടനെ ഉടമസ്ഥൻ എന്തുചെയ്യുന്നു? തൊണ്ണൂററൊമ്പതിനെയും വിട്ടു കളഞ്ഞുപോയ ഒന്നിനെ തിരഞ്ഞുനടക്കുന്നു. അതിനെ കണ്ടെത്തിയാലോ? എന്തു സന്തോഷമാണ്

അയാൾക്കു്! അതുപോലെയാണു സ്വൎഗ്ഗത്തിലും. ഒരു പാപി പശ്ചാത്തപിച്ചാൽമതി, സ്വൎഗ്ഗത്തിലും സന്തോഷമുണ്ടാവും.

പശ്ചാത്താപത്തിൻെറ മഹത്വം മററുള്ളവരെ മനസ്സിലാക്കണം. അതിനൊരു നീതികഥ പറഞ്ഞു ക്രിസ്തു.

ഒരു അച്ഛൻ, രണ്ടു പുത്രന്മാർ. മൂന്നുപേരും ഒന്നിച്ചുകഴിയുകയാണു്.

ധൂൎത്തനാണു് ഇളയ പുത്രൻ. ദുൎമ്മോഹിയും. അവനു തൃപ്തിയില്ല. തൃപ്തിവരാൻ വഴി ഒന്നേയുള്ളൂ—തൻെറ ഓഹരി വേണം. തനിക്കു് അവകാശമുള്ളതല്ലേ?

"എനിക്കു് എൻെറ ഓഹരി കിട്ടിയേ മതിയാവൂ," അവൻ ശാഠ്യംപിടിച്ചു.

സ്നേഹമുള്ളവനാണു് അച്ഛൻ. ഇളയ മകൻെറ പോക്കു് നല്ല വഴിക്കല്ല. അതു് അറിയാം. എങ്കിലും അവൻെറ ഇഷ്ടം നടക്കട്ടെ. സംശയിക്കാതെ, സങ്കടപ്പെടാതെ, അച്ഛൻ ഓഹരി നല്കി. ഇളയ പുത്രൻ എന്തുചെയ്തു? ഉടനെ സ്വത്തു വിററു കാശാക്കി. എന്നാലല്ലേ ധൂൎത്തടിക്കാനൊക്കൂ? സ്നേഹമുള്ള അച്ഛൻ, സൗകൎയ്യമുള്ള വീടു്—എല്ലാം ഉപേക്ഷിച്ചുപോയി അവൻ. പോയതോ, ഒരു ദൂരദിക്കിലും. സകല സുഖങ്ങളും അനുഭവിക്കണം—ആ ഒരു ചിന്തയേയുള്ളൂ. വാരിക്കോരി ചെലവാക്കുകയാണു പണം. അങ്ങനെ ആയാൽ എത്രയധികം പണമുണ്ടെങ്കിലും ശരി, തീൎന്നുപോകും. ഒടുവിൽ ഈ ധൂൎത്തനു് ആ സ്ഥിതി വന്നുചേൎന്നു—ഒരൊററ കാശു് ബാക്കിയില്ല!

ഇനി എന്തുചെയ്യും? സുഖമെല്ലാം അവസാനിച്ചു. ആഹാരം പോലുമില്ല. ആഹാരം കഴിക്കാൻ വകയില്ല. ആഹാരമില്ലെങ്കിൽ മരിച്ചുപോവുകയില്ലേ? പോരെങ്കിൽ ആ നാട്ടിൽ വലിയ ക്ഷാമവും വന്നു. എങ്ങനെയെങ്കിലും ഒരു ജോലി കിട്ടണം. ഏതു ജോലിയായാലും മതി. ഒടുവിൽ ഒരു കൃഷിക്കാരൻെറ കീഴിൽ ജോലി കിട്ടി. എന്തായിരുന്നു ജോലി? പന്നികളെ മേയ്ക്കുക. പണം കണക്കില്ലാതെ ചെലവാക്കിയവനാണു്. എന്നിട്ടു് ഇപ്പോൾ പന്നികളെ മേയ്ക്കുകയാണു്. പക്ഷേ, പന്നികളെ മേച്ചല്ലേ കഴിയൂ? ജീവൻ കൂട്ടിൽ കിടക്കണ്ടേ? കഷ്ടിച്ചു ജീവൻ കൂട്ടിൽ കിടക്കുന്നു. അത്രേയുള്ളൂ ആഹാരം. പന്നികൾക്കു കുറേക്കൂടി നല്ല ആഹാരമുണ്ടു്. അതു കിട്ടിയാലും മതിയായിരുന്നു. പക്ഷേ, അതു കിട്ടുന്നില്ല.

മുമ്പത്തെ സ്ഥിതി എവിടെ? ഇന്നത്തെ സ്ഥിതി എവിടെ?

മുമ്പു സ്വന്തം അച്ഛനോടുകൂടി ജീവിച്ചു. ഇപ്പോൾ ഒരു കൃഷിക്കാരൻെറ കീഴിൽ പണിയെടുക്കുന്നു. മുമ്പു സകല സുഖങ്ങളും അനുഭവിച്ചു. ഇപ്പോൾ അതിയായ കഷ്ടപ്പാടുകൾ അനുഭവിക്കുന്നു. മുമ്പു പണം ധൂൎത്തടിച്ചു. ഇപ്പോൾ പണം കണികാണാനില്ല. എന്തൊരു വ്യത്യാസം!

കഷ്ടപ്പാടു വന്നില്ലേ? അപ്പോഴുണ്ടായി പശ്ചാത്താപം! അവൻ അച്ഛനെ ഓൎമ്മിച്ചു. അച്ഛൻെറ സ്നേഹത്തെ ഓൎമ്മിച്ചു. തൻെറ തെററുകളെ ഓൎമ്മിച്ചു. ആ ഓൎമ്മകൾ സങ്കടം ഉളവാക്കി. ഈ ജീവിതം ഇനി മതി. പഴയ ജീവിതത്തിലേക്കു തിരിച്ചു പോകണം. അച്ഛനെ ചെന്നു കാണണം. അച്ഛനോടു മാപ്പുചോദിക്കണം. അച്ഛൻെറ സ്നേഹം അനുഭവിക്കണം.

മുടിയനായ പുത്രൻ വീട്ടിലേക്കു യാത്രയായി.

ഇളയ മകൻ തിരിച്ചുവരികയാണ്—അതു കണ്ടു, വീട്ടിലിരുന്ന അച്ഛൻ. അയാളുടെ പുത്രസ്നേഹം നുരഞ്ഞുപൊങ്ങി. അയാൾ ഇറങ്ങിയോടി. മകൻെറ അടുക്കലെത്തി. മകനെ പിടിച്ചു മാറോടണച്ചു. തെരുതെരെ ഉമ്മവെച്ചു.

“അച്ഛാ, ഞാൻ പാപംചെയ്തു. ദൈവത്തോടു പാപം. അച്ഛനോടും പാപം. അച്ഛന്റെ മകനെന്നു വിളിക്കപ്പെടാൻ എനിക്കു യോഗ്യതയില്ല!” മകൻ സങ്കടത്തോടെ പറഞ്ഞു.

അച്ഛൻ എന്തുചെയ്തു? വിലപിടിച്ച കുപ്പായം, മോതിരം, ചെരിപ്പ്—അവയെല്ലാം വരുത്തി. പുത്രനെ ധരിപ്പിച്ചു. പോരെങ്കിലോ? പാട്ടും ആട്ടവും ഏൎപ്പാടുചെയ്തു. വമ്പിച്ച വിരുന്നും. പോയ മകൻ തിരിച്ചുവന്നതല്ലേ?

ആസമയം മൂത്തപുത്രൻ വീട്ടിലില്ല. കൃഷിപ്പണിക്കു പോയിരിക്കയാണ്. പണികഴിഞ്ഞു വീട്ടിലേക്കു വന്നപ്പോഴൊ? അതാ കേൾക്കുന്നു കോലാഹലം. ഗാനവും നൃത്തവും! ഇതെന്തിനു്? അറിയാൻ അവനു തിടുക്കമായി. ഒരു വാല്യക്കാരനെ വിളിച്ചു ചോദിച്ചു. അപ്പോഴാണു കാൎയ്യം മനസ്സിലായതു്. അനുജൻ മടങ്ങിവന്നിരിക്കുന്നു. അതിൽ അച്ഛനുള്ള സന്തോഷം!

ജ്യേഷ്ഠനോ? സന്തോഷമല്ല, നീരസമാണുണ്ടായതു്. മുടിയനായിരുന്നു അനുജൻ. അവൻ ഇറങ്ങിപ്പോയവനല്ലേ? പോയവൻ പോട്ടെ. മടങ്ങിവന്നതിൽ അച്ഛനു സന്തോഷമെന്തിനു്? ദ്വേഷ്യം തോന്നേണ്ടതല്ലേ? തന്നോടു് ഈ സ്നേഹം കാണിക്കുന്നുമില്ല! അവൻ വീട്ടിൽ കയറാതെ പുറത്തു നില്പായി.

അച്ഛൻ ഇറങ്ങിവന്നു. കഴിയുന്നത്ര ശ്രമിച്ചു മൂത്തമകനെ അകത്തുവരുത്താൻ. അവൻ ഉറച്ചുനില്ക്കയാണ്, ദേഷ്യത്തോടുകൂടി.

“അച്ഛാ, ഇത്രയും വർഷം അച്ഛനുവേണ്ടി ഉഴച്ചവനാണു ഞാൻ. ഒരിക്കൽപോലും അച്ഛനെ ധിക്കരിച്ചിട്ടില്ല. അനുജൻ അങ്ങനെയല്ല. മുടിയൻ! എന്തു സ്നേഹമാണ് അച്ഛന് അവനോട്!”

അപ്പോൾ അച്ഛൻ പറഞ്ഞതു് എന്തെന്നോ?

“മകനേ, നീ ഇപ്പോഴും എന്നോടൊന്നിച്ചുണ്ട്. എൻെറ സ്വത്തെല്ലാം നിൻെറയുംകൂടിയാണ്. നിൻെറ അനുജൻ മരിച്ചു പോയിരുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്നു. അവനെ നഷ്ടപ്പെട്ടിരുന്നു. ഇപ്പോൾ അവനെ കണ്ടുകിട്ടിയിരിക്കുന്നു. ഈ ദിവസം എങ്ങനെ ആഘോഷിക്കാതിരിക്കും?”

പാപംചെയ്തവൻ പശ്ചാത്തപിച്ചാലോ? മരിച്ചവൻ ജീവിക്കുംപോലെ. മകൻ മരിച്ചിട്ടു ജീവിച്ചാലോ? അച്ഛൻ സന്തോഷിക്കയില്ലേ? അതുപോലെയാണ് സ്വർഗ്ഗത്തിലും സന്തോഷം— പാപി പശ്ചാത്തപിച്ചാൽ. മനസ്സിലായില്ലേ?

ക്രിസ്തു യെരുശലേമിനെ സമീപിക്കുന്നു.

യഹൂദന്മാരുടെ പുണ്യസ്ഥലമായ യെരുശലേം. പുണ്യത്തിൻെറ പേരിൽ പാപംചെയ്തിട്ടുള്ള യെരുശലേം.

യെരുശലേമിലുള്ളവർ ചിലപ്പോഴൊക്കെ പ്രവാചകന്മാരെ ദ്രോഹിച്ചിട്ടുണ്ട്. പ്രവാചകന്മാരുടെ മാഹാത്മ്യം മനസ്സിലാക്കാൻ അവൎക്കു കഴിവുണ്ടായില്ല. ക്രിസ്തു ഒരിക്കൽ പറഞ്ഞിരുന്നു: പ്രവാചകന്മാരെ അവരുടെ നാട്ടുകാർ മാനിക്കാറില്ല എന്നു്.

രാജധാനിയെ നോക്കി ക്രിസ്തു പറഞ്ഞു:

“യെരുശലേമേ, ഹാ! യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുന്ന, ദൈവം അയച്ചവരെ കല്ലെറിയുന്ന, നഗരമേ! നിൻെറ മക്കളെ ഒന്നിച്ചു ചേൎക്കാൻ ഞാൻ എത്രപ്രാവശ്യം ആഗ്രഹിച്ചു— കോഴിക്കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ഒതുക്കുന്ന തള്ളക്കോഴിയെപ്പോലെ! പക്ഷേ, നീ സമ്മതിച്ചില്ല. നോക്കു്! നോക്കു്! അതാ ദൈവം ഉപേക്ഷിച്ച നിൻെറ ദൈവാലയം! ഞാൻ നിന്നോടു പറയുന്നു: ‘ദൈവത്തിൻെറപേരിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ’ എന്നു നീ പറയുംവരെ നീ എന്നെ കാണുകയില്ല!”

കുറച്ചുകൂടി അടുത്തപ്പോൾ ക്രിസ്തു യെരുശലേമിനോട് ഇനിയൊന്നു പറഞ്ഞു:

“ഈ സുദിനത്തിൽ നീ സമാധാനത്തിലേക്കുള്ള വഴി അറി

ഞ്ഞെങ്കിൽ! ഇല്ല, അതു നിൻെറ കാഴ്ചയിൽ പെടാതെ കഴിയുന്നു. നിനക്ക് ഒരുകാലം വന്നുചേരും. അന്ന് നിന്റെ ശത്രുക്കൾ നിന്നെ ആക്രമിക്കാൻ ഒരുക്കങ്ങൾ ചെയ്യും. നിന്നെ വളഞ്ഞു് എല്ലായിടത്തും ഞെരുക്കും. അവർ നിന്നെ, നിൻെറ മതിലുകൾക്കകത്തുള്ള നിൻെറ മക്കളെ, നിലംപതിപ്പിക്കും. നിന്റെ ഒരൊററ കല്ലു് മറ്റൊന്നിന്മേൽ നില്ക്കാതെയാകും. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ നിമിഷം വന്നപ്പോൾ നീ അതു് അറിഞ്ഞില്ല!"

ആ പ്രവചനം ശരിയാവും. യെരുശലേം ദുരിതം അനുഭവിക്കും. മററാരും അറിഞ്ഞില്ല എന്നുമാത്രം!

കയ്യഫാ കാത്തിരിക്കയാണു യെരുശലേമിൽ. അങ്ങോട്ടുതന്നെ വരികയാണു ക്രിസ്തു. ഈ സന്ദർഭം പാഴാക്കിക്കൂട. ക്രിസ്തുവിനെ പിടിച്ചു കൊല്ലണം!

പരീശന്മാരുടെ പകയും പണ്ടത്തെക്കാൾ മുഴുത്തിരിക്കുന്നു. തോല്ക്കുംതോറും മുഴുത്തുവരികയാണു പക. തോൽവിപററിയില്ലേ ആ കുരുടൻെറ കാര്യത്തിലും?

കുറെ മുമ്പാണതു സംഭവിച്ചതു്.

യെരുശലേമിന് എട്ടു വലിയ വാതിലുകളുണ്ടു്. ഓരോ വാതില്ക്കലും ഒരു ജനക്കൂട്ടത്തെ കാണാം. കണ്ണില്ലാത്തവർ, കൈകാലുകൾ നഷ്ടപ്പെട്ടവർ, ദീനംപിടിച്ചവർ—അങ്ങനെയുള്ള അവശന്മാർ. ഭിക്ഷതെണ്ടി ജീവിക്കയാണ് അവർ. അവരുടെ കൂട്ടത്തിലായിരുന്നു ആ കുരുടൻ.

ക്രിസ്തു അവനെ കാണാനിടയായി. ഉടനെ നിലത്തൊന്നു തുപ്പി തുപ്പലും മണ്ണും ഒന്നിച്ചു കുഴച്ചു. അതെടുത്തു കുരുടൻെറ കണ്ണിൽ പുരട്ടി. ശിലോഹംകുളം എന്നൊന്നുണ്ടു്. ആ കുളത്തിൽ ചെന്നു കുളിക്കാനും പറഞ്ഞു. അവനിറങ്ങി കുളിച്ചുകയറിയപ്പോഴൊ? കണ്ണു കാണാം!

ആ കുരുടനെ കണ്ടിട്ടുണ്ടു പലരും. ചിലക്കു തീർച്ചയായി അവനുതന്നെയാണു കാഴ്ച കിട്ടിയതെന്നു്. മററുചിലക്കു സംശയം തോന്നി. അവനോ, അതേ ഛായയുള്ള മറെറാരുത്തനോ? അവർ അവനെ ചോദ്യംചെയ്തു. അവൻ നടന്നതെല്ലാം പറഞ്ഞു. ആരെന്ന് അറിഞ്ഞുകൂട, ഒരാൾ വന്നു; കണ്ണിൽ മണ്ണുകുഴച്ചു പുരട്ടി; കുളത്തിൽ കുളിക്കാൻ പറഞ്ഞു. കുളിച്ചതോടെ കാഴ്ചയും കിട്ടി.

പരീശന്മാർ അവനെ വരുത്തി ചോദിച്ചു. അവനു് ഒന്നേ

പറയാനുള്ളു. കാഴ്ച നല്കിയ ആൾ ഏതോ പ്രവാചകനാണ്. അല്ലെങ്കിൽ അതെങ്ങനെ സാദ്ധ്യമാവും?

അവൻ കള്ളംപറയുന്നതല്ലേ? അതായിരുന്നു പരീശന്മാരുടെ സംശയം. അവൻെറ അച്ഛനമ്മമാരെ വരുത്തി. അവർ പറഞ്ഞു, അവൻ ജനിച്ചതേ കുരുടനായിട്ടാണെന്നു്.

അച്ഛനമ്മമാക്കു തെററുന്നതെങ്ങനെ? പരീശന്മാക്കു തീർച്ചയായി ക്രിസ്തുവാണു കാഴ്ച നല്കിയതെന്നു്. അവരുടെ വിരോധം വദ്ധിച്ചതേയുള്ളു.

പരീശന്മാക്കു പൊതുവേ—അങ്ങനെയേ പറയാനൊക്കൂ. ചുരുക്കം ചില പരീശന്മാരുണ്ടു്. ക്രിസ്തുവിൻെറ അത്ഭുതങ്ങൾ അവരുടെ മനസ്സുമാററിത്തുടങ്ങുന്നോ? പ്രത്യേകിച്ചു്, ലാസറെ സംബന്ധിച്ച അത്ഭുതം?

സഹോദരിമാരാണു മാത്തയും മറിയയും. അവക്കൊരു സഹോദരനുണ്ടു്, ലാസർ. കഠിനമായ രോഗം ബാധിച്ചിരിക്കുന്നു ലാസക്കു്.

സഹോദരിമാക്കു തീർച്ചയായി ലാസർ മരിച്ചുപോവുമെന്നു്. രക്ഷിക്കാൻ കഴിയുന്ന ഒരേ ഒരാളുണ്ടു്, ക്രിസ്തു. ഇങ്ങോട്ടൊന്നു വരണം; സഹോദരനെ സുഖപ്പെടുത്തണം—ആ സന്ദേശം അവർ ക്രിസ്തുവിനു് അയച്ചു.

രണ്ടുദിവസം കഴിഞ്ഞിട്ടേ ക്രിസ്തു പുറപ്പെട്ടുള്ളു.

അതിനിടക്കു ലാസർ മരിച്ചുപോയി.

ലാസർ മരിച്ചുപോയെന്നു് ക്രിസ്തു ദിവ്യശക്തികൊണ്ടു് അറിഞ്ഞു. എന്നിട്ടും അയാളുടെ വീട്ടിലേക്കു യാത്രയായി. എത്തിയപ്പോഴോ? നാലുദിവസമായിരിക്കുന്നു ലാസർ മരിച്ചിട്ടു്.

പരേതൻെറ ബന്ധുക്കളും സ്നേഹിതന്മാരുമൊക്കെ വന്നിട്ടുണ്ടു്. മരണം അന്വേഷിച്ചു വന്നതാണ്. മാത്തയോടും മറിയയോടും അനുശോചിക്കാനും.

ക്രിസ്തുവിനെ കണ്ടപ്പോൾ സഹോദരിമാക്കു സങ്കടം സഹിക്കവയ്യാതായി. മറിയ ക്രിസ്തുവിൻെറ കാൽക്കൽ വീണു പൊട്ടിക്കരഞ്ഞു. അതു കണ്ടു ക്രിസ്തുവും കരഞ്ഞുപോയി.

സഹോദരിമാരോടുകൂടി ക്രിസ്തു ശവകുടീരത്തിലേക്കു ചെന്നു. ചെറിയൊരു ഗുഹയാണു ശവകുടീരം. തുണിയിൽ പൊതിഞ്ഞ ലാസറുടെ ശരീരമുണ്ടു് ഗുഹയിൽ. കല്ലുകൊണ്ടു് അടച്ചിരിക്കയാണു ഗുഹാദ്വാരം. ക്രിസ്തു കല്ലു് എടുപ്പിച്ചു മാററി. ദൈവത്തെ ഉള്ള

Jawahar Bal... & Children's Library KOTTAYAM.

ഴിഞ്ഞു പ്രാർത്ഥിച്ചു. എന്നിട്ട് ഉറക്കെ വിളിച്ചുപറഞ്ഞു: "ലാസറേ, പുറത്തുവരൂ!"

പെട്ടെന്ന്, ഗുഹയ്ക്കകത്ത് ഒരു അനക്കം. അതാ ഒരു രൂപം പുറത്തേക്കു വരുന്നു. തുണിയിൽ പൊതിഞ്ഞ മനുഷ്യരൂപം. മരിച്ചു ജീവിച്ച ലാസർ!

വിവരമറിഞ്ഞു സകലരും. ചുരുക്കംചില പരീശന്മാർക്കു പോലും വിശ്വാസമായി: ഇതു് മശിഹതന്നെ, തീർച്ച!

കയ്യഫായുടെ പരിഭ്രമം കലശലായി. ഇങ്ങനെ തുടർന്നാലോ? ലോകം മുഴുവനും ക്രിസ്തുവിൽ വിശ്വസിക്കും. പുരോഹിതന്മാരുടെ പ്രാബല്യം പാടെ നശിക്കും. ഉടനടി ക്രിസ്തുവിനെ കൊല്ലണം!

യെരുശലേമിൻെറ അടുക്കലെത്തി ക്രിസ്തു. അപ്പോൾ രണ്ടു ശിഷ്യന്മാർക്കു് ഒരു നിർദ്ദേശം നല്കി. എതിരെയുള്ള ഗ്രാമത്തിൽ ചെല്ലണം. അവിടെ ഒരു കഴുത നില്പുണ്ടു്. അതിന്റെ പുറത്തു് ആരും കയറിയിട്ടില്ല. അങ്ങനെ ഒരു കഴുത. അതിനെ കെട്ടഴിച്ചു് ഇങ്ങോട്ടു കൊണ്ടുവരണം. എന്തിനെന്നു വല്ലവരും ചോദിച്ചാലോ? ഗുരുവിനുവേണ്ടിയാണു് എന്നു പറഞ്ഞാൽ മതി. ആരും തടയുകയില്ല.

ശിഷ്യന്മാർക്കു് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. കഴുതയുമായി അവർ മടങ്ങിയെത്തി.

പെസഹപ്പെരുനാൾ! ഏററവും പ്രധാനമായ ഉത്സവം! വളരെ വമ്പിച്ച ആൾക്കൂട്ടമുണ്ടു് യെരുശലേമിൽ. ഗ്രാമങ്ങളിൽനിന്നു വന്നവർ. പട്ടണങ്ങളിൽനിന്നു വന്നവർ. യിസ്രായേലിന്റെ ഓരോ കോണുകളിൽനിന്നു വന്നവർ. വൃദ്ധന്മാരും വൃദ്ധകളുമുണ്ടു്. യുവാക്കന്മാരും യുവതികളുമുണ്ടു്. ബാലന്മാരും ബാലികമാരുമുണ്ടു്. തിക്കും തിരക്കും ബഹളവും!

ക്രിസ്തു കഴുതപ്പുറത്തു കയറി വരുന്നു.

ആൾക്കൂട്ടത്തിൽ പല തരക്കാരുണ്ടു്. ക്രിസ്തുവിനെ കണ്ടിട്ടുള്ളവർ; ക്രിസ്തുവിൻെറ ഉപദേശം കേട്ടിട്ടുള്ളവർ; ക്രിസ്തുവിനെ തൊട്ടിട്ടുള്ളവർ. കണ്ടിട്ടുള്ളവർക്കു് ഇനിയും കാണണം; ഉപദേശം കേട്ടിട്ടുള്ളവർക്കു് ഇനിയും കേൾക്കണം. തൊട്ടിട്ടുള്ളവർക്കു് ഇനിയും തൊടണം. ചിലരൊന്നും കണ്ടിട്ടില്ല; കേട്ടിട്ടില്ല; തൊട്ടിട്ടില്ല. അവർക്കു് ആദ്യമായി ഒന്നു കാണണം; ആദ്യമായി ഒന്നു കേൾക്കണം; ആദ്യമായി ഒന്നു തൊടണം. എല്ലാവർക്കും ആകാംക്ഷ!

ക്രിസ്തു കഴുതപ്പുറത്തു കയറി വരുന്നു.

അതാ ആൾക്കൂട്ടം മുന്നോട്ടു പായുന്നു. ക്രിസ്തുവിനെ പൊതി

യുന്നു. ജയാരവം മുഴക്കുന്നു; വീണ്ടും വീണ്ടും മുഴക്കുന്നു; തൊണ്ട ഇടറുംവരെ മുഴക്കുന്നു. ചിലർ മേൽവസ്ത്രങ്ങൾ ഊരുന്നു; അവയെ വഴിയിൽ വിരിക്കുന്നു. ക്രിസ്തു ഇരിക്കുന്ന കഴുത ആ വസ്ത്രങ്ങളിൽ കാലു വെക്കണം. അത്രയും മതി. തങ്ങൾ ശുദ്ധരാവും. അതാണ് ആളുകളുടെ വിശ്വാസം.

ക്രിസ്തു യെരുശലേമിൽ എത്തി.

ദൈവാലയത്തിൽവെച്ച് ഒരു സംഭവമുണ്ടായി.

ദൈവത്തെ വന്ദിക്കാനാണു ദൈവാലയം. പക്ഷേ, വന്ദനം മാത്രമല്ല നടക്കാറു്. മററു പലതുമുണ്ടു്. ഒരു ചന്തകൂടി ആയിരിക്കുന്നു അവിടം. ആടു്, മാടു്, പ്രാവു്—അവയൊക്കെ കച്ചവടം ചെയ്യപ്പെടുന്നു. വാങ്ങുന്നവർ. വില്ക്കുന്നവർ—വലിയൊരു കൂട്ടം. പൊൻവാണിഭക്കാരുമുണ്ടു് അനേകം. പണത്തിനു ചില്ലറ കൊടുത്തു് ഇടപ്പണം തട്ടുന്നവരും. മൃഗങ്ങളുടെയും പക്ഷികളുടെയും ശബ്ദം; ജനങ്ങളുടെ സംസാരം; ആകെയൊരു കോലാഹലം!

അതൊക്കെ കണ്ടപ്പോൾ ധമ്മരോഷമുണ്ടായി ക്രിസ്തുവിനു്. ദൈവപുത്രൻ കയറെടുത്തു; ചാട്ടയാക്കി; മുമ്പോട്ടു ചെന്നു. കച്ചവടക്കാരെയും ജന്തുക്കളെയും ആട്ടിയോടിച്ചു. പണം മാററുന്നവരുടെ മേശകൾ തട്ടിമറിച്ചു. നാണയങ്ങളെ നാലുപാടും ചിതറി. എന്നിട്ടു വിളിച്ചുപറഞ്ഞു: "'എൻെറ മന്ദിരം പ്രാത്ഥനാമന്ദിരം എന്നു വിളിക്കപ്പെടും' എന്നു തിരുവെഴുത്തിലുണ്ടു്. അതിനെ കൊള്ളക്കാരുടെ ഗുഹയാക്കുന്നു നിങ്ങൾ!"

ക്രിസ്തു പകൽസമയം ദൈവാലയത്തിൽ ചെന്നിരിക്കും. തത്ത്വോപദേശംചെയ്യും. ആളുകൾ സവ്വും മറന്നു് കേട്ടുകൊണ്ടിരിക്കും. രാത്രിയിൽ ബെഥനിയിൽ വിശ്രമിക്കും. യെരുശലേമിൽനിന്നു് രണ്ടു നാഴിക അകലെയാണു് ബെഥനി.

കയ്യഫായുടെ മാളികയിൽ ഒരു സമ്മേളനം നടക്കുകയാണു്. അയാളുടെ കീഴിലുള്ള പുരോഹിതന്മാർ, അവരുടെ ചൊല്പടിയിൽ നില്ക്കുന്നവർ—അങ്ങനെ പലരുമുണ്ടു് സമ്മേളനത്തിൽ. ക്രിസ്തുവിനെ എന്തു ചെയ്യണം? ആലോചിച്ചു നിശ്ചയിക്കണം. അതിനാണു സമ്മേളനം. എന്തായിരുന്നു തീരുമാനം? ക്രിസ്തുവിനെ കൊല്ലണം.

ക്രിസ്തുവിൻെറ ഉപദേശം നടക്കുന്ന സ്ഥലത്തോ? പുരോഹിതന്മാരുണ്ടു്, പരീശന്മാരുണ്ടു്, അവരുടെ കിങ്കരന്മാരുമുണ്ടു്. കുടുക്കുചോദ്യങ്ങൾ ചോദിക്കണം. ക്രിസ്തുവിനെക്കൊണ്ടു പറഞ്ഞുകൂടാത്തതു പറയിക്കണം. അതാണു് അവരുടെ ലക്ഷ്യം. കുടിലന്മാർ!

"ഞങ്ങളോട്ട് ഒന്നു പറയൂ: നിങ്ങൾ എന്തധികാരത്തോടെ ഇങ്ങനെയൊക്കെ ചെയ്യുന്നു? ആ അധികാരം ആരു തന്നു?" കൃത്രിമമുള്ള ചോദ്യം!

"എനിക്കു നിങ്ങളോടും ഒരു ചോദ്യമുണ്ട്. യോഹന്നാൻ സ്നാപകൻ സ്നാനമേല്പിച്ചതിനുള്ള അധികാരം ദൈവത്തിൽനിന്നോ, മനുഷ്യരിൽനിന്നോ? പറയുവിൻ!" ക്രിസ്തു ആവശ്യപ്പെട്ടു.

കുടുക്കുചോദ്യത്തിനു മറുചോദ്യം! അതിൻെറ പൊരുൾ അവൎക്കു മനസ്സിലായി. ദൈവത്തിൽനിന്നു് എന്നു് ഉത്തരം പറഞ്ഞാലോ? ഉടനെ പുറപ്പെടും മറെറാരു ചോദ്യം: "എന്നിട്ടും നിങ്ങൾ എന്തുകൊണ്ടു യോഹന്നാനെ വിശ്വസിച്ചില്ല?" എന്നു്. ദൈവം അധികാരം നല്കിയ ആളെ വിശ്വസിക്കേണ്ടതല്ലേ? അല്ലെങ്കിൽ പാപമല്ലേ? അപ്പോൾ തങ്ങൾ തെററുചെയ്തു എന്നുവരും. ഇനി മനുഷ്യരിൽനിന്നു് എന്നു പറഞ്ഞാലോ? യോഹന്നാനെ ഗുരുവാക്കിയവരുണ്ടു് അനേകംപേർ. അവർ കോപിച്ചു് തങ്ങളെ കല്ലെറിഞ്ഞു കൊല്ലും. തങ്ങൾക്കു് അറിഞ്ഞുകൂടാ എന്നേ അവർ പറഞ്ഞുള്ളു. തൊട്ടും തൊടാതെയുമുള്ള ഉത്തരം!

"എന്നാൽ എന്തധികാരത്തോടെ ഞാൻ പ്രവൎത്തിക്കുന്നു എന്നു ഞാനും നിങ്ങളോടു പറയുന്നില്ല!" ക്രിസ്തു പറഞ്ഞവസാനിപ്പിച്ചു.

തോററില്ലേ കുടുക്കുചോദ്യക്കാർ? എങ്കിലും അവർ ഭഗ്നാശരായില്ല. ഇനിയും വരും അവസരം!

"റോമാചക്രവൎത്തിക്കു ചുങ്കംകൊടുക്കാൻ നമുക്കു് അനുമതിയുണ്ടോ? ഇല്ലയോ?" അവർ പിന്നൊരിക്കൽ ചോദിച്ചു.

ആ ചോദ്യത്തിലുമുണ്ടു് കൃത്രിമം. റോമാചക്രവൎത്തിയാണു സൎവ്വാധികാരി. ചക്രവൎത്തിക്കുള്ള ചുങ്കം കൊടുത്തുകൂട എന്നു പറഞ്ഞാലോ? രാജദ്രോഹമാവും. മരണമാണു രാജദ്രോഹത്തിനുള്ള ശിക്ഷ. ക്രിസ്തുവിനു മരണശിക്ഷ നല്കാം. ചുങ്കംകൊടുക്കാം എന്നു പറഞ്ഞാലോ? യഹൂദന്മാൎക്കു് അകമേ വിരോധമാണു് റോമാചക്രവൎത്തിയോടു്. ക്രിസ്തു അവരുടെ വിരോധം സമ്പാദിക്കും!

"ഒരു വെള്ളിനാണയം എന്നെ കാണിക്കുവിൻ. അതിലുള്ളതു് ആരുടെ തലയുടെ രൂപം? ആരുടെ ചിഹ്നങ്ങൾ?" ക്രിസ്തു ചോദിച്ചു.

"സീസറുടെ," അവർ ഉത്തരം പറഞ്ഞു.

"ശരി, എന്നാൽ സീസർക്കുള്ള ഭാഗം സീസർക്കു കൊടുക്കുവിൻ. ദൈവത്തിനുള്ള ഭാഗം ദൈവത്തിനും കൊടുക്കുവിൻ!" ക്രിസ്തു പറഞ്ഞു.

, എതിരാളികൾ നിശ്ശബ്ദരായി.

ദൈവാലയത്തിൽ കാണിക്കപ്പെട്ടിയുണ്ട്. ഭക്തന്മാർ അതിൽ കാണിക്ക ഇടുന്നു. വലിയ പണക്കാരുണ്ട്. പലരും. അവർ വമ്പിച്ച തുകകൾ ഇടുന്നു. കൂടുതൽ പണമിട്ടാൽ കൂടുതൽ പുണ്യം കിട്ടും. അതാണ് അവരുടെ വിചാരം.

ദരിദ്രയായ ഒരു വിധവയും പണമിട്ടു—ഏററവും ചെറിയൊരു തുക.

"ഞാൻ നിങ്ങളോടു പറയുന്നു: ഈ പാവപ്പെട്ട വിധവ എല്ലാവരെക്കാളും കൊടുത്തിരിക്കുന്നു. പണമിട്ട മററവർക്കു വേണ്ടതിലധികം പണമുണ്ട്. എന്നാൽ ഇവൾക്ക് വേണ്ടത്ര പണമില്ലെങ്കിലും, ജീവിക്കാൻവേണ്ടിയ തുക മുഴുവൻ കൊടുത്തിരിക്കുന്നു!" ക്രിസ്തു പറഞ്ഞു.

പണവും ഭക്തിയും തമ്മിൽ വല്ല ബന്ധവുമുണ്ടോ? ഇല്ലേയില്ല. പണ്ടൊരിക്കൽ പറഞ്ഞതാണ് പണക്കാർക്കു സ്വർഗ്ഗം കിട്ടാൻ പ്രയാസമാണെന്ന്.

മരിച്ചു ജീവിച്ചില്ലേ ലാസർ? അയാളുടെ വീട്ടിൽ വിരുന്നിനു ചെന്നു ക്രിസ്തു. അപ്പോസ്തലന്മാരുമുണ്ട് ഒന്നിച്ച്. ലാസറിന്റെ സഹോദരിയുണ്ടല്ലോ, മറിയ. അവൾ ഒരു സുഗന്ധതൈലം കൊണ്ടുവന്നു. വളരെയധികം വിലയുണ്ട് അതിന്. അവൾ ക്രിസ്തുവിൻെറ പാദങ്ങളിൽ തൈലം തടവി, വാരിക്കോരി തടവി. മുറിയിലെങ്ങും വാസന!

ഒരാൾക്ക് അതത്ര രസമായില്ല—ഇസ്കാര്യോത്ത് യൂദാസ്സ്.

ഗുരുവിൻെറയും ശിഷ്യന്മാരുടെയും ചെലവിനുള്ള പണമില്ലേ? യൂദായുടെ പക്കലാണ് അതെല്ലാം. അയാൾ അതിൽനിന്നു മോഷ്ടിച്ചെടുക്കും.

"എന്തുകൊണ്ട് ഈ തൈലം മുപ്പതു പവനു വിററുകൂടായിരുന്നു? ആ പണം പാവങ്ങൾക്കു കൊടുക്കാമായിരുന്നു." യൂദാ പറഞ്ഞു.

ക്രിസ്തു യൂദായെ ശാസിച്ചു: "അവളെ വെറുതെ വിട്ടേക്കു. എൻെറ ദേഹം അടക്കാൻ തയാറാവുന്ന ദിവസംവരെ അവൾ

തൈലം വെച്ചുകൊള്ളട്ടെ. നിങ്ങളുടെയിടയിൽ എന്നും പാവങ്ങൾ ഉണ്ടായിരിക്കും. നിങ്ങൾക്കു് എന്നും ഞാനുണ്ടായിരിക്കയില്ല!''

മനുഷ്യരിൽ പലരും ക്രിസ്തുവിനെ നശിപ്പിക്കാൻ വഴി നോക്കുന്നു. മാത്രമല്ല, മനുഷ്യനല്ലാത്ത സാത്താനും.

മുമ്പൊരിക്കൽ ക്രിസ്തുവിനോടു തോററതാണു് സാത്താൻ. ഇപ്പോഴിതാ തക്കതായ സന്ദർഭം വന്നിരിക്കുന്നു. സാത്താൻ യൂദായിൽ കുടികൊള്ളുകയായി.

യൂദാസ്സു് അറിയാം, പുരോഹിതന്മാരുടെ നടപടികൾ. അവർ ക്രിസ്തുവിനെ കൊല്ലാൻ തീരുമാനിച്ചിട്ടുണ്ടു്. ക്രിസ്തുവിനെ കൊല്ലാൻ സഹായിക്കാം; ലാഭവും തട്ടിയെടുക്കാം—അതിന്നായി ആ വഞ്ചകൻെറ ഒരുക്കം!

യൂദാ രഹസ്യമായി കയ്യഫായെ കണ്ടു കാര്യം പറഞ്ഞു.

കയ്യഫാസ്സു് എന്തു സന്തോഷമായെന്നോ? വിചാരിച്ചിരിക്കാത്ത സഹായം വന്നിരിക്കുന്നു. അതോ ക്രിസ്തുവിൻെറ ശിഷ്യനിൽനിന്നും!

കയ്യഫാ യൂദാസ്സു മുപ്പതു വെള്ളിനാണയം കൊടുക്കണം. യൂദാ ക്രിസ്തുവിനെ ഒററിക്കൊടുക്കണം. അങ്ങനെ ഒരു കരാറുണ്ടായി ഇരുവരും തമ്മിൽ.

മുപ്പതു വെള്ളിനാണയം എവിടെ? ലോകഗുരുവായ ക്രിസ്തു എവിടെ? തുച്ഛമായ തുകയ്ക്കുവേണ്ടി ദൈവപുത്രനെ ഒററിക്കൊടുക്കയോ? അതും അപ്പോസ്തലന്മാരിൽ ഒരുവൻ? എന്തു കഷ്ടം!

യൂദാ ചതിക്കും. ക്രിസ്തുവിനു് അറിയാം. സകലതും കാണുന്നവയല്ലേ ആ മനക്കണ്ണുകൾ? പക്ഷേ, പുറത്തു പറഞ്ഞില്ല. എങ്കിലും ഒരു കുറവുമുണ്ടായില്ല യൂദായോടുള്ള സ്നേഹത്തിൽ. മററു ശിഷ്യന്മാർക്കോ? യാതൊരു സംശയവും തോന്നിയില്ല. അവരറിഞ്ഞോ പതിയിരിക്കുന്ന കാളസർപ്പമാണു് യൂദാ എന്നു്!

പെസഹപെരുനാൾ വന്നെത്തി.

അത്താഴവിരുന്നു വേണം. അതൊരു ചടങ്ങാണു്. ആ ചടങ്ങു് നിറവേററണം.

എവിടെയാണു് അത്താഴവിരുന്നു്?

ക്രിസ്തു ശിഷ്യന്മാർക്കു് ഒരു നിർദ്ദേശം നല്കി. ഒരുകുടം വെള്ളം ചുമന്നുകൊണ്ടു പോകുന്ന ഒരുവനെ കാണുമാറാകും. അവൻ ഒരു ഗൃഹത്തിൽ കയറുന്നതും. ശിഷ്യന്മാർ ആ ഗൃഹത്തിൽ ചെല്ലണം.

ഗൃഹനാഥനോടു പറയണം അവിടെയാണ് അത്താഴവിരുന്നെന്ന്. അയാൾ എല്ലാം ശരിപ്പെടുത്തിക്കൊള്ളും.

സകലതും സംഭവിച്ചു, ക്രിസ്തു പറഞ്ഞപോലെ.

അപ്പോസ്തലന്മാർ ഇതാ ചില പാഠങ്ങൾ പഠിക്കാൻപോവുകയാണ്.

ക്രിസ്തുവിനോട് അതിരററ ഭക്തിയുള്ളവരാണ് അവർ. ക്രിസ്തുവിനുവേണ്ടി സകലതും ഉപേക്ഷിച്ചവരാണ് അവർ. എങ്കിലും ചില കുറവുകൾ ശേഷിക്കുന്നു. അധികാരം വേണം; അവകാശം വേണം; അന്തസ്സു വേണം—ആ മോഹമുണ്ട്. സാധാരണ മനുഷ്യർക്കുള്ള മോഹം!

മുമ്പു ചില വേളകളിൽ തെളിഞ്ഞിരുന്നതാണ് അത്. അപ്പോഴൊക്കെ ക്രിസ്തു അവരെ ശാസിച്ചിട്ടുമുണ്ട്.

ചിലർക്കൊക്കെ ഒരു ഗർവ്വുണ്ട്—തങ്ങളാണു കേമന്മാരെന്ന്. മുമ്പൊരിക്കൽ ഒരു തർക്കമുണ്ടായി. ആരാണു കൂടുതൽ കേമൻ? അതായിരുന്നു തർക്കത്തിൻെറ വിഷയം. അതു മനസ്സിലാക്കിയപ്പോൾ ക്രിസ്തു എന്തുചെയ്തെന്നോ? ഒരു കുട്ടിയെ കൈയ്ക്കു പിടിച്ചു ചേർത്തുനിറുത്തി. എന്നിട്ടു പറഞ്ഞു: "എൻെറ പേരിൽ ഈ കുട്ടിയെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ച ദൈവത്തെ സ്വീകരിക്കുന്നു. നിങ്ങളിൽ ആരാണോ ഏററവും എളിമയുള്ളവൻ, അവനാണ് ഏററവും വലിയവൻ!"

തക്കതായ പാഠമല്ലേ?

മറെറാരിക്കലോ?

സെബെദിയുടെ പുത്രന്മാരില്ലേ, യാക്കോബും യോഹന്നാനും? അവരുടെ അമ്മയ്ക്ക് ഒരാഗ്രഹം. ആ സ്ത്രീ ക്രിസ്തുവിനെ വണങ്ങിയിട്ട് ആഗ്രഹം അറിയിച്ചു: "അങ്ങയുടെ രാജ്യത്തിൽ അങ്ങിരിക്കുമ്പോൾ അടുത്തായി എന്റെ പുത്രന്മാർക്കും സ്ഥാനം വേണം. ഒരുവൻ അങ്ങയുടെ വലതുവശത്തായിട്ട്; മററവൻ അങ്ങയുടെ ഇടതുവശത്തായിട്ട്."

ക്രിസ്തു യാക്കോബിനോടും യോഹന്നാനോടും തിരിഞ്ഞു: "ഞാൻ കുടിക്കുന്ന പാനപാത്രത്തിൽനിന്നു നിങ്ങളും കുടിക്കുമോ?"

തൻെറ അനുഭവങ്ങളിൽ അവരും പങ്കെടുക്കുമോ?—അതാണു ചോദ്യത്തിൻെറ അർത്ഥം.

"തീർച്ചയായും ചെയ്യാം," അവർ സംശയിക്കാതെ മറുപടി നല്കി.

"ശരി. എൻെറ പാനപാത്രത്തിൽനിന്നു നിങ്ങൾ കുടിച്ചു കൊള്ളുവിൻ. പക്ഷേ, എൻെറ വലതുവശത്തോ ഇടതുവശത്തോ ഇരിക്കുക—അതു് അനുവദിക്കാൻ എനിക്കു നിർവ്വാഹമില്ല. ആ സ്ഥാനങ്ങൾ എൻെറ പിതാവു നല്കിയിട്ടുള്ളവർക്കാണു്."

അതും നല്ലൊരു പാഠമായിരുന്നു.

ഇങ്ങനെ ചില പാഠങ്ങൾ മുമ്പു നല്കിയിട്ടുണ്ടു്. അതുകൊണ്ടു മതിയായില്ല. ഇനിയും ഒന്നു വേണം. അതിനുള്ള സമയമോ? പെസഹാ അത്താഴസമയവും.

അത്താഴം കഴിക്കാനിരുന്നു ഗുരുവും ശിഷ്യന്മാരും.

ക്രിസ്തുവിനു് അതു് അവസാനത്തെ ആഹാരമായിരുന്നു.

"ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുക്കും!" ക്രിസ്തു പറഞ്ഞു.

എന്താണിതു്? തങ്ങളിൽ ഒരുവനോ? ക്രിസ്തുവിനെ ഒററിക്കൊടുക്കയോ? ഗുരുനാഥനായ ക്രിസ്തുവിനെ ഒററിക്കൊടുക്കയോ? സർവ്വസ്വമായ ക്രിസ്തുവിനെ ഒററിക്കൊടുക്കയോ? അപ്പൊസ്തലന്മാരുടെ ഹൃദയങ്ങൾ വേദനകൊണ്ടു പിടഞ്ഞു.

"പ്രഭോ, എന്നെയാണോ അങ്ങു് ഉദ്ദേശിക്കുന്നതു്?" ഒരുവൻ ചോദിച്ചു.

"എന്നെയാണോ അങ്ങു് ഉദ്ദേശിക്കുന്നതു്?" മററൊരുവൻ ചോദിച്ചു.

പിന്നൊരുവൻ. ഇനിയും ഒരുവൻ. അങ്ങനെ എല്ലാവരും.

"ഈ പാത്രത്തിൽ എന്നോടൊന്നിച്ചു കൈമുക്കിയവൻ എന്നെ ഒററിക്കൊടുക്കും. തിരുവെഴുത്തിൽ നിർദ്ദേശിച്ച വഴിയിലൂടെ പോവുകയാണു മനുഷ്യപുത്രൻ. എന്നാൽ, മഹാകഷ്ടമാണു് ഒററിക്കൊടുക്കുന്നവൻെറ കാര്യം. അവൻ ജനിക്കാതിരിക്കുന്നതായിരുന്നു അവനു നന്നു്!" ക്രിസ്തു പറഞ്ഞു.

ഒന്നിച്ചു പാത്രത്തിൽ കൈമുക്കുക—അതുമൊരു ചടങ്ങാണു്.

ആരാണു് ഒററിക്കൊടുക്കുന്നവൻ? ക്രിസ്തു അവൻെറ പേരു പറഞ്ഞില്ല. ഒരുവൻ ഒററിക്കൊടുക്കും എന്നേ പറഞ്ഞുള്ളു.

"ഗുരോ, എന്നെയാണോ അങ്ങു് ഉദ്ദേശിക്കുന്നതു്?" യൂദായും ചോദിച്ചു—വിഷം ഉള്ളിൽ ഒതുക്കിയ യൂദാ!

"ആ വാക്കുകൾ നിന്റേതാണ്," അതായിരുന്നു ക്രിസ്തുവിന്റെ ഉത്തരം.

അത്താഴം ആരംഭിക്കയായി. ക്രിസ്തു അപ്പം മുറിച്ചു. കഷണങ്ങൾ ശിഷ്യന്മാരുടെ നേക്കു നീട്ടി.

"ഇതു തിന്നുവിൻ. ഇതു് എന്റെ ശരീരമാണു്," ക്രിസ്തു പറഞ്ഞു. എന്നിട്ടു ദൈവത്തെ വാഴ്ത്തി. അപ്പക്കഷണങ്ങൾ നല്കി.

ക്രിസ്തു വീഞ്ഞു നിറച്ച പാനപാത്രം കൈയിലെടുത്തു.

"ഈ പാത്രത്തിൽനിന്നു കുടിക്കുവിൻ. ഇതു് എന്റെ രക്തമാണു്," ക്രിസ്തു പറഞ്ഞു. എന്നിട്ടു ദൈവത്തെ വാഴ്ത്തി. വീഞ്ഞും നല്കി.

ക്രിസ്തുവിന്റെ ശരീരമാണു് അപ്പം; ക്രിസ്തുവിന്റെ രക്തമാണു വീഞ്ഞു്—അങ്ങനെയൊരു വിശ്വാസം അപ്പോൾ ആരംഭിക്കയായി.

ശിഷ്യന്മാർ സ്വപ്നത്തിലും കരുതാത്ത ഒരു കൃത്യം—അവരെ അന്ധാളിപ്പിച്ച ഒരു കൃത്യം! ദൈവപുത്രൻ ആഹാരം മതിയാക്കി. ഇരിപ്പിടത്തിൽനിന്നു് എഴുന്നേററു. പുറംകുപ്പായം അഴിച്ചുവെച്ചു. ഒരു തോർത്തു് അരയിൽ ചുററി. വലിയൊരു പാത്രത്തിൽ വെള്ളം ഒഴിച്ചു. എന്നിട്ടു്...എന്നിട്ടു്...ശിഷ്യന്മാരുടെ കാൽ കഴുകി!

ശിഷ്യന്മാർ ഗുരുവിന്റെ കാൽ കഴുകണം. അതാണല്ലോ വേണ്ടതു്. ഇപ്പോഴിതാ ഗുരു ശിഷ്യന്മാരുടെ കാൽ കഴുകുന്നു! എന്താണിതു്? അവക്കു വല്ലാത്ത സങ്കടംതോന്നി.

ക്രിസ്തു പാത്രവുമായി പത്രോസിന്റെ അടുക്കലെത്തി.

"പ്രഭോ, അങ്ങു് എന്റെ കാൽ കഴുകുകയോ?" പത്രോസ് ഹൃദയംനൊന്തു ചോദിച്ചു.

"ഞാൻ ചെയ്യുന്നതു് എന്തെന്നു നീ ഇപ്പോൾ മനസ്സിലാക്കുന്നില്ല. ഒരുദിവസം നീ മനസ്സിലാക്കും!" ക്രിസ്തു പറഞ്ഞു.

"എന്റെ കാൽ കഴുകാൻ ഞാൻ അങ്ങയെ സമ്മതിക്കയില്ല!" പത്രോസ് വികാരത്തോടെ പറഞ്ഞു.

"ഞാൻ നിന്റെ കാൽ കഴുകിയില്ലെങ്കിൽ നീ എന്റെ കൂട്ടാളിയല്ല!" ക്രിസ്തു തീർത്തുപറഞ്ഞു.

ഇനിയെന്തു നിവൃത്തി?

"പ്രഭോ, എന്നാൽ എന്റെ കാൽ മാത്രമല്ല, കൈയും തലയും കഴുകണേ!" പത്രോസ് ദയനീയമായി യാചിച്ചു.

"കുളിച്ചവനു വീണ്ടും കഴുകേണ്ടതായിട്ടില്ല. അവൻ തികച്ചും

ശുദ്ധനായിട്ടുണ്ട്. നീ ശുദ്ധനാണ്—നിങ്ങളിൽ ഓരോരുത്തനും ശുദ്ധനല്ലെങ്കിലും.'' അത്രയും പറഞ്ഞിട്ടു ക്രിസ്തു എല്ലാ ശിഷ്യന്മാരുടെയും കാൽ കഴുകി. തോർത്ത് അഴിച്ചുമാററി. പുറംകുപ്പായം ധരിച്ചു. ഇരിപ്പുമായി പഴയപോലെ.

''ഞാൻ നിങ്ങൾക്കായി ചെയ്തിരിക്കുന്നതു് എന്തെന്നു മനസ്സിലായോ? നിങ്ങൾ എന്നെ 'ഗുരോ' എന്നും 'പ്രഭോ' എന്നും വിളിക്കുന്നു. അതു ശരിയാണുതാനും. എന്തെന്നാൽ, അതു രണ്ടുമാണ് ഞാൻ. അപ്പോൾ, നിങ്ങളുടെ ഗുരുവും പ്രഭുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകിയാൽ, നിങ്ങളും പരസ്പരം കാൽ കഴുകേണ്ടതാണ്. ഞാൻ നിങ്ങൾക്കു് ഒരു ഉദാഹരണം നല്കി. ഞാൻ നിങ്ങൾക്കു ചെയ്തതു് നിങ്ങളും ചെയ്യണം,'' ക്രിസ്തു ആവശ്യപ്പെട്ടു.

സ്തുതിഗീതം പാടുക എന്ന ചടങ്ങും നിറവേററി.

''ഇന്നുരാത്രി, എന്നെച്ചൊല്ലി, നിങ്ങളെല്ലാം നിങ്ങളുടെ വിശ്വാസത്തിൽനിന്നു വീഴും. എന്തെന്നാൽ തിരുവെഴുത്തിലുണ്ടു്: 'ഞാൻ ഇടയനെ അടിച്ചുവീഴ്ത്തും. അവൻെറ പററത്തിലുള്ള ആടുകൾ ചിതറിപ്പോകും' എന്നു്,'' ക്രിസ്തു പറഞ്ഞു.

മറെറല്ലാവരും വിശ്വാസത്തിൽനിന്നു വീണേക്കാം. പക്ഷേ, ഞാൻ ഒരിക്കലും വീഴുകയില്ല!'' ശിമോൻ പത്രോസ് ധൈര്യത്തോടെ പറഞ്ഞു.

പത്രോസിനൊരു വിചാരമുണ്ടു്—തനിക്കാണു ക്രിസ്തുവിനോടു കൂടുതൽ ഭക്തിയും സ്നേഹവുമെന്നു്. അതിൽ കുറച്ചൊരു ഗർവ്വും.

ആ ഗർവ്വിനു തക്കതായ ഒരു ക്ഷതമുണ്ടായി.

''ഞാൻ നിന്നോടു പറയുന്നു: ഇന്നു രാത്രി, കോഴി കൂവുംമുമ്പു് മൂന്നുതവണ നീ എന്നെ നിഷേധിച്ചു പറയും,'' ക്രിസ്തു പത്രോസിനോടു പറഞ്ഞു.

''അങ്ങയോടൊന്നിച്ചു് മരിക്കണമെന്നു വന്നാലും ശരി, ഞാൻ അങ്ങയെ നിഷേധിച്ചു പറകയില്ല!'' പത്രോസ് ധൈര്യത്തോടെ, ഗർവ്വോടുകൂടെ പ്രഖ്യാപിച്ചു.

ക്രിസ്തുവിനു നിശ്ചയമുണ്ടു് പത്രോസ് എങ്ങനെ പെരുമാറുമെന്നു്. പത്രോസിനു നിശ്ചയമില്ലതാനും!

ക്രിസ്തു യൂദായുടെ നേർക്കു തിരിഞ്ഞു.

''നിനക്കു ചെയ്യാനുള്ളതു വേഗം ചെയ്യൂ!''

യൂദാ ഇറങ്ങിപ്പോയി.

യൂദായുടെ പക്കലാണല്ലോ പണക്കിഴി. അവനാണു ചെലവുകൾ നടത്തുന്നതും. എന്തോ സാമാനങ്ങൾ വാങ്ങാൻ; അല്ലെങ്കിൽ പാവങ്ങൾക്കു ദാനംചെയ്യാൻ—അതിനാണു ഗുരു യൂദായെ പറഞ്ഞയച്ചതെന്നു കരുതി മററുള്ളവർ.

വാസ്തവമോ?

ക്രിസ്തുവിനെ ഒററിക്കൊടുക്കയാണു യൂദായുടെ കൃത്യം. അതിനുള്ള സമയം വന്നിരിക്കുന്നു. ഇനി അവനതു ചെയ്തോട്ടെ—അതായിരുന്നു ക്രിസ്തുവിൻെറ ഗൂഢമായ അത്ഥം.

ക്രിസ്തു പുറത്തേക്കു പോയി. കൂടെ ശിഷ്യന്മാരും. പോയതോ, ഗെത്ത്ശെമനയിലേക്കും.

അടുത്തൊരു തോട്ടമാണ് ഗെത്ത്ശെമന.

"ഞാൻ പോയി പ്രാത്ഥിക്കുമ്പോൾ നിങ്ങൾ ഇവിടെ ഇരിക്കുവിൻ," ക്രിസ്തു പറഞ്ഞിട്ടു നടന്നുപോയി. കൂടെ പത്രോസിനെയും കൂട്ടി; സെബെദിയുടെ പുത്രന്മാരെയും.

"എൻെറ ഹൃദയം വ്യസനത്താൽ തകരാറായി. നിങ്ങൾ ഇവിടെ ഇരിക്കുവിൻ. എന്നോടുകൂടെ ഉണന്നിരിക്കുവിൻ," മൂവരോടും പറഞ്ഞു ക്രിസ്തു. എന്നിട്ട് ഏകാന്തതയിലേക്കു പോയി പ്രാത്ഥിക്കാൻ.

പ്രാത്ഥന കഴിഞ്ഞു മടങ്ങിവന്നു.

ഉറങ്ങരുതെന്നു ചട്ടംകെട്ടിയതാണു ശിഷ്യന്മാരോട്. എങ്കിലും അവർ ഉറങ്ങുകയാണ്.

"എന്താണിതു്? നിങ്ങളിൽ ഒരുവനും ഒരു മണിക്കൂർനേരം എന്നോടുകൂടെ ഉണന്നിരുന്നുകൂടെ? ഉണന്നിരിക്കുവിൻ! നിങ്ങൾ പരീക്ഷിക്കപ്പെടരുതേ എന്നു പ്രാത്ഥിക്കുവിൻ! ആത്മാവിനു് സമ്മതംതന്നെ. പക്ഷേ, ശരീരം ദുബ്ബലമാണ്."

ക്രിസ്തു മരിക്കാൻ തയാറാവുകയാണ്. അവരുടെ വിശ്വാസം, ഭക്തി, സ്നേഹം—അതെല്ലാം പരീക്ഷിക്കപ്പെടാൻപോകുന്നു. അവർ അറിയുന്നില്ല എന്നുമാത്രം!

രണ്ടാമതും ക്രിസ്തു തനിച്ചു പ്രാത്ഥിക്കാൻ പോയി.

പ്രാത്ഥന കഴിഞ്ഞു മടങ്ങിയെത്തി.

അപ്പോഴും ഉറങ്ങുകയാണ് ശിഷ്യന്മാർ മൂന്നും.

ക്രിസ്തു മൂന്നാമതും പോയി പ്രാത്ഥിച്ചിട്ടു വന്നു.

അപ്പോഴും ഉറങ്ങുകയാണ് അവർ.

ക്രിസ്തു അവരെ വിളിച്ചുണത്തി.

"ഇപ്പോഴും ഉറങ്ങുന്നോ? ഇപ്പോഴും സുഖമെടുക്കുന്നോ? സമയം വന്നിരിക്കുന്നു. മനുഷ്യപുത്രൻ പാപികളായ മനുഷ്യക്ക് ഒററിക്കൊടുക്കപ്പെട്ടിരിക്കുന്നു. എഴുന്നേല്ക്കുവിൻ. മുമ്പോട്ടു പോകാം. ചതിയൻ നമ്മുടെ അടുത്തെത്തി!"

ശരിയായിരുന്നു. ചതിയൻ അടുത്തെത്തി. ആരാണു ചതിയൻ? യൂദാതന്നെ. അവൻ തനിച്ചല്ല. അവരുമുണ്ട്. അവരെന്നു വച്ചാൽ? പുരോഹിതന്മാരുടെ ഭടന്മാർ. അവരുടെ ഭൃത്യന്മാരും. വലിയൊരു സംഘം. വാളുകളുണ്ട്. വടികളുണ്ട്. മററ് ആയുധങ്ങളുണ്ട്, പന്തങ്ങളും. രാത്രിയല്ലേ?

ഈ രാത്രിതന്നെ ക്രിസ്തുവിനെ പിടിക്കണം. ഒരുങ്ങിവന്നിരിക്കയാണു ശത്രുക്കൾ. ക്രിസ്തുവും ശിഷ്യന്മാരും മാത്രമേ ഒന്നിച്ചുണ്ടാവൂ. ആൾക്കൂട്ടം ഉണ്ടാവുകയില്ല. ശിഷ്യന്മാർ എതിർത്താലും കൂട്ടാക്കാനില്ല. അവരെ അമർത്താൻ എളുപ്പമാണ്. പതിനൊന്നുപേരല്ലേയുള്ളു? പന്ത്രണ്ടുണ്ടായിരുന്നു. ഒരുവൻ ശത്രുപക്ഷത്തിലാണ്. അവനാണു ക്രിസ്തു എവിടെയുണ്ടെന്ന് അറിവു നല്കിയതു്. പോരെങ്കിലോ? അവനും കൂടെ വന്നിട്ടുണ്ട്.

ഒരു ചുംബനം കടന്നുകൂടുന്നു ക്രിസ്തുകഥയിൽ.

സ്നേഹത്തിൻെറ ചിഹ്നമാണു ചുംബനം. എങ്കിലും ഒരു ചുംബനമുണ്ടു ചതിയുടെ ചിഹ്നമായിട്ട്. ആ ചുംബനം വിഷം നിറഞ്ഞതാണ്. ആ ചുംബനത്തെ മനുഷ്യരെല്ലാം ഇന്നും ശപിക്കുകയാണ്. ആ ചുംബനത്തെ മനുഷ്യരെല്ലാം എന്നും ശപിക്കുകയുംചെയ്യും. ആ ചുംബനം ഏതാണ്? യൂദായുടെ ചുംബനം!

ആരാണു ക്രിസ്തുവെന്നു ഭടന്മാക്കു നിശ്ചയം കാണില്ല. അവക്കു തക്കതായ അടയാളം വേണം. അടയാളം നല്കാൻ വന്നതാണ് യൂദാ. താൻ ഒരാളെ ചെന്നു ചുംബിക്കും; ആ ആളാണ് ക്രിസ്തു—അതു് യൂദാ ഭടന്മാരോടു പറഞ്ഞിരുന്നു.

ഭടന്മാരെക്കണ്ടു് അപ്പോസ്തലന്മാർ ചകിതരായി.

അതാ, ഭടന്മാരുടെ ഇടയിൽനിന്ന് ഒരുവൻ മുമ്പോട്ടുവരുന്നു. ക്രിസ്തുവിനെ സമീപിക്കുന്നു. അവക്ക് ആളെ മനസ്സിലായി. യൂദാ!

യൂദാ ക്രിസ്തുവിനെ ചുംബിച്ചു.

ഭടന്മാക്ക് അടയാളം കിട്ടി.

അവർ ക്രിസ്തുവിനെ പിടികൂടി.

പത്രോസിനു കോപമുണ്ടായി. അയാൾ വാൾ വലിച്ചെടുത്തു. മുന്നോട്ടു കുതിച്ചു. ഒന്നു വെട്ടി. പുരോഹിതന്മാരുടെ ഭൃത്യരിൽ ഒരു

വനേററു ആ വെട്ട്. അവൻെറ വലത്തേ ചെവി അററുപോയി.

"വാൾ ഉപേക്ഷിക്കൂ. വാളെടുക്കുന്നവരെല്ലാം വാളാൽ മരിക്കും!" ക്രിസ്തു പറഞ്ഞു. എന്നിട്ട ചെവിയററ ഭൃത്യൻെറ മുഖത്ത്, ചെവിയിരുന്നിടത്ത്, ഒന്നു തൊട്ടു. തൽക്ഷണം, അററ ചെവി പഴയപോലെ മുഴുവനായി!

ക്രിസ്തു ഭടന്മാരുടെ നേക്കു തിരിഞ്ഞു.

"വാളുകളും വടികളുമായി വന്ന നിങ്ങൾ എന്നെ കവച്ച്ക്കാരനായി കരുതുന്നോ? ഈ ദിവസമെല്ലാം ഞാൻ ദൈവാലയത്തിൽ നിങ്ങളോടൊന്നിച്ച് ഉണ്ടായിരുന്നപ്പോൾ നിങ്ങൾ എന്നെ പിടിച്ചില്ല. അല്ലെങ്കിൽ എന്തിന്, ഇതു നിങ്ങളുടെ സമയമാണ്—ഇരുളിൻെറ വാഴ്ചയുള്ള സമയം!"

ക്രിസ്തു ഒരെതിർപ്പും കാണിച്ചില്ല. ആരെയും എതിക്കുന്നവനല്ല ദൈവപുത്രൻ. ആരോടും വിരോധമുള്ളവനുമല്ല. എല്ലാവരോടും സ്നേഹമേയുള്ളു. കൊല്ലുന്നവരോടും സ്നേഹം!

ക്രിസ്തു ഭടന്മാരുടെ പിടിയിലായില്ലേ? അപ്പോൾ അപ്പോസ്തലന്മാരുടെ ധൈര്യം ചോൎന്നുപോയി—ധൈര്യശാലിയായ പത്രോസിൻെറ ധൈര്യംപോലും. അവർ പതിനൊന്നുപേർ മാത്രം. ആയുധം ധരിച്ച ഭടന്മാർ അനേകവും. എന്തുചെയ്യാൻ കഴിയും? ഇനി ഇവിടെ നിന്നാലോ? അവരെയും ഭടന്മാർ പിടികൂടും. ശിഷ്യന്മാരെല്ലാം ഗുരുവിനെ ഉപേക്ഷിച്ച് ഓടിപ്പോയി. കഷ്ടം!

ചുററിനും ഭടന്മാർ, നടുവിൽ ക്രിസ്തു. അങ്ങനെ അവർ നടന്നുപോയി. പന്തങ്ങൾ വഴിയിൽ വെളിച്ചം തേച്ചുകൊണ്ടു നീങ്ങി. ആ വഴി ചെന്നെത്തിയതോ, കയ്യഫായുടെ മാളികയിലും.

ക്രിസ്തുവിൻെറ കുററവിസ്താരം ആരംഭിക്കയായി.

പുരോഹിതന്മാരിൽ പ്രധാനി മാത്രമല്ല കയ്യഫ; ന്യായാധിപന്മാരിൽ പ്രധാനിയുമാണ്. ന്യായാധിപന്മാൎക്ക് ഒരു സംഘമുണ്ട്. സൻഹെദ്രിൻ എന്നാണ് സംഘത്തിൻെറ പേരു്. സൻഹെദ്രിനാണ് കുററവിസ്താരം നടത്താറു്.

ക്രിസ്തു എന്തു കുററം ചെയ്തു? എപ്പോൾ ചെയ്തു? ആരു കണ്ടു? ആരു കേട്ടു? അതെല്ലാം തെളിയണം. തെളിയേണ്ടതു് സാക്ഷികളിൽനിന്നാണ്. തെളിഞ്ഞിട്ടേ ശിക്ഷ നല്കാൻ പാടുള്ളു.

സാക്ഷികൾ ഒന്നൊന്നായി മുമ്പോട്ടു ചെന്നു. കണ്ടതും കേട്ടതും വിവരിച്ചു. കൂട്ടത്തിൽ, കാണാത്തതും കേൾക്കാത്തതും. കള്ള സാക്ഷികൾ! കയ്യഫായുടെ കിങ്കരന്മാർ! ഏതുവിധേനയും ക്രിസ്തു

വിൻെറമേൽ കുററം ചുമത്തണം. ക്രിസ്തുവിനെ വധശിക്ഷ അനുഭവിപ്പിക്കണം. അതാണു് അവരുടെ ലക്ഷ്യം.

തെളിവുകൾ കുന്നുപോലെ കൂടിക്കൊണ്ടിരുന്നു.

"ഈ സാക്ഷികളുടെ തെളിവിനെതിരെ നിനക്കു് ഒന്നും പറയാനില്ലേ?" കയ്യഫാ ഗൗരവത്തോടെ ചോദിച്ചു.

കുററവാളിക്കു് ഉത്തരം പറയാൻ അവകാശമുണ്ടു്. നിയമം നല്കിയിട്ടുള്ളതാണു് ആ അവകാശം. എന്നിട്ടും ക്രിസ്തു മിണ്ടിയില്ല.

"ദൈവത്തിൻെറ പേരിൽ ഞാൻ ആവശ്യപ്പെടുന്നു. ഞങ്ങളോടു പറയുക, നീ മശിഹയായ ദൈവപുത്രനാണോ?" കയ്യഫാ ചോദിച്ചു.

ആ ചോദ്യത്തിനു് ഉത്തരമുണ്ടായി:

"ആ വാക്കുകൾ നിങ്ങളുടേതാകുന്നു. പക്ഷേ, ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യപുത്രൻ ദൈവത്തിൻെറ വലതുവശം ഇരിക്കുന്നതും, സ്വർഗ്ഗത്തിലെ മേഘങ്ങളിലൂടെ വരുന്നതും, ഇപ്പോൾ മുതൽ നിങ്ങൾ കാണും."

ദൈവദൂഷണം! അതെ. ഇതു ദൈവദൂഷണംതന്നെ. ഇതല്ല ദൈവദൂഷണം എങ്കിൽ, മറെറന്താണു ദൈവദൂഷണം? എല്ലാവരും കേൾക്കെ പറഞ്ഞിരിക്കുന്നുതാനും. ഇനി എന്തിനു മറ്റു തെളിവുകൾ? വേണ്ട. തീർച്ചയായും വേണ്ട! ഇതൊന്നുമാത്രംമതി. ഇതൊന്നിനു മാത്രം മരണശിക്ഷ നല്കാം.

"ഇനി വേറെ സാക്ഷികളെ വിളിക്കണോ? നിങ്ങൾ കേട്ടതാണു് ഇവൻെറ ദൈവദൂഷണം. എന്താണു നിങ്ങളുടെ അഭിപ്രായം?" കയ്യഫാ സഭാവാസികളോടു ചോദിച്ചു.

"ഇവൻ കുററംചെയ്തിരിക്കുന്നു. ഇവൻ മരിക്കണം!" സഭാവാസികൾ ഒന്നിച്ചു് അലറി, പിശാചുക്കളെപ്പോലെ. വിദ്വേഷം, ക്രോധം എന്നിവ ആ മനുഷ്യരെ പിശാചുക്കളെപ്പോലെ ആക്കിയിരുന്നു.

പുറത്തുമുണ്ടു് ഒരുക്കൂട്ടം ആളുകൾ. പുരോഹിതന്മാരുടെ അധീനതയിലുള്ളവർ. ക്രിസ്തുവിനോടു വിരോധമുള്ളവർ. ക്രിസ്തുവിനെ പിടിച്ചതിൽ സന്തോഷമുള്ളവർ. ക്രിസ്തുവിനെ കൊല്ലണമെന്നു നിർബ്ബന്ധമുള്ളവർ.

അവരുടെയിടയിൽ ഒരു നെട്ടംകായനും.

പത്രോസാണു് ആ നെട്ടംകായൻ.

ഭടന്മാർ ക്രിസ്തുവിനെ പിടിച്ചപ്പോൾ ഓടിപ്പോയതാണു്

പത്രോസ്. ജീവരക്ഷയ്ക്കുവേണ്ടി ഓടിപ്പോയി. ക്രിസ്തുവിനെ സ്നേഹമില്ലാഞ്ഞിട്ടല്ല. സ്വജീവനോടു കൂടുതൽ സ്നേഹമുണ്ട്. അത്രേയുള്ളു. ഗുരുവിനെ ശത്രുക്കൾ കൊണ്ടുപോയി. ഇനി എന്തുണ്ടാകും? ശിക്ഷിക്കുമോ? എന്തായിരിക്കും ശിക്ഷ? വധശിക്ഷയോ? പത്രോസിൻെറ ഹൃദയം കിടന്നു പിടയ്ക്കുകയാണ്. ഗുരുവിനെ വിട്ടുമാറി നില്ക്കാൻ മനസ്സുവരുന്നില്ല. അടുത്തുചെല്ലാൻ ധൈര്യവുമില്ല. ക്രിസ്തുവിൻെറ ശിഷ്യനാണ് താനെന്ന് പുറത്തായാലോ? അവർ തന്നെയും പിടികൂടും. എങ്കിലും വിവരങ്ങൾ അറിഞ്ഞേ കഴിയൂ. ആൾക്കൂട്ടത്തിൽ കയറിനില്ക്കതന്നെ. തിരിച്ചറിയുകയില്ല. രാത്രിയല്ലേ?

അങ്ങനെ നില്ക്കയാണ് പത്രോസ്.

നേരം ഇഴഞ്ഞുനീങ്ങി.

പത്രോസിനെ കണ്ടു ഒരു വാല്യക്കാരി.

"യേശുവൊന്നിച്ചു നിങ്ങളുമുണ്ടായിരുന്നു, ഇല്ലേ?" അവൾ വിളിച്ചുചോദിച്ചു, എല്ലാവരും കേൾക്കെ.

പത്രോസ് നടുങ്ങി. തന്നെ തിരിച്ചറിഞ്ഞു എന്നോ? എന്നാൽ തൻെറ കാര്യം തീരുകയില്ലേ? രക്ഷപ്പെടാൻ ഒരു വഴിയേയുള്ളു—ക്രിസ്തുവിനെ നിഷേധിച്ചു പറയുക. മഹാകഷ്ടമാണ്. മഹാപാപമാണ്. മററു വഴിയില്ല. ജീവൻ രക്ഷിക്കണ്ടേ?

"എനിക്കു മനസ്സിലാകുന്നില്ല നിൻെറ അത്ഥം!" പത്രോസ് ഒഴിഞ്ഞുമാറിക്കളഞ്ഞു. എന്നിട്ടു പതുക്കെ പുറത്തേ വാതിലിലേക്കു നീങ്ങി. അവിടെയുമുണ്ട് വലിയ ആൾക്കൂട്ടം. അവരുടെ ഇടയിൽ കയറി നില്ക്കാം. ആരും അറിയുകയില്ല.

തെല്ലുനേരം അങ്ങനെ കഴിഞ്ഞു.

"ഇവൻ യേശുവൊന്നിച്ചുണ്ടായിരുന്നു!" മറെറാരു വാല്യക്കാരി വിളിച്ചുപറഞ്ഞു.

പത്രോസ് നടുങ്ങി. വീണ്ടും അപായമോ?

"എനിക്ക് അയാളെ അറിഞ്ഞുകൂട!" പത്രോസ് രണ്ടാമതും ക്രിസ്തുവിനെ നിഷേധിച്ചു പറഞ്ഞു, ജീവരക്ഷയ്ക്കുവേണ്ടി.

തെല്ലുനേരംകൂടി കഴിഞ്ഞു. ആൾക്കൂട്ടത്തിലുള്ള ചിലർ പത്രോസിൻെറ അടുക്കലേക്കു ചെന്നു. അയാളെ സൂക്ഷിച്ചുനോക്കി. എന്നിട്ടു പറഞ്ഞു: "തീച്ചയായും നിങ്ങൾ യേശുവിൻെറ കൂട്ടത്തിലുള്ളയാൾതന്നെ!"

"എനിക്ക് അയാളെ അറിഞ്ഞേകൂടാ!" പത്രോസ് മൂന്നാമതും ക്രിസ്തുവിനെ നിഷേധിച്ചു പറഞ്ഞു.

പറഞ്ഞു നാക്കെട്ടത്തില്ല—അതാ കേൾക്കമാറാകുന്നു കോഴി യുടെ കൂവൽ!

കോഴിയുടെ കൂവൽ! അതു കേട്ട പത്രോസ് ഒന്നുകൂടി നടുങ്ങി. ഇപ്രാവശ്യം അയാളുടെ ഹൃദയം ഒന്നു പിടയ്ക്കുകയുംചെയ്തു. എന്താണു കാരണം? ക്രിസ്തു അയാളുടെ നേക്കു തിരിഞ്ഞു. അയാളുടെ മുഖത്തു് ഒന്നു നോക്കി. അത്ഥമുള്ള ഒരു നോട്ടം!

പത്രോസ് ആ വാക്കുകൾ ഓമ്മിച്ചു—ക്രിസ്തുവിൻെറ വാക്കുകൾ! ആ വാക്കുകൾ ഉച്ചരിക്കപ്പെട്ടിട്ടു് സമയം അധികം ആയിട്ടില്ല. "പത്രോസേ, ഞാൻ നിന്നോടു പറയുന്നു: ഇന്നു രാത്രി, കോഴി കൂവുംമുമ്പു് മൂന്നു തവണ നീ എന്നെ നിഷേധിച്ചു പറയും!" ആ വാക്കുകൾ ഇതാ പത്രോസിൻെറ ചെവികളിൽ കിടന്നു മുഴങ്ങുന്നു. ചെവികളിൽ മാത്രമല്ല, ആത്മാവിലും കിടന്നു മുഴങ്ങുന്നു. ക്രിസ്തു തിരിഞ്ഞൊന്നു നോക്കിയില്ലേ? ആ നോട്ടം! അതങ്ങനെ മുഖത്തു ചുഴിഞ്ഞിറങ്ങുന്നു. അതങ്ങനെ ഹൃദയത്തിൽ ചുഴിഞ്ഞിറങ്ങുന്നു. അപകടത്തെ നേരിടുകയാണു ക്രിസ്തു. ദേഹത്തിനു ക്ഷീണം വളരെ അധികം. വേദന കൂടിവരുന്നു. എന്നിട്ടും...എന്നിട്ടും...ശിഷ്യനെ ഓമ്മിക്കുന്നു. എന്തെല്ലാം അത്ഥങ്ങളുള്ള നോട്ടം!

കോഴിയുടെ കൂവൽ! പത്രോസിൻെറ കുററം ലോകത്തെ വിളിച്ചറിയിക്കുംപോലെ! പത്രോസിൻെറ മനസ്സിൽ ദുഃഖം കിടന്നു് അലതല്ലി. കൊടുങ്കാററിൽ അലയാഴിപോലെ! അയാൾ വിങ്ങി വിങ്ങിക്കരഞ്ഞുകൊണ്ടു് ഇറങ്ങി ഓടി.

കോഴിയുടെ കൂവൽ—അതു കരാളമായ ആ രാത്രിയുടെ അവസാനം കുറിച്ചു. ആ കൂവൽ മറെറാന്നിനെയും കുറിച്ചു—ഒരു ദുഖദിവസത്തിൻെറ ആരംഭം!

ദുഃഖദിവസങ്ങൾ പലതുമുണ്ടു് ലോകത്തിന്റെ ചരിത്രത്തിൽ. എങ്കിലും ഈ ദുഃഖദിവസംപോലെ ഭയങ്കരമായ മറെറാരു ദുഃഖദിവസമില്ല. ഈ ദുഃഖദിവസം ഒരു വെള്ളിയാഴ്ചയാണു്. ഈ ദുഃഖദിവസമായ വെള്ളിയാഴ്ച ഇന്നും ദുഃഖവെള്ളിയാഴ്ച എന്നു് അറിയപ്പെടുന്നു. ദുഃഖം, ദുഃഖം! മനുഷ്യജാതിക്കു് ആകെയുള്ള ദുഃഖം!

ക്രിസ്തുവിൻെറ കുററവിസ്താരം കഴിഞ്ഞു.

ക്രിസ്തുവിനു വധശിക്ഷ നല്കി.

യഹൂദരായ കുററവാളികൾക്കു് വധശിക്ഷ വിധിക്കാം. അതിനു് അധികാരമുണ്ടു് സൻഹെദ്രിനു്. പക്ഷേ, വധശിക്ഷ വിധിക്കുന്നതൊന്നു്, അനുഭവിക്കുന്നതു മറെറാന്നു്. പീലാത്തോസുണ്ടു്,

റോമാചക്രവത്തിയുടെ പ്രതിനിധി. പീലാത്തൊസ് വധശിക്ഷ ശരിവയ്ക്കണം. എന്നാലേ കുററവാളിയെ വധിക്കാനൊക്കൂ.

കയ്യഫായും കൂട്ടരും ക്രിസ്തുവിനെ പീലാത്തൊസിൻെറ അട്ടക്കലേക്ക് അയയ്ക്കുകയായി. ഭടന്മാർ ക്രിസ്തുവിനെ ചങ്ങല തളച്ചു. കൈകൾ കയറിട്ടു കെട്ടി. പീലാത്തൊസിൻെറ മാളികയിലേക്കു നടത്തി. മാത്രമല്ല, ക്രിസ്തുവിൻെറ മേൽ ആക്ഷേപം വഷിച്ചു. പോരെങ്കിൽ ക്രിസ്തുവിൻെറ കണ്ണ് തുണികൊണ്ടു കെട്ടി. എന്നിട്ട് അടിക്കുകയുംചെയ്തു. "നീ പ്രവാചകനല്ലേ? പറ, ആരാണ് അടിച്ചതെന്നു പറ!" കണ്ടില്ലേ ഭടന്മാരുടെ തമാശ? ദുഷ്ടന്മാർ!

ക്രിസ്തുവിനെ പീലാത്തൊസിൻെറ അട്ടക്കലേക്ക് അയച്ചിരിക്കുന്നു—ആ വത്തമാനം അറിഞ്ഞു പലരും. അവരുടെ കൂട്ടത്തിൽ ഒരാളും. വിഷംകലൎന്ന ചുംബനംകൊണ്ടു ഗുരുവിനെ ഒറ്റിക്കൊടുത്ത യൂദാ!

ക്രിസ്തുവിനെ അവരിനി വധിക്കുകയേയുള്ളു. അക്കായ്യം തീച്ച്പ്പെട്ടിരിക്കുന്നു. സംഭവത്തിൻെറ ഗൗരവം യൂദായ്ക്കു ബോധ്യമായി. അപ്പോൾ...അപ്പോൾ...പെട്ടെന്നു യൂദായുടെ മനസ്സുമാറി. പശ്ചാത്താപത്തിൻെറ തേൾക്കുത്തുകൾ—ആ വേദന സഹിക്കവയ്യ. തന്നെ എത്രമാത്രം വിശ്വസിച്ചിരുന്നു ക്രിസ്തു! തന്നെ എത്രമാത്രം സ്നേഹിച്ചിരുന്നു! തന്നെ എത്ര നല്ല പാഠങ്ങൾ പഠിപ്പിച്ചിരുന്നു! ഒരൊററ പ്രാവശ്യം ക്രിസ്തു തന്നോടു ദേഷ്യപ്പെട്ടിട്ടില്ല. ഒരൊററ പ്രാവശ്യം തന്നെ കുററപ്പെടുത്തിയിട്ടില്ല. എന്തൊരു കാരുണ്യം! എന്നിട്ടും താൻ ക്രിസ്തുവിനെ ഒററിക്കൊടുത്തു. ഒറ്റിക്കൊടുത്തതോ, മുപ്പതു വെള്ളിനാണയത്തിനുവേണ്ടി. ക്ഷുദ്രമായ പണം! തുച്ഛമായ തുക! അതിനുവേണ്ടി താൻ ലോകഗുരുവിൻെറ ജീവനെ പണയപ്പെടുത്തി. ആ വെള്ളിനാണയങ്ങൾ ഇതാ തൻെറ പക്കലുണ്ട്. അവ ദേഹത്തെ ചുട്ടുപൊള്ളിക്കുന്നു. ദേഹത്തെ മാത്രമല്ല, ആത്മാവിനെയും. പാപാഗ്നിയേററു ചുട്ടുപഴുത്ത വെള്ളിനാണയങ്ങൾ!

യൂദായുടെ ഹൃദയം ഇളകി മറിഞ്ഞു. നശിച്ച വെള്ളിനാണയങ്ങൾ തനിക്കിനി വേണ്ട. അവയെ തന്നവക്കു മടക്കിക്കൊടുക്കണം. പാപത്തിൻെറ ഘോരത കുറച്ചൊന്നു ലഘുപ്പെടുത്തണം. യൂദാ പുരോഹിതന്മാരുടെ അട്ടക്കലേക്കോടി.

എന്തായിരുന്നു പുരോഹിതന്മാരുടെ മനസ്ഥിതി? തങ്ങളും യൂദായും തമ്മിലൊരു കരാറുണ്ടായിരുന്നു. ആ കരാർ ഇരുകക്ഷികളും

നിറവേററിക്കഴിഞ്ഞു. യൂദായ്ക്കു പശ്ചാത്താപം ഉണ്ടായാലെന്തു്, ഇല്ലെങ്കിലെന്തു്? തങ്ങൾക്കു് ഒരു ചുക്കുമില്ല!

യൂദാ അരിശംകൊണ്ടു. അവരുടെ മുമ്പിലായി മുപ്പതു വെള്ളി നാണയവും നിലത്തു വച്ചിച്ചെറിഞ്ഞു. എന്നിട്ടു് ഇറങ്ങിയോടി. പാപം ഉള്ളിൽ കിടന്നു നീറുന്നു. ആ നീററൽ തീരാൻ വഴി ഒന്നേയുള്ളു—മരണം. അതെ, മരണം മാത്രമാണു ശരണം!

യൂദാ തൂങ്ങിമരിച്ചു!

ക്രിസ്തു പീലാത്തൊസിൻെറ മുമ്പിൽ നില്ക്കുന്നു.

കുററവാളിയുടെ കുററങ്ങളും തെററുകളും; അയാളുടെ മന്ത്രവാദവും ദൈവദൂഷണവും; അവയ്ക്കു നല്കപ്പെട്ടിരിക്കുന്ന ശിക്ഷ—എല്ലാം വിശദമായി വിവരിച്ചു പുരോഹിതന്മാർ.

പീലാത്തൊസിൻെറ വിചാരം ഇങ്ങനെപോയി: യഹൂദനാണു കുററവാളി. യഹൂദരുടെ ദൈവത്തെയാണു് അയാൾ നിന്ദിച്ചതു്. യഹൂദരുടെ രാജാവുതന്നെ നിശ്ചയിക്കട്ടെ വേണ്ടതു് എന്തെന്നു്.

ഹെരോദാ അന്തിപ്പാസിൻെറ അടുക്കലേക്കു കുററവാളിയെ അയച്ചു പീലാത്തൊസ്.

ക്രിസ്തുവിൻെറ സ്ഥിതി എന്തായിരുന്നു? അനേകം മണിക്കൂറുകളായി നില്ക്കുകയാണു്, അല്ലെങ്കിൽ നടക്കുകയാണു്. ഒന്നു് ഇരുന്നിട്ടില്ല. ക്ഷീണം കൂടിവരുന്നു. ഒരുതുള്ളിവെള്ളം കുടിച്ചിട്ടില്ല. കുടിക്കാൻ അവർ കൊടുത്തിട്ടില്ല. ദേഹത്തു ചങ്ങലകളുണ്ടു്. കൈകളിൽ കയറു കെട്ടിയിരിക്കുന്നു. പോരെങ്കിൽ, ഭടന്മാർ അടിച്ചിട്ടുമുണ്ടു്. പാദങ്ങൾ മുന്നോട്ടു നീങ്ങാൻ വിസമ്മതിക്കുന്നു. അതിനു് പട്ടാളക്കാർക്കുണ്ടോ ചേതം? അവർക്കു മനുഷ്യത്വം ഉണ്ടെങ്കിലല്ലേ? വേദന, വർദ്ധിച്ചുവരുന്ന വേദന! ആ വേദനയോടെ ക്രിസ്തു നടന്നു; അല്ലെങ്കിൽ നടത്തപ്പെട്ടു.

അന്തിപ്പാസിനു സന്തോഷമായി. അയാൾ യേശുവിനെപ്പററി ധാരാളം കേട്ടിട്ടുണ്ടു്. ആ യോഹന്നാൻ സ്നാപകനില്ലേ? അയാൾ ഉയിർത്തെഴുന്നേററതല്ലേ ക്രിസ്തു? അങ്ങനെ ചിലപ്പോഴൊക്കെ സംശയിച്ചിട്ടുമുണ്ടു്. ക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുപോലും. എന്തെല്ലാം അത്ഭുതങ്ങൾ? എങ്ങനെ പ്രവർത്തിക്കുന്നു? നേരിട്ടൊന്നു കാണണം. പണ്ടേ ആഗ്രഹിക്കുന്നതാണു്. അതിപ്പോൾ സാധിച്ചേക്കും.

അന്തിപ്പാസ് ക്രിസ്തുവിനോടു് അനേകം ചോദ്യങ്ങൾ

ചോദിച്ചു. അവയ്ക്കൊന്നും ക്രിസ്തു മറുപടി പറഞ്ഞില്ല. അതെന്തിനു്, ഒരക്ഷരം ഉരിയാടിയില്ല.

ആങ്ഹാ? എന്തു ചോദിച്ചാലും മിണ്ടുകയില്ലെന്നോ? ആട്ടെ, എന്നാലൊരു തമാശ കാണിക്കണം. അതായി അന്തിപ്പാസിൻെറ നിശ്ചയം. രാജാവാണത്രെ ഇവൻ! രാജാവിനു വിലപിടിച്ച വസ്തുങ്ങൾ വേണ്ടേ? വേണം, തീർച്ചയായും വേണം. അന്തിപ്പാസ് ഒരു മേലങ്കി വരുത്തി. ആ മേലങ്കി ക്രിസ്തുവിനെ ധരിപ്പിച്ചു. എന്നിട്ടു പീലാത്തോസിൻെറ അടുക്കലേക്കു തിരിച്ചയച്ചു. രാജാവിൻെറ വേഷത്തിൽത്തന്നെ പോകട്ടെ!

വീണ്ടും പീലാത്തോസിൻെറ മുമ്പിൽ നില്ക്കുകയായി ക്രിസ്തു.

"യഹൂദരുടെ രാജാവാണോ നീ," പീലാത്തോസ് ചോദിച്ചു.

"അതു് നിങ്ങളുടെ സ്വന്തം ആശയമോ? അതൊ, മറ്റുള്ളവർ പറഞ്ഞുതന്നതോ?" ക്രിസ്തു മറുചോദ്യം ചോദിച്ചു.

"നിൻ്റെ വർഗ്ഗക്കാരും, അവരുടെ പുരോഹിതന്മാരും നിന്നെ എൻെറ മുമ്പിൽ കൊണ്ടുവന്നിരിക്കുന്നു. എന്താണു് നീ ചെയ്ത കുററം?" പീലാത്തോസ് ചോദ്യം തുടന്നു.

"എൻ്റെ രാജ്യം ഈ ലോകത്തുള്ളതല്ല. ആയിരുന്നുവെങ്കിൽ, എൻെറ അനുഗാമികൾ എന്നെ മോചിപ്പിക്കാൻ പൊരുതുമായിരുന്നു. എൻെറ രാജാധികാരം മറെറാരിടത്തുനിന്നു വന്നതാണു്," ക്രിസ്തു മറുപടി പറഞ്ഞു.

"അപ്പോൾ നീ ഒരു രാജാവുതന്നെ, അല്ലേ?" പീലാത്തോസിൻെറ സ്വരത്തിൽ നേരിയ പരിഹാസം കടന്നുകൂടി.

"രാജാവു് എന്നതു് താങ്കളുടെ വാക്കാണു്. സത്യത്തിനു സാക്ഷി പറകയാണു് എൻെറ കത്തവ്യം. അതിനുവേണ്ടി ഞാൻ ജനിച്ചു. അതിനുവേണ്ടി ഞാൻ ഈ ലോകത്തു വന്നു. സത്യത്തിൻെറ സ്വരത്തിനു ചെവി അടയ്ക്കാത്തവരെല്ലാം എൻെറ സ്വരം കേൾക്കുന്നു," ക്രിസ്തു പറഞ്ഞു.

പീലാത്തോസ് ക്രിസ്തുവിൻെറ ഓരോ ഭാവവും സൂക്ഷിച്ചു. ഓരോ വാക്കും ശ്രദ്ധിച്ചു കേട്ടു. അയാൾക്കു് ഒന്നു ബോദ്ധ്യപ്പെട്ടു: ഈ മനുഷ്യൻ കുററമൊന്നും ചെയ്തിട്ടില്ല.

പുറത്തു കാത്തുനില്പുണ്ടു ജനക്കൂട്ടം—ക്രിസ്തുവിനെ കൊന്നേ മതിയാവൂ എന്നു ശാഠ്യമുള്ള ജനക്കൂട്ടം. അവർ ബഹളംകൂട്ടം, തീർച്ചയാണു്.

പീലാത്തോസ് ജനക്കൂട്ടത്തോടു സംസാരിച്ചു:

"എന്നെ സംബന്ധിച്ചിടത്തോളം ഇവന്നു കുററമൊന്നും കാണുന്നില്ല. പെസഹാസമയത്തു നിങ്ങൾക്കു് ഒരു പതിവുണ്ടല്ലോ. അതായതു്, ഒരു തടവുകാരനെ ഞാൻ മോചിപ്പിക്കുക എന്ന പതിവു്. ഇയാളെ, യഹൂദരുടെ രാജാവിനെ, വിട്ടുതൽചെയ്താൽ നിങ്ങൾക്കു മതിയാവുമോ?"

ആ സമയം തടവുകാരിൽ പ്രധാനികൾ രണ്ടാണു്. രണ്ടും യേശു എന്ന പേരുകാരാണു്. ഒന്നു്, യോസേഫിൻെറ മകനായ യേശു. മറേറതു്, യേശു ബറബ്ബാസ്. ഭീകരനായ ലഹളക്കാരനാണു് ബറബ്ബാസ്.

എന്തുവന്നാലും ശരി, മശിഹ ചമയുന്നവനെ വിട്ടുകൂട. അതു ജനക്കൂട്ടത്തിനു നിർബ്ബന്ധമാണു്. ക്രിസ്തുവിനെ വധിച്ചാലേ അവർക്കു തൃപ്തിയാവൂ.

"ഇവനെ ക്രൂശിക്കണം! ഞങ്ങൾക്കു ബറബ്ബാസ് മതി!" ജനക്കൂട്ടം ഒററസ്വരത്തിൽ വിളിച്ചുപറഞ്ഞു.

എന്നിട്ടും പീലാത്തോസിനു മനസ്സുവന്നില്ല. ഒന്നാമതു്, ഈ മനുഷ്യൻ കുററമൊന്നും ചെയ്തിട്ടില്ല എന്ന ബോദ്ധ്യമുണ്ടു്. രണ്ടാമതു്, ഭാര്യയുടെ ഒരു കുറിപ്പും വന്നിട്ടുണ്ടു്. ആ സ്ത്രീക്കു് ഒരു സ്വപ്നമുണ്ടായി; ഈ മനുഷ്യൻ അപരാധിയല്ലെന്നു സ്വപ്നത്തിൽനിന്നു് അറിവായി; അയാളെ ശിക്ഷിച്ചുകൂട—അതായിരുന്നു കുറിപ്പിന്റെ ഉള്ളടക്കം.

വധശിക്ഷ വേണ്ട. അടിശിക്ഷ മതി—അതായി പീലത്തോസിൻെറ നിശ്ചയം.

അടിശിക്ഷ ഏല്പിക്കാൻ പ്രത്യേകമൊരു ചാട്ടയുണ്ടു് റോമാക്കാർക്കു്. ചാട്ടയിൽ അനേകം തോൽവാറുകൾ ഘടിപ്പിച്ചിരിക്കും. ഓരോ തോൽവാറിൻെറയും അററത്തോ? ഓരോ ചെറിയ എല്ലിൻ കഷണം, അല്ലെങ്കിൽ ഇരുമ്പിൻകഷണം. ഒരടി അടിച്ചാൽമതി അനേകം അടികൾ ഒന്നിച്ചു് ഏല്ക്കുംപോലെയാണു കുറ്റവാളിയുടെ അനുഭവം. അപ്പോൾ തുടരെത്തുടരെ അടിച്ചാലോ? എന്തു വേദനയായിരിക്കും!

മുപ്പതു് അടിയാണു ക്രിസ്തുവിനു നല്കപ്പെട്ട ശിക്ഷ.

ക്രിസ്തു ദൈവപുത്രനാണു്. എങ്കിലും മനുഷ്യനായി. ജനിച്ചുപോയില്ലേ? ഭയങ്കരമാണു വേദന. എന്നിട്ടും അടിക്കരുതേ എന്നു്

അപേക്ഷിച്ചില്ല, നിലവിളിച്ചില്ല. നിശ്ശബ്ദമായി സഹിക്കതന്നെ ചെയ്തു.

പക്ഷേ, അടിശിക്ഷകൊണ്ടൊന്നും ജനങ്ങൾ തൃപ്തിപ്പെട്ടില്ല. "അവനെ ക്രൂശിക്കണം!" അവർ ബഹളംകൂട്ടുകയാണു്, രക്തദാഹമുള്ള പിശാചുക്കളെപ്പോലെ. രക്തദാഹം ശമിപ്പിച്ചേ കഴിയൂ. അല്ലാതെ അവർ അടങ്ങുകയില്ല. "അവനെ ക്രൂശിക്കണം!" നിലവിളി തുടരെ മുഴങ്ങിക്കൊണ്ടിരിക്കുന്നു.

അതും സാരമില്ലെന്നുവെയ്ക്കാം. മറ്റൊന്നുണ്ടായി. അപ്പോഴോ? പീലാത്തോസിനു നിവൃത്തിയില്ലാതായി.

"ഇവനെ വെറുതെ വിട്ടാൽ അങ്ങു് സീസർക്കു് എതിരാവും. രാജാവെന്നു് അവകാശപ്പെട്ടുന്നവൻ ചക്രവർത്തിയെ എതിർക്കയാണു്." അതാ വിളിച്ചുപറയുന്നു ചിലർ. അതാണു് അപകടം. റോമാചക്രവർത്തിയുടെ വിശ്വാസം നശിച്ചാലോ? പീലാത്തോസിൻെറ ജോലി പോവും. ജീവനും പോയേക്കും. എന്തുചെയ്തും ജോലിയും ജീവനും രക്ഷിക്കണം. തനിക്കു തകരാറുണ്ടായാലോ? ഏതു കടുംകൈയും പീലാത്തോസ് പ്രവർത്തിക്കും.

കുററവാളിയെ കൊലയ്ക്കു കൊടുക്കതന്നെ—അതായി പീലാത്തോസിൻെറ നിശ്ചയം. എങ്കിലും കൊലയ്ക്കുള്ള ചുമതല ജനങ്ങൾക്കാണു്, തനിക്കല്ല—അതൊന്നു തെളിയിക്കണം. എല്ലാവരും കാൺകെ പീലാത്തോസ് കൈ കഴുകി—തൻെറ ചുമതല കഴുകിക്കളയുന്നു എന്നു് മാലോകരെ ബോധ്യപ്പെടുത്താൻ.

"അവനെ ക്രൂശിക്കണം!" അവസാനിക്കാത്ത നിലവിളികൾ! അതെ, അവനെ ക്രൂശിക്കണം. ഭടന്മാക്കു് ഉത്സാഹംകയറി. ഒരുവനെ ക്രൂശിക്കുന്നതു രസമാണു്. വല്ലപ്പോഴുമൊക്കെയേ ആ രസം കിട്ടൂ. ഒരുവൻ കുരിശിൽ കിടന്നു പിടയ്ക്കുക; പിടച്ചുപിടച്ചു പതുക്കെ മരിക്കുക—അതു കാണാൻ എന്തു രസമായിരിക്കും! പക്ഷേ, അതിനുമുമ്പ് ഒരു തമാശയുംകൂടി വേണം. രാജാവാണത്രെ ഇവൻ! അന്തിപ്പാസ് അണിയിച്ച മേലങ്കിയുമുണ്ടു്. മേലങ്കിമാത്രം മതിയോ? പോര. കിരീടം വേണം. ഭടന്മാർ മുൾക്കിരീടം ഉണ്ടാക്കി. അതിനെ ക്രിസ്തുവിൻെറ ശിരസ്സിൽ അമർത്തിവെച്ചു. അപ്പോൾ എന്തെല്ലാമായി? മേലങ്കിയായി, കിരീടമായി. മതിയായില്ല. ഇനിയുമൊന്നു വേണം. ഒരു ചെങ്കോൽ! ചെങ്കോലില്ലാതെ രാജചിഹ്നങ്ങൾ പൂർത്തിയാവുമോ? ക്രിസ്തുവിൻ്റെ വലംകൈയിൽ ഒരു ചൂരലും വെച്ചു. അതുകൊണ്ടും ആ നീചന്മാർ തൃപ്തിപ്പെട്ടോ? ഇല്ല. ഓരോ

രുത്തരായി ക്രിസ്തുവിന്റെ മുമ്പിൽ മുട്ടുകുത്തി. "യഹൂദരാജാവു ജയിക്കട്ടെ!" എന്നു ജയാരവം മുഴക്കി. എന്നിട്ടും പോരെന്നു തോന്നി. ക്രിസ്തുവിന്റെ തലയിൽ പലപ്രാശ്യം ചൂരൽകൊണ്ടു് അടിച്ചു. മാത്രവുമല്ല, ക്രിസ്തുവിന്റെ മുഖത്തു് കാക്കിച്ചുതുപ്പി!

ഗൊൽഗോഥാ എന്നൊരു സ്ഥലമുണ്ടു്—കുററവാളികളെ കുരിശിൽ തറയ്ക്കുന്ന സ്ഥലം; ക്രിസ്തുവിനെയും കുരിശിൽ തറയ്ക്കാൻ പോകുന്ന സ്ഥലം. അവിടേക്കു് ആ യാത്രയും തുടങ്ങി—ഭടന്മാർ, ക്രിസ്തു, കാണികൾ, എല്ലാം.

പണ്ടുപണ്ടു കണ്ടുപിടിച്ചതാണു് കുരിശു്. കണ്ടുപിടിച്ചതോ, ഫിനീഷ്യക്കാർ എന്ന വർഗ്ഗക്കാരും. കുററവാളികൾ വേദന അനുഭവിക്കണം; പതുക്കെ മരിക്കയും വേണം—അതിനുവേണ്ടിയാണു കുരിശു നടപ്പിലാക്കിയതു്. ആണിയടിക്കുന്ന സമ്പ്രദായമോ, റോമാക്കാരുടെ പരിഷ്കാരവും. കുററവാളിയുടെ കൈകൾ രണ്ടും മലർത്തി നീട്ടുക; കൈത്തണ്ടയിൽ കനത്ത, നീണ്ട, ആണിയടിച്ചു് കുരിശുപലകയിൽ തറയ്ക്കുക; അതുപോലെ പാദങ്ങൾ കൂട്ടിവെച്ചും ആണിയടിച്ചു തറയ്ക്കുക—അങ്ങനെ കുററവാളി നില്ക്കും, മരിക്കുവോളം.

ആ ശിക്ഷ ക്രിസ്തു ഇതാ ഏല്ക്കാൻപോകുന്നു!

രണ്ടു കൊള്ളക്കാർക്കുകൂടി മരണശിക്ഷ വിധിച്ചിട്ടുണ്ടു്. അവരെയും കുരിശിൽ കയററാൻ പോകുന്നു, ക്രിസ്തുവിനോടൊപ്പം.

കുരിശിൽ കയറാനുള്ളവൻ അവന്റെ കുരിശു ചുമക്കണം. അതാണു പതിവു്. മൂന്നുപേരും ചുമക്കുന്നുണ്ടു് കുരിശുകൾ. ചുററിനും ഭടന്മാർ, പുരോഹിതന്മാർ, അവരുടെ ആൾക്കാർ. ആ സംഘം പതുക്കെ മുമ്പോട്ടു നീങ്ങുന്നു. ഇരുവശങ്ങളിലും നില്ക്കുന്നു കാണികൾ.

വല്ലാതെ ക്ഷീണിച്ചിരിക്കയാണു ക്രിസ്തു. നടക്കാൻ പ്രയാസം. അതെന്തിനു്, നില്ക്കാൻപോലും പ്രയാസം. ദാഹമോ, ക്രമത്തിലധികം. കുരിശിനോ വളരെ ഘനവും. ഈ നിലയ്ക്കു മുമ്പോട്ടു നീങ്ങാൻ സാദ്ധ്യമല്ല. മററാരെങ്കിലും ക്രിസ്തുവിന്റെ കുരിശു ചുമന്നേ കഴിയൂ. പുറകേ ഒരുകൂട്ടം ആളുകൾ വരുന്നുണ്ടു്. നല്ല ദേഹശക്തിയുള്ള ഒരാളുണ്ടു് കൂട്ടത്തിൽ—കുറേനക്കാരനായ ശിമോൻ എന്നൊരാൾ. അയാളെക്കൊണ്ടു ക്രിസ്തുവിന്റെ കുരിശു ചുമപ്പിച്ചു ഭടന്മാർ.

അങ്ങനെ ഗൊൽഗോഥായിൽ എത്തിച്ചേർന്നു.

ക്രിസ്തു കുരിശിൽ കയറുന്നു. അനുഗ്രഹം ചൊരിയുന്ന ആ കൈകളിൽ, പാവനമായ ആ പാദങ്ങളിൽ, തുളഞ്ഞിറങ്ങുന്നു മൂച്ച്യുള്ള, കനമുള്ള, ആണികൾ. ആ ആണികൾ കൈകളെ, പാദങ്ങളെ, കുരിശിനോടു ചേർത്തു തറയ്ക്കുന്നു.

ആ സമയം! ആണികൾ കൈകളിൽ, പാദങ്ങളിൽ, തുളഞ്ഞിറങ്ങുന്ന സമയം! ക്രിസ്തു ദൈവത്തോടു പ്രാർത്ഥിക്കുന്നു: "പിതാവേ, അവർക്കു മാപ്പുകൊടുക്കണേ! അവർ എന്താണു ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല!"

കണ്ടോ പൊറുക്കാനുള്ള കഴിവ്? മരണസമയത്തും പൊറുക്കുകയാണ്. അതോ, കൊലയ്ക്കുകൊടുത്തവരുടെ, കൊല്ലുന്നവരുടെ, ദുഷ്ടതയും! പൊറുക്കുകമാത്രമല്ലതാനും. പിതാവായ ദൈവത്തോടു യാചിക്കുകയാണ് പൊറുക്കണേ എന്ന്! അത്രയും ക്രിസ്തുവിനല്ലാതെ മററാർക്കു കഴിയും?

മൂന്നുപേരെ വഹിച്ചുനിന്നു മൂന്നു കുരിശുകൾ. ഇരുപുറത്തും ഓരോ കൊള്ളക്കാരൻ. നടുവിൽ ക്രിസ്തുവും.

അധികാരികൾക്ക് കൊള്ളക്കാരും ക്രിസ്തുവും ഒന്നുപോലെ!

ക്രിസ്തുവിൻെറ കുരിശിൽ ഒരു വാചകം എഴുതിവെച്ചിട്ടുണ്ട്—"ഇതാണ് യേശു, യഹൂദരുടെ രാജാവ്!" എന്നൊരു വാചകം!

ഭടന്മാർ ക്രിസ്തുവിൻെറ വസ്ത്രങ്ങൾ നറുക്കിട്ടെടുത്തു.

അനേകം ആളുകൾ നോക്കിനില്പുണ്ട്. ചുരുക്കംപേർ ക്രിസ്തുവിനോടു സ്നേഹമുള്ളവരാണ്, ഭക്തിയുള്ളവരാണ്. അവരുടെ കൂട്ടത്തിലുണ്ട് ചില സ്ത്രീകൾ. സ്ത്രീകളുടെയിടയിൽ അതാ കാണപ്പെടുന്നു ക്രിസ്തുവിൻെറ പെററമ്മ, മറിയ!

പെറ്റമ്മയുടെ സങ്കടം ഊഹിക്കാം. മകൻ ദൈവപുത്രനാണ്, ദിവ്യനാണ്, ലോകഗുരുവാണ്. എങ്കിലും താൻ പെററതല്ലേ? മകനിതാ ഈ നിലയിലായി. കൈകാലുകളിൽ ആണികൾ തുളഞ്ഞിറങ്ങിയിട്ടുണ്ട്. അവ കുരിശുമരത്തോടു ചേർത്തിരിക്കയാണ് മകനെ. മകൻെറ പ്രാണവേദന! ആ പ്രാണവേദന അമ്മയും ഇതാ അനുഭവിക്കുന്നു. അല്ലാതിരിക്കുമോ? ക്ഷീണവും ദാഹവും വേദനയും സഹിച്ചുകൊണ്ടു പോവുകയാണ് മകൻ—പതുക്കെപ്പതുക്കെ മരണത്തിലേക്ക്. നിറഞ്ഞ കണ്ണുകളോടെ, തുടിക്കുന്ന ഹൃദയത്തോടെ, നോക്കിനില്ക്കയാണ് ആ പെറ്റമ്മ!

ക്രിസ്തുവിൻെറ കണ്ണുകൾ, ക്രമേണ മങ്ങുന്ന കണ്ണുകൾ, അതാ

Jubilee Balabhavan & Children's Library
KOTTAYAM.

ചെന്നുപററുന്ന പെററമ്മയുടെ കണ്ണീർ നിറഞ്ഞ മുഖത്തു്. തൻെറ അവസ്ഥ കണ്ടു് അമ്മയ്ക്കു് എത്ര ദുഃഖമാണു്! താമസിയാതെ താൻ മരിച്ചുപോകും. അമ്മയ്ക്കു ശരണമില്ലാതെവരുമോ? അങ്ങനെ വന്നുകൂടാ. അതിനൊരു ഏപ്പാടുചെയ്യണം. അതിനായി ക്രിസ്തുവിൻെറ ഒരുക്കം.

പെറ്റമ്മയുടെ അടുത്തു നില്പുണ്ടു് മറ്റൊരാൾ—അപ്പോസ്തലന്മാരിൽ ഒരുവൻ; ക്രിസ്തുവിന്റെ പ്രിയപ്പെട്ട ശിഷ്യൻ; യോഹന്നാൻ.

ക്രിസ്തു ആദ്യം മറിയയോടു പറഞ്ഞു: "അമ്മേ, അതാ നില്ക്കുന്നു അമ്മയുടെ മകൻ!"

ക്രിസ്തു രണ്ടാമതു യോഹന്നാനോടു പറഞ്ഞു: "അതാ നില്ക്കുന്നു നിൻെറ അമ്മ!"

എന്തായിരുന്നു ക്രിസ്തു പറഞ്ഞതിൻെറ അത്ഥം? ഇനിമേൽ മറിയ യോഹന്നാനെ മകനായി കരുതണം. ഇനിമേൽ യോഹന്നാൻ മറിയയെ അമ്മയായി കരുതണം. യോഹന്നാൻെറ കൈകളിൽ ഏല്പിച്ചു മറിയയെ. മറിയയുടെ കൈകളിൽ ഏല്പിച്ചു യോഹന്നാനെ.

യോഹന്നാൻ മറിയയെ കൂട്ടിക്കൊണ്ടുപോയി—തൻെറകൂടെ താമസിപ്പിക്കാൻ, ശ്രദ്ധയോടെ ശുശ്രൂഷിക്കാൻ, അമ്മയായി സ്നേഹിക്കാൻ!

ക്രിസ്തുവിനെ കുരിശിൽ കയററിയതിൽ സന്തോഷമുള്ളവരാണു് അടുത്തു നില്ക്കുന്നവരിൽ അധികവും.

എത്ര ക്രൂരമായിരുന്നു അവരുടെ ആക്ഷേപം!

"നീ ദൈവപുത്രനെങ്കിൽ കുരിശിൽനിന്നിറങ്ങു്! സ്വയം രക്ഷപ്പെടുത്തു്!" ചിലർ വിളിച്ചുപറഞ്ഞു.

"ഇവൻ മററുള്ളവരെ രക്ഷിച്ചവൻ. പക്ഷേ, ഇവനു സ്വയം രക്ഷിക്കാൻ കഴിയുന്നില്ല! യഹൂദരുടെ രാജാവുപോലും! ഇവൻ കുരിശിൽനിന്നു് ഇറങ്ങട്ടെ. അപ്പോൾ നമ്മൾക്കു് അവനെ വിശ്വസിക്കാം. ഇവൻ ദൈവത്തിൽ വിശ്വസിച്ചു. ഇല്ലേ? ദൈവം ഇവനെ രക്ഷപ്പെടുത്തട്ടെ—ദൈവത്തിനു് ആവശ്യമുണ്ടെങ്കിൽ! ദൈവപുത്രനെന്നു പറഞ്ഞതാണല്ലൊ ഇവൻ!" പുരോഹിതന്മാരിൽ ചിലർ പറഞ്ഞു.

അവർ ആക്ഷേപിച്ചതോ പോകട്ടെ. അവക്കു് ആക്ഷേപിക്കാം. അവരുടെ ദേഹത്തു് ആണി തറഞ്ഞിട്ടില്ല. കൊള്ളക്കാരിൽ ഒരുവനും ആക്ഷേപിച്ചു. അവനും കുരിശിൽ കിടക്കുകയാണു്.

അവനും പ്രാണവേദനയുണ്ട്. അവനും മരിക്കാൻപോവുകയാണ്. എന്നിട്ടും അവൻ ആക്ഷേപിച്ചു: "നീയല്ലേ മശിഹ? സ്വയം രക്ഷപ്പെടുത്തു്, ഞങ്ങളേയും!"

മറിച്ചായിരുന്നു മറ്റെ കൊള്ളക്കാരൻ. നിന്ദിച്ചവനെപ്പോലെ അവനും കുരിശിൽ കിടക്കയാണ്; എങ്കിലും അവൻെറ നന്മ നശിച്ചിരുന്നില്ല. മററവൻ തെററു പറഞ്ഞില്ലേ? അതു കേട്ട് അവൻ ചോദിച്ചു: "നിനക്കു ദൈവത്തെ ഭയമില്ലെന്നോ? നിനക്കും ഈ മനുഷ്യൻെറ ശിക്ഷതന്നെ കിട്ടി. എനിക്കും നിനക്കും അതു നീതിമാത്രം. നമ്മുടെ കുററങ്ങൾക്കുള്ള ശിക്ഷ നാം അനുഭവിക്കുന്നു. പക്ഷേ, ഈ മനുഷ്യൻ ഒരു തെററും ചെയ്തിട്ടില്ല."

നന്മ ശേഷിച്ച കൊള്ളക്കാരനു് ഒന്നു ബോദ്ധ്യമായി: ക്രിസ്തു ദൈവപുത്രൻതന്നെ, മശിഹ്തന്നെ. അവൻ ക്രിസ്തുവിനോടു യാചിച്ചു: "യേശുവേ, അങ്ങു് സിംഹാസനം കയറുമ്പോൾ എന്നെ ഓർമ്മിക്കണേ!"

ആ ഭക്തി, ആ വിശ്വാസം, ക്രിസ്തുവിൻെറ ഹൃദയത്തെ സ്പർശിച്ചു. "ഞാൻ നിന്നോടു പറയുന്നു; നീ ഇന്നു് എന്നോടുകൂടി സ്വർഗ്ഗത്തിലുണ്ടാവും!" ക്രിസ്തു അരുളിച്ചെയ്തു.

വേദന വർദ്ധിക്കുന്നു. ക്ഷീണം അധികമാവുന്നു. നേരം ഇഴഞ്ഞുപോകുന്നു. ഉച്ചയും വന്നെത്തുന്നു. എന്താണിതു്? പ്രകൃതിക്കാകെ മാററമോ? പകൽവെളിച്ചം മങ്ങുന്നു. ഇരുൾ പരക്കുന്നു. പാറകൾ പിളരുന്നു. ഭൂകമ്പം ഉണ്ടാകുന്നു. ക്രിസ്തു സംസാരിക്കുന്നു:

"പിതാവേ, ഞാനിതാ അങ്ങയുടെ കൈകളിൽ എൻെറ ആത്മാവിനെ അർപ്പിക്കുന്നു!"

അങ്ങനെ അവസാനിച്ചു ദൈവപുത്രൻെറ മനുഷ്യജീവിതം!

കാവൽഭടന്മാരുടെ തലവനു് ഒന്നു ബോദ്ധ്യമായി—സാധാരണമനുഷ്യനല്ല ഈ യേശു എന്നു്. അയാൾ തന്നോടായിപ്പറഞ്ഞു: "ഇയാൾ കുററംചെയ്തവനല്ല, തീർച്ച!"

വിരോധികൾ സ്ഥലംവിട്ടു. മശിഹചമഞ്ഞവൻ മരിച്ചുകഴിഞ്ഞു. അതോടെ തമാശയും തീൎന്നു. ഇനി എന്തിനു നില്ക്കണം?

ക്രിസ്തുവിനോടു ഭക്തിയുള്ളവർ, സ്നേഹമുള്ളവർ ചിലരുണ്ടു്. മഗ്ദലയിലെ മറിയം, മററു സ്ത്രീകൾ, പുരുഷന്മാർ. അവരെല്ലാം അവിടെത്തന്നെ കരഞ്ഞുകൊണ്ടു നിന്നു.

ഭടന്മാരിൽ ഒരുവൻ ഒരു കടുംകൈ പ്രവർത്തിച്ചു. അവൻ

കുന്തമെടുത്തു് ക്രിസ്തുവിൻെറ മൃതദേഹത്തിൽ ഒന്നു കുത്തി—നെഞ്ചിൽ ഒരു വശത്തായിട്ടു്. കുത്തേററ സ്ഥലത്തുനിന്നു് അതാ പുറപ്പെടുന്നു ചോരയും വെള്ളവും!

ഭടന്മാർ അത്ഭുതപ്പെട്ടുപോയി.

യോസേഫ് എന്നൊരാളുമുണ്ടു് അവിടെ. അരിമത്ത്യ എന്ന സ്ഥലത്തുകാരനാണു് അയാൾ. സൻഹെദ്രനിലെ ഒരംഗവും. സൻഹെദ്രനിലെ അംഗങ്ങൾ പൊതുവെ ക്രിസ്തുവിനോടു പകയുള്ളവരാണു്. മറിച്ചാണു് യോസേഫ്. നല്ലവൻ. സത്യവാൻ. ക്രിസ്തുഭക്തനും.

ക്രിസ്തുവിൻെറ ശരീരം കുരിശിൽ കിടക്കുന്നു. അതു് എടുത്തു മാററണം. ശവകുടീരത്തിൽ അടക്കണം. അതായി യോസേഫിൻെറ ആഗ്രഹം. പക്ഷേ, അതിനു് അനുമതി വേണം. അനുമതി നല്കേണ്ടതു് പീലാത്തോസാണുതാനും.

യോസേഫ് പീലാത്തോസിനെ ചെന്നു കണ്ടു.

പീലാത്തോസ് അനുമതി നല്കി.

യോസേഫ് ക്രിസ്തുവിൻെറ ശരീരത്തെ കുരിശിൽനിന്നിറക്കി. അതിനെ ശുദ്ധമായ വസ്ത്രത്തിൽ പൊതിഞ്ഞു. അടുത്തു്, പാറകൾക്കിടയിൽ, ശവകുടീരം വെട്ടിയുണ്ടാക്കി. ശരീരം അതിൽ അടക്കംചെയ്തു. പാറവെച്ചു ദ്വാരവും അടച്ചു.

ക്രിസ്തുഭക്തകളായ സ്ത്രീകൾ അവിടുന്നു യാത്രയായി. സുഗന്ധദ്രവ്യങ്ങൾ കൊണ്ടുവരണം. ക്രിസ്തുവിൻെറ ശരീരത്തിൽ അപ്പിക്കണം.

പുരോഹിതന്മാരുടെയും പരീശന്മാരുടെയും പക തീൎന്നിട്ടില്ല, ക്രിസ്തു മരിച്ചിട്ടും. ക്രിസ്തു പറഞ്ഞിരുന്നില്ലേ മരിച്ചിട്ടു മൂന്നാംദിവസം ഉയിൎത്തെഴുന്നേല്ക്കുമെന്നു്? ഒരുപക്ഷേ, അങ്ങനെ സംഭവിക്കുമോ? സംഭവിച്ചാൽ കുഴപ്പമല്ലേ? അവിശ്വാസികളും വിശ്വാസികളാവില്ലേ? അതിനു് ഇടം കൊടുത്തുകൂടാ. വേണ്ട മുൻകരുതൽ എടുക്കണം. അവർ പീലാത്തോസിനെ ചില സംശയങ്ങൾ അറിയിച്ചു. ഈ കള്ളപ്രവാചകനു് അനേകം ശിഷ്യന്മാരുണ്ടു്. അവർ ശവശരീരം കടത്തിക്കളയും. എന്നിട്ട് ഉയിൎത്തെഴുന്നേററെന്നു പറഞ്ഞു പരത്തും. അതു വലിയ തകരാറാവും. ഭടന്മാരെ കാവൽനിറുത്തണം. അപ്പോൾ ശിഷ്യന്മാൎക്കു് ശരീരം കടത്തിക്കളയാൻ സാധിക്കയില്ല.

പീലാത്തോസ് കാവൽനിറുത്തി.

ഞായറാഴ്ച. നേരം പുലരുന്നതേയുള്ളു. സ്ത്രീകൾ മടങ്ങിയെത്തി. സുഗന്ധദ്രവ്യങ്ങൾ കൊണ്ടുവന്നിട്ടുണ്ടു.

പാറവെച്ചു ഗുഹാദ്വാരം അടച്ചിരുന്നതാണു്. ആ പാറ മാറ്റിയിരിക്കുന്നു!

സ്ത്രീകൾ ഉള്ളിലേക്കു കടന്നു. എന്തൊരു അത്ഭുതമാണു്! ക്രിസ്തുവിൻെറ ശരീരം കാണാനില്ല!

അവർ അമ്പരന്നുപോയി.

അതാ, രണ്ടു ദിവ്യപുരുഷന്മാർ!

"മരിച്ചവരുടെ ഇടയിൽ ജീവിച്ചിരിക്കുന്ന ആളിനെ എന്തിനു തിരയുന്നു? ഗലീലയിൽവെച്ചു് ക്രിസ്തു പറഞ്ഞതു് ഓർമ്മിക്കുവിൻ—പാപികളുടെ അധീനതയിലേക്കു നല്കപ്പെട്ടുമെന്നു്, കുരിശിൽ തറയ്ക്കപ്പെട്ടുമെന്നു്, മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുമെന്നു്!" ദിവ്യപുരുഷന്മാർ പറഞ്ഞു.

അതെ. ക്രിസ്തു പറഞ്ഞിരുന്നതാണു്. ആ വാക്കുകൾ ഇതാ ഫലിക്കുമാറായി. ക്രിസ്തു മരിച്ചു. മൂന്നാം ദിവസമായി. ഉയിർത്തെഴുന്നേല്ക്കയും ചെയ്തിരിക്കുന്നു!

ധൃതിയിൽ ഇറങ്ങിപ്പോയി സ്ത്രീകൾ. അപ്പൊസ്തലന്മാരോടു് വിവരം പറയണം. ആരെയും ആവേശംകൊള്ളിക്കുന്ന വർത്തമാനമല്ലേ?

കാവൽക്കാർ പുരോഹിതന്മാരെ ചെന്നു കണ്ടു് നടന്നതെല്ലാം അറിയിച്ചു. പുരോഹിതന്മാർക്കു പരിഭ്രമമായി. ക്രിസ്തു ഉയിർത്തെഴുന്നേറെറന്നു നാട്ടുകാരെല്ലാം അറിഞ്ഞാലോ? കുഴപ്പമല്ലേ? ഇനി ഒരു കള്ളം പറഞ്ഞുപരത്തണം. സ്ഥലത്തുണ്ടായിരുന്നവരാണല്ലൊ കാവൽക്കാർ. അവർ കള്ളംപറഞ്ഞാൽ മതി, മററുള്ളവർ വിശ്വസിക്കും. പുരോഹിതന്മാർ കാവൽക്കാർക്കു കൈക്കൂലി നല്കി. രാത്രിയിൽ കാവൽക്കാർ ഉറങ്ങുമ്പോൾ ക്രിസ്തുശിഷ്യന്മാർ ശവശരീരം കടത്തിക്കളഞ്ഞു—അത്രയും പറഞ്ഞുപരത്താനായിട്ടാണു് കൈക്കൂലി!

സ്ത്രീകൾ പറഞ്ഞു വിവരമറിഞ്ഞു അപ്പൊസ്തലന്മാർ. പത്രോസും യോഹന്നാനും ഓടിച്ചെന്നു. ഗുഹാദ്വാരത്തിൽ എത്തി. അകത്തേക്കു നോക്കി. ഇല്ല, ക്രിസ്തുവിൻെറ ദേഹമില്ല. വസ്ത്രങ്ങളോ, അവിടെയുണ്ടുതാനും. അത്ഭുതത്തോടെ മടങ്ങിപ്പോയി രണ്ടുപേരും.

മഗ്ദലയിലെ മറിയംമാത്രം അവിടെത്തന്നെ നിന്നു. അവളുടെ സങ്കടം അതിരുകടന്നിരുന്നു. അവളുടെ സകലതും ക്രിസ്തുവാണു്.

ആ ക്രിസ്തുവിനെ ദുഷ്ടന്മാർ കുരിശിൽ തറച്ചു. ഇപ്പോഴിതാ ദേഹം പോലും കാണാനില്ല. അവൾ ഏങ്ങിയേങ്ങി കരഞ്ഞു.

"നീ എന്തിനു കരയുന്നു? നീ ആരെ അന്വേഷിക്കുന്നു?" രണ്ടു ചോദ്യങ്ങൾ!

അവിടെ നില്പുണ്ടു് ഒരു പുരുഷൻ.

തോട്ടക്കാരനായിരിക്കും—അതായിരുന്നു മഗ്ദലയിലെ മറിയയുടെ വിചാരം.

വാസ്തവത്തിൽ തോട്ടക്കാരനല്ല. പിന്നെയോ? സാക്ഷാൽ ക്രിസ്തു! മറിയ ആ സമയം അറിഞ്ഞില്ലെന്നുമാത്രം.

"നിങ്ങളാണോ അദ്ദേഹത്തിന്റെ ശരീരം എടുത്തു മാററിയതു്? എന്നാൽ അതെവിടെ വെച്ചിരിക്കുന്നു? പറയൂ. ഞാൻ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം," മറിയ പറഞ്ഞു.

"മറിയേ!" ക്രിസ്തു വിളിച്ചു.

അപ്പോൾ അവൾക്കു് ആളെ അറിവായി. തോട്ടക്കാരനല്ല. ക്രിസ്തു.

"എന്റെ ഗുരോ!" അവൾ അകംനൊന്തു വിളിച്ചു.

"എന്നെ പിടിച്ചു നില്ക്കണ്ട. ഞാൻ പിതാവിന്റെ അടുക്കലേക്കു് ഉയന്നെത്തിയിട്ടില്ല. എന്റെ സഹോദരന്മാരുടെ അടുക്കലേക്കു ചെന്നു പറയൂ: ഞാൻ ഉയന്നെത്താൻപോവുകയാണു്, എന്റെയും നിന്റെയും പിതാവിന്റെ അടുക്കലേക്കു്, എന്റെയും നിന്റെയും ദൈവത്തിന്റെ അടുക്കലേക്കു്!"

മറിയ ഓടിപ്പോയി, അപ്പൊസ്തലന്മാരോടു വിവരം പറയാൻ.

അന്നേദിവസം മറെറാരു സംഭവമുണ്ടായി.

യെരുശലേമിൽനിന്നു് ഏഴുനാഴിക ദൂരെ എമ്മവുസ്സ് എന്നൊരു ഗ്രാമമുണ്ടു്. അങ്ങോട്ടു പോവുകയാണു് രണ്ടു ക്രിസ്തുഭക്തന്മാർ—ക്ലെയോപ്പാവും മറെറാരുവനും. സംസാരിച്ചുകൊണ്ടു നടക്കുകയാണു് അവർ. അന്നത്തെ സംഭവങ്ങളെപ്പററിയാണു് സംസാരം.

ഒരാൾ അവരുടെ അടുക്കൽ എത്തുന്നു; അവരോടൊന്നിച്ചു് നടന്നുതുടങ്ങുന്നു. ആരാണു് ആ ആൾ? അവക്കു മനസ്സിലായില്ല. സത്യത്തിനും കണ്ണിനും ഇടയ്ക്കു മറപിടിച്ചപോലെ.

"എന്താണു നിങ്ങൾ നടന്നുകൊണ്ടു സംസാരിക്കുന്നതു്?" വന്നയാൾ ചോദിച്ചു.

"ഇക്കഴിഞ്ഞ ദിവസങ്ങളിൽ നടന്നതൊന്നും അറിയാത്ത ഒരേ ഒരാളാണല്ലോ നിങ്ങൾ." ഒരുവൻ വന്നയാളോട്ട പറഞ്ഞു.

"എന്താണു നിങ്ങളുടെ സൂചന?" വന്നയാൾ ചോദിച്ചു.

"നസറെത്തിലെ യേശുവിനെപ്പററിത്തന്നെ. സംഭാഷണത്തിൽ, പ്രവൃത്തിയിൽ, ശക്തനായ പ്രവാചകൻ. ഞങ്ങളുടെ പുരോഹിതന്മാരും ഭരണാധിപന്മാരും അദ്ദേഹത്തിനു വധശിക്ഷ നല്കി. അദ്ദേഹത്തെ കുരിശിൽ കയററുകയും ചെയ്തു. യിസ്രായേലിനെ മോചിപ്പിക്കുന്ന ആളാണ് അദ്ദേഹം എന്ന് ആശിച്ചിരുന്നു ഞങ്ങൾ. അതിനെക്കാൾ പ്രധാനമായ ഒന്നുണ്ട്. ഇന്നു മൂന്നാം ദിവസമാണ്. ഞങ്ങളുടെ കൂട്ടത്തിലുള്ള ചില സ്ത്രീകൾ ഞങ്ങളെ അമ്പരപ്പിച്ചിരിക്കുന്നു. രാവിലെ അവർ ശവകുടീരത്തിലെത്തി. പക്ഷേ, അദ്ദേഹത്തിൻെറ ശരീരം കാണാനില്ല. ആ സ്ത്രീകൾ ഒരു കഥയുമായി വന്നു—അവർ ദിവ്യന്മാരെ കണ്ടെന്നും, അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്ന് ആ ദിവ്യന്മാർ പറഞ്ഞെന്നും. ഞങ്ങളിൽ ചിലർ ശവകുടീരത്തിൽ ചെന്നു നോക്കി. സ്ത്രീകൾ പറഞ്ഞപോലെ തന്നെ. അവർ അദ്ദേഹത്തെ കണ്ടില്ല."

"നിങ്ങൾ എത്ര ബുദ്ധിയില്ലാത്തവർ! പ്രവാചകന്മാരുടെ അരുളപ്പാടുകൾ വിശ്വസിക്കാൻ എത്ര ബുദ്ധിമുട്ട നിങ്ങൾക്ക്! മശിഹ മാഹാത്മ്യത്തിൽ പ്രവേശിക്കുംമുമ്പ് ഈ ദുരിതം അനുഭവിക്കേണ്ടതല്ലേ?"

പ്രവാചകന്മാരുടെ പ്രസ്താവനകളെല്ലാം വന്നയാൾ വിസ്തരിച്ചു. പ്രത്യേകിച്ച്, മശിഹയെക്കുറിച്ചുള്ള വിവരങ്ങളും.

നടന്നുകൊണ്ടു സംസാരിക്കയാണ്, സംസാരിച്ചുകൊണ്ടു നടക്കയാണ്, മൂന്നുപേരും. അങ്ങനെ എമ്മവൂസ്സിൽ എത്തിച്ചേർന്നു. ക്രിസ്തുഭക്തന്മാർ രണ്ടും അവിടെ തങ്ങുകയായി. വന്നയാൾ പോകാനും ഭാവിച്ചു.

"പകൽ മിക്കവാറും കഴിഞ്ഞിരിക്കുന്നു. രാത്രിയാകാറായി. ഞങ്ങളോടുകൂടി താമസിക്കു." ക്രിസ്തുഭക്തന്മാർ ക്ഷണിച്ചു.

ക്ഷണം സ്വീകരിച്ചു, വന്നയാൾ.

മൂന്നുപേരും ഒന്നിച്ച് അത്താഴത്തിനിരുന്നു. വന്നയാൾ അപ്പമെടുത്തു. ദൈവത്തെ വാഴ്ത്തി. അപ്പം മുറിച്ചു. ഇരുവർക്കുമായി നീട്ടി. ആ സമയം...അതേ, ആ സമയംമാത്രം...അവരുടെ കൺമുമ്പിൽനിന്നു മറ നീങ്ങി. വന്നയാൾ മറ്റാരുമല്ല, ദൈവപുത്രനായ ക്രിസ്തുതന്നെ!

അവരൊന്നു ഞെട്ടി.

ഒരു നിമിഷം—ക്രിസ്തു മറഞ്ഞിരിക്കുന്നു!

ഇരുവരും ധൃതിയിൽ യെരുശലേമിലേക്കു മടങ്ങി—ക്രിസ്തു പ്രത്യക്ഷനായ വിവരം അപ്പൊസ്തലന്മാരെ അറിയിക്കാൻ.

അപ്പൊസ്തലന്മാരുടെ സ്ഥിതി കഷ്ടമാണ് ഇപ്പോൾ. നേതാവായിരുന്നു, ഗുരുവായിരുന്നു, രക്ഷിതാവായിരുന്നു, ക്രിസ്തു. അവക്കിപ്പോൾ നേതാവില്ല, ഗുരുവില്ല, രക്ഷിതാവില്ല. എവിടെപ്പോകണം, എന്തുചെയ്യണം, എങ്ങനെ ജീവിക്കണം, എന്നറിഞ്ഞുകൂടാ. അവരെ കൂട്ടിയിണക്കിയതു് ക്രിസ്തുവായിരുന്നു—മുത്തുകളെ മാലയാക്കുന്ന പൊൻനൂലുപോലെ. ക്രിസ്തു പോയപ്പോൾ അപ്പൊസ്തലന്മാരോ? പൊൻനൂലററ മുത്തുകളെപ്പോലെയും.

ക്ലെയോപ്പാവും കൂട്ടുകാരനും അപ്പൊസ്തലന്മാരെ അറിയിച്ചു തങ്ങളുടെ അനുഭവം. അവക്കും കിട്ടി പുതിയൊരു വൎത്തമാനം: പത്രോസിനു പ്രത്യക്ഷനായിരുന്നു ക്രിസ്തു.

സംഭാഷണത്തിൽ മുഴുകിയിരിക്കയാണ് എല്ലാവരും—ക്രിസ്തുവിനെപ്പററിയുള്ള സംഭാഷണം. പെട്ടെന്നു് എല്ലാവരും നിശ്ശബ്ദരാവുന്നു. അതാ, മുറിക്കുള്ളിൽ ഒരു രൂപം! എല്ലാവരുടെയും കണ്ണുകൾ ആ രൂപത്തിൽ ചെന്നുകൂടുന്നു, ആ രൂപത്തിൽ പററിനില്ക്കുന്നു. എല്ലാവരും ഭയപ്പെടുന്നു, എല്ലാവരും പതറുന്നു. ഭൂതമോ? അതെ, ഭൂതം!

വാസ്തവമോ? ഭൂതമല്ല. ക്രിസ്തു!

"നിങ്ങൾ എന്തിനിത്ര പരിഭ്രമിക്കുന്നു? നിങ്ങളുടെ മനസ്സിൽ സംശയങ്ങൾ എന്തിനു പൊന്തുന്നു? എൻെറ കൈകളിൽ, കാലുകളിൽ, നോക്കുവിൻ. ഇതു ഞാൻതന്നെ. തൊട്ടുനോക്കുവിൻ. എനിക്കുണ്ടെന്നു നിങ്ങൾക്കു കാണാവുന്ന മാംസവും എല്ലും ഒരു ഭൂതത്തിനുമില്ല." ക്രിസ്തു പറഞ്ഞു.

എന്നിട്ടും തീൎന്നില്ല അവരുടെ സംശയം. മരിച്ചയാൾ ജീവിച്ചുവരികയോ? എങ്ങനെ വിശ്വസിക്കും?

"നിങ്ങളുടെ പക്കൽ തിന്നാൻ വല്ലതുമുണ്ടോ?" ക്രിസ്തു ചോദിച്ചു.

അവർ ആഹാരം നല്കി.

ക്രിസ്തു ഭക്ഷിച്ചു.

ക്രമേണ, സംശയം വിശ്വാസത്തിനു വഴിമാറി. ഇതു ക്രിസ്തു

തന്നെ. പ്രിയപ്പെട്ട ഗുരുനാഥൻ. മരണത്തെ ജയിച്ച മശിഹ. ഉയിത്തെഴന്നേററ ദൈവപുത്രൻ!

ക്രിസ്തു കുറേനേരം സംസാരിച്ചു. എന്നിട്ട മറഞ്ഞു.

ആ സമയം തോമാസ് മാത്രം അവിടെയില്ലായിരുന്നു.

തോമാസ് മടങ്ങിവന്നില്ലേ? അപ്പോൾ മററ് അപ്പോസ്തല ന്മാർ അറിയിച്ചു ആ വിവരം—ക്രിസ്തു ദശ്നം അരുളിയ വിവരം.

തോമാസിനു വിശ്വാസമായില്ല. മററുള്ളവർ പറഞ്ഞത് എങ്ങനെ വിശ്വസിക്കും? നേരിട്ട് അനുഭവം ഉണ്ടാകണം. എന്നാലേ വിശ്വസിക്കാനൊക്കു!

"കൈകളിൽ ആണിയുടെ പാടുകൾ കാണാത്തിടത്തോളം, അവയിൽ എന്റെ വിരലുകൾ വച്ച് അമത്തിനോക്കാത്തിടത്തോളം, നെഞ്ചിലെ മുറിവിൽ കൈയിട്ട നോക്കാത്തിടത്തോളം ഞാൻ വിശ്വസിക്കയില്ല!" തോമാസ് തീത്തുപറഞ്ഞു.

ഒരാഴ്ച കഴിഞ്ഞു. അതേ മുറിതന്നെ. അപ്പൊസ്തലന്മാർ എല്ലാവരുമുണ്ട്. കൂട്ടത്തിൽ സംശയാലുവായ തോമാസും. മുറി അകത്തു നിന്നു താഴിട്ടിരിക്കുന്നു. അതാണു പതിവ്. ക്രിസ്തുവിന്റെ വിരോധികൾ തങ്ങളേയും പിടികൂടിയേക്കും. ആ ഭയമുണ്ട് എല്ലാവക്കും.

അതാ, മുറിക്കകത്തു നില്ക്കുന്നു ക്രിസ്തു!

ക്രിസ്തു തോമാസിനോട്ട സംസാരിച്ചു:

"വിരലുകൾ ഇങ്ങോട്ട നീട്ടു. എന്റെ കൈകൾ തൊട്ടുനോക്കു. കൈ നീട്ടി എൻെറ നെഞ്ചിലെ മുറിവിൽ ഇട്ടുനോക്കു. ഇനിയും അവിശ്വസിക്കാതിരിക്കു. മറിച്ച് വിശ്വസിക്കു!"

തോമാസിൻെറ സംശയം, അവിശ്വാസം—അവ തൽക്ഷണം തീന്നു.

"എൻെറ പ്രഭോ! എൻെറ ദൈവമേ!" അയാൾ വികാരത്തിൻെറ തള്ളിച്ചയോടെ വിളിച്ചു.

"നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. ഒരിക്കലും കാണാതിരുന്നിട്ടും വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ!" ക്രിസ്തു അരുളിച്ചെയ്തു.

ഈ തോമാസിനോട്ട വളരെ അടുപ്പമുണ്ട് നമുക്ക്—അതായതു കേരളീയക്ക്. കുറെക്കാലം കഴിഞ്ഞു തോമാസ് വന്നെത്തി നമ്മുടെ കേരളത്തിൽ. വന്നതോ, ക്രിസ്തുവിൻെറ സന്ദേശം പരത്താനും.

മററൊരിക്കലും ക്രിസ്തു നല്കുകയുണ്ടായി അപ്പൊസ്തലന്മാക്കു ദശ്നം.

ഏഴുപേരുണ്ടു് ഒന്നിച്ചു്. കൂട്ടത്തിൽ പത്രോസും തോമാസും. മീൻ പിടിക്കാൻ ഇറങ്ങിയിരിക്കയാണു് തിബിരിയാസ് കടലിൽ.

രാത്രി മുഴുവൻ പരിശ്രമിച്ചു. ഒരൊററ മീൻ കിട്ടിയില്ല.

നേരം പുലരുകയാണു്. ഒരാൾ കരയിൽനിന്നു വിളിച്ചു പറയുന്നു: വലതുവശത്തു വല വീശിയാൽ മീൻ കിട്ടും എന്നു്.

ആ ആൾ ക്രിസ്തു ആയിരുന്നു. അതറിഞ്ഞില്ല അപ്പൊസ്തലന്മാർ. എങ്കിലും വലതുവശത്തു വല വീശി. എത്ര അധികമാണു വലയിൽ കുടുങ്ങിയ മീൻ! വല കരയ്ക്കുകയററാൻപോലും വിഷമം. അത്ര ഘനം!

യോഹന്നാനു ബോധമുണ്ടായി, കരയ്ക്കു നില്ക്കുന്നയാൾ ക്രിസ്തുവാണെന്നു്. അയാൾ പത്രോസിനോടു പറഞ്ഞു. പത്രോസ് വെള്ളത്തിൽ എടുത്തുചാടി, കരയിൽ നീന്തിക്കയറി. മററുള്ളവർ വള്ളം കരയ്ക്കടുപ്പിച്ചു.

എല്ലാരും ഒന്നിച്ചു പ്രാതൽ കഴിച്ചു—ക്രിസ്തുവും ശിഷ്യന്മാരും.

"പത്രോസേ, നീ എല്ലാരെയുംകാൾ എന്നെ സ്നേഹിക്കുന്നുണ്ടോ?" ക്രിസ്തു ചോദിച്ചു.

"പ്രഭോ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു എന്നു് അങ്ങേക്കു് അറിയാമല്ലൊ!" പത്രോസ് ഉത്തരം പറഞ്ഞു.

"എന്നാൽ നീ എൻെറ കുഞ്ഞാടുകളെ തീററു," ക്രിസ്തു ആവശ്യപ്പെട്ടു.

ആടുകൾ എന്നു പറഞ്ഞില്ലേ? തന്നിൽ വിശ്വസിക്കുന്ന മനുഷ്യർ—അതാണു ക്രിസ്തുവിന്റെ അത്ഥം. ഇടയൻ ആടുകളെ രക്ഷിക്കുന്നില്ലേ? അതുപോലെ മനുഷ്യരെ രക്ഷിക്കുകയാണു ക്രിസ്തു.

"പത്രോസേ, നീ എന്നെ സ്നേഹിക്കുന്നുണ്ടോ?" ക്രിസ്തു ചോദിച്ചു, രണ്ടാംപ്രാവശ്യം.

"പ്രഭോ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്നു് അങ്ങേക്കു് അറിയാമല്ലൊ!" പത്രോസ് ഉത്തരം പറഞ്ഞു, രണ്ടാംപ്രാവശ്യം.

"എന്നാൽ എൻെറ ആടുകളെ പാലിക്കു," ക്രിസ്തു ആവശ്യപ്പെട്ടു.

"പത്രോസേ, നീ എന്നെ സ്നേഹിക്കുന്നുണ്ടോ?" ക്രിസ്തു ചോദിച്ചു, മൂന്നാംപ്രാവശ്യം.

This is a good story

പത്രോസിനു ഖേദമുണ്ടായി. ആ ചോദ്യം ഇങ്ങനെ ആവത്തിച്ചിട്ട് എന്തു കാര്യം?

"പ്രഭോ, അങ്ങേക്കു സകലതും അറിവുള്ളതല്ലേ? ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്ന് അങ്ങേക്ക് അറിയാമല്ലൊ!" പത്രോസ് ഉത്തരം പറഞ്ഞു, മൂന്നാം പ്രാവശ്യം.

"എന്നാൽ നീ എൻെറ ആട്ടുകളെ തീററൂ!" ക്രിസ്തു പറഞ്ഞു നിറുത്തി.

രണ്ടു കാര്യ്യങ്ങളാണു ചോദ്യങ്ങളിൽ മുന്തിനിന്നതു്. ഒന്നു്, ക്രിസ്തുവിനു വിശ്വാസികളിലുള്ള താല്പര്യം. രണ്ടു്, അവരെ പത്രോസ് നയിക്കണം എന്ന ആഗ്രഹം.

ദൈവപുത്രൻ ദൈവത്തിൻെറ സന്നിധിയിൽ മടങ്ങിയെത്തി—ഭൂമിയിലെ മനുഷ്യജീവിതം അവസാനിപ്പിച്ചശേഷം.

ആ മനുഷ്യജീവിതമോ? മുപ്പത്തിമൂന്നു വഷങ്ങളോളംമാത്രം. ആദ്യത്തെ മുപ്പതു വഷങ്ങളോളമോ, സാധാരണ മനുഷ്യരെപ്പോലെ. ഒടുക്കത്തെ മൂന്നു വഷങ്ങളോളമോ, മനുഷ്യവഗ്ഗത്തിൻെറ ഗുരുവായിട്ടും. മൂന്നു വഷങ്ങളോളം—എത്ര ചെറിയ കാലഘട്ടം! അതിനുള്ളിൽ എന്തെല്ലാം വലിയ കാര്യ്യങ്ങൾ! രോഗികളെ സുഖപ്പെടുത്തി. അവശന്മാരുടെ അവശതകൾ അറുതിവരുത്തി. ആത്തന്മാരുടെ ആത്തികൾ തീത്തു. ദുഃഖിതന്മാരുടെ കണ്ണുനീർ തുടച്ചു. നന്മയുടെ വഴി തുറന്നിട്ടു. പ്രാത്ഥനയുടെ സൽഫലം വെളിവാക്കി. പശ്ചാത്താപത്തിന്റെ മൂല്യം മനസ്സിലാക്കി. പരോപകാരത്തിന്റെ മേന്മ എടുത്തുകാട്ടി. വിലപ്പെട്ട ഗുണപാഠങ്ങൾ പഠിപ്പിച്ചു. പാപികൾക്കുള്ള ശിക്ഷ സ്വയം ഏറെറടുത്തു. പാപത്തെ ജീവരക്തം കൊണ്ടു കഴുകിത്തുടച്ചു. കുരിശിൽ മരിച്ചു. എന്നിട്ടു മരണത്തെ ജയിച്ചു. മൂന്നാംദിവസം ഉയിത്തെഴുന്നേററു. മനുഷ്യരെ ഇരുകൈയും ഉയത്തി അനുഗ്രഹിച്ചു. ഇതെന്തു കാരുണ്യം! ഇതെന്തു മാഹാത്മ്യം!

ഇരുകൈയും ഉയത്തി അനുഗ്രഹിച്ചുനില്ക്കുന്ന ആ രൂപം! രണ്ടായിരം കൊല്ലം മുമ്പു് ആ രൂപം തെളിഞ്ഞുനിന്നു. ഇന്നും ആ രൂപം തെളിഞ്ഞുനില്ക്കുന്നു. എന്നും തെളിഞ്ഞുനില്ക്കയുംചെയ്യും.

ലോകത്തിൻെറ പുണ്യമാണു് ക്രിസ്തുവിൻെറ അനുഗ്രഹം!

★

ഗുഡ് കൊള്ളാം

This a is a bad story